# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് 4:8)**

**Printed, Published and Edited by
Fr. Thankachan alias Joseph Paruvummel, Published from
Bishop's House
Manathavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Manathavady
Printed at St. Joseph's Offset Press, Manathavady 670645**

വാല്യം 13 മെയ് 2022 ലക്കം 5

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


വിശ്വാസവും വിശുദ്ധീകരണവും ........................................ 5

രൂപതാകച്ചേരി വാർത്തകൾ.................................................. 13

മതബോധനരംഗം ..................................................................... 15

ചെറുപുഷ്പ മിഷൻലീഗ്........................................................ 24

Department of Youth Ministry ......................................... 29

കെ.സി.വൈ.എം.......................................................................... 33

കുടുംബപ്രേഷിതത്വം.............................................................. 40

സീയോൻ വാർത്തകൾ .......................................................... 54

സാമൂഹ്യ സേവനരംഗം (WSSS)......................................... 56

സെന്റ് ജോസഫ് മിഷൻ ഹോസ്പിറ്റൽ ............................ 64

ബയോവിൻ അഗ്രോ റിസർച്ച്................................................ 66

റേഡിയോ മാറ്റൊലി ................................................................ 69

നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി.............................. 71

Mary Matha Arts & Science College.............................. 75

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി .................................. 78

ബിഷപ്സ് പ്രോഗ്രാം .............................................................. 81

## പൗരോഹിത്യ ആദ്ധ്യാത്മികത: വചനവിചിന്തനങ്ങൾ
# വിശ്വാസവും വിശുദ്ധീകരണവും

**മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ**

## (തിരുവചനഭാഗം: റോമാ 3, 1-31)

എല്ലാ മനുഷ്യരും വിശ്വാസത്തിലൂടെയാണ് വിശുദ്ധീകരിക്കപ്പെടുന്നതെന്ന് പൗലോസ്ശ്ലീഹാ സമർത്ഥിക്കുന്നതാണ് ഈ വചനഭാഗത്തിന്റെ ഉള്ളടക്കം. ഈ വചനഭാഗം താഴെക്കാണും വിധം വിഭജിക്കാം.

1. ദൈവം നീതിമാനും വിശ്വസ്തനും (3,1-8)
2. ദൈവതിരുമുമ്പിൽ എല്ലാവരും പാപികൾ (3, 9-18)
3. പാപബോധവും വിശുദ്ധീകരണവും (3,19-20)
4. എല്ലാവരെയും വിശുദ്ധീകരിക്കുന്ന ദൈവം (3, 21-26)
5. വിശുദ്ധീകരണം വിശ്വാസത്തിലൂടെ (3, 28-31)

വിശ്വാസികളുടെ സമൂഹമായ സഭാംഗങ്ങൾക്കും അവർക്കു വിശ്വാസപരിശീലനം നൽകുന്ന അജപാലകർക്കും ഈ വചനഭാഗം നൽകുന്ന സന്ദേശമെന്തെന്നു മനസ്സിലാക്കാം.

### 1. ദൈവം നീതിമാനും വിശ്വസ്തനും

''അങ്ങനെയെങ്കിൽ, യഹൂദനു കൂടുതലായി എന്തു മേന്മയാണുള്ളത്? പരിച്ഛേദനംകൊണ്ട് എന്തു പ്രയോജനമാണുള്ളത്? പല വിധത്തിലും വളരെ പ്രയോജനമുണ്ട്. ഒന്നാമത്, ദൈവത്തിന്റെ അരുളപ്പാടുകൾ ഭരമേല്പിച്ചത് യഹൂദരെയാണ്. അവരിൽ ചിലർ അവിശ്വസിച്ചെങ്കിലെന്ത്? അവരുടെ അവിശ്വസ്തത ദൈവത്തിന്റെ വിശ്വസ്തത ഇല്ലാതാക്കുമോ?'' (3,1-3).

നിയമം കൈവശമുള്ള യഹൂദർ വിജാതീയരുമായി യാതൊരു വ്യത്യാസവുമില്ലാത്തവരാണ്, പാപത്തെയും ദൈവനീതിയെയും സംബന്ധിച്ചിടത്തോളം, എന്നാണ് പൗലോസ്ശ്ലീഹാ റോമാ 2, 25-29-ൽ പറഞ്ഞുവച്ചത്. അപ്പോൾ യഹൂദരുടെ നിയമങ്ങൾക്കെല്ലാം എന്താണു പ്രസക്തി എന്ന ചോദ്യം സ്വാഭാവികമായി ഉണ്ടാകും. ഇതുതന്നെയാണ് ഈ ഭാഗത്തെ ചർച്ചാവിഷയവും. സംവാദത്തിൽ പൗലോസിന്റെ പങ്കാളികളായ യഹൂദർ ചോദ്യങ്ങൾ ഉന്നയിക്കുകയും

പൗലോസ് മറുപടി പറയുകയും ചെയ്യുന്ന തരത്തിലാണ് ഈ ഭാഗം രചിച്ചിരിക്കുന്നത്. പൗലോസിന്റെ വിമർശകരും രംഗത്തുണ്ട്. അദ്ദേഹത്തിന്റെ സുവിശേഷം നിയമരഹിതരായ വിജാതീയരെ തൃപ്തിപ്പെടുത്തുന്ന ഒന്നായി അവർ കാണുന്നു (ഗലാ 1,10). അങ്ങനെയെങ്കിൽ ഈശോയുടെ കുരിശുമരണത്തിന്റെ വിലയെന്താണ്? ഈശോയെയും ദൈവത്തെത്തന്നെയും പാപത്തിന്റെ ദാസരായി തരംതാഴ്ത്തുകയല്ലേ? (ഗലാ 2,17). യഹൂദപാരമ്പര്യങ്ങളെ പൗലോസ് തിരസ്കരിച്ചതുകൊണ്ട് അദ്ദേഹം ഇസ്രായേലിന്റെ തെരഞ്ഞെടുപ്പിനെയും വിലകുറച്ചു കാണുന്നു എന്ന ആരോപണം ഉന്നയിക്കപ്പെടും.

പക്ഷേ, പൗലോസ്ശ്ലീഹാ അപ്രകാരം ഒരിക്കലും പറയുന്നില്ല. നിയമവും പരിച്ഛേദനവുംകൊണ്ട് പല പ്രയോജനങ്ങളുണ്ട് എന്നു തന്നെയാണ് അദ്ദേഹം പഠിപ്പിച്ചിരുന്നത്. ഇസ്രായേലിനെ സ്വന്തജനമായി ദൈവം തെരഞ്ഞെടുത്തു. അവർക്കു ദൈവവചനം നൽകി. ദൈവവചനത്തിൽനിന്നും ദൈവേഷ്ടം (നിയമങ്ങൾ) അറിയാനും പരിച്ഛേദനത്തിലൂടെ ദൈവവുമായുള്ള ബന്ധം ഉറപ്പിക്കാനും അവർക്കു കഴിയും (3,3-4). ഇതൊക്കെയുണ്ടായിട്ടും കുറെ ഇസ്രായേൽക്കാർ അവ അനുസരിക്കാതെ അവിശ്വസ്തത കാണിച്ചതുകൊണ്ട് എന്താണു സംഭവിക്കുക എന്നാണ് പൗലോസ് പറയുന്നത്. യഹൂദർ തിന്മചെയ്തിട്ടും ദൈവം കരുണ കാണിച്ചെങ്കിൽ അതിന്റെ അർത്ഥം എന്താണ്? ദൈവം ശിക്ഷ വിധിക്കുമ്പോൾ അത് അനീതിയാണെന്നു പറയാമോ? ഒരിക്കലും പാടില്ല. വിലയില്ലാത്ത കൃപാവർഷമല്ല ദൈവത്തിന്റെ നീതി. ദൈവം നീതിമാനും സത്യസന്ധനുമായതുകൊണ്ടാണ് അവിടുന്നു പാപികളെ രക്ഷിക്കുന്നത് (സങ്കീ 98,2-3). ഓരോരുത്തരും ദൈവനിയമങ്ങളെ അംഗീകരിക്കുകയും, അവ അനുഷ്ഠിക്കുകയും പാപങ്ങളെപ്രതി പശ്ചാത്തപിക്കുകയും ചെയ്യണം. ഈശോമിശിഹായിലൂടെ വെളിപ്പെട്ടത് ദൈവം നീതിമാനും വിശ്വസ്തനുമാണെന്നാണ്. അതുകൊണ്ട് മിശിഹായിൽ വിശ്വസിച്ചുകൊണ്ട് ദൈവത്തിന്റെ നീതിയും വിശ്വസ്തതയും അംഗീകരിക്കണം. മിശിഹായിലുള്ള വിശ്വാസത്തിന്റെ അനുസരണമാണ് വിശ്വാസീസമൂഹത്തിന്റെ മുഖമുദ്ര. അതിനുപകരി

ക്കുന്നവിധം വിശ്വാസപരിശീലനം നല്കുവാൻ അജപാലകർ ശ്രദ്ധിക്കണം.

**2. ദൈവതിരുമുമ്പിൽ എല്ലാവരും പാപികൾ**

''അപ്പോഴെന്ത്? യഹൂദരായ നമുക്ക് വല്ല മേന്മയുമുണ്ടോ? ഇല്ല, അശേഷമില്ല. യഹൂദരും ഗ്രീക്കുകാരും പാപത്തിന് അധീനരാണെന്നു നമ്മൾ മുമ്പേ കുറ്റപ്പെടുത്തിയല്ലോ. ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു: നീതിമാനായി ആരുമില്ല; ഒരുവൻപോലുമില്ല; കാര്യം ഗ്രഹിക്കുന്നവനില്ല; ദൈവത്തെ അന്വേഷിക്കുന്നവനുമില്ല. എല്ലാവരും വഴിതെറ്റിപ്പോയി. എല്ലാവർക്കും ഒന്നടങ്കം തെറ്റുപറ്റിയിരിക്കുന്നു; നൻമ ചെയ്യുന്നവനില്ല, ഒരുവനുമില്ല'' (3, 9-12).

നേരത്തെ പറഞ്ഞതിനു തുടർച്ചയായി യഹൂദരുടെയും വിജാതീയരുടെയും മേലുള്ള കുറ്റാരോപണം പൗലോസ്ശ്ലീഹാ തുടരുകയാണ്. ദൈവത്തിന്റെ മുമ്പിൽ പാപരഹിതരായി ആരുമില്ല എന്നു സമർത്ഥിക്കുകയാണ് അദ്ദേഹത്തിന്റെ ലക്ഷ്യം. നിയമം വഴിയാണ് പാപത്തെക്കുറിച്ചു ചിന്തയുാകുന്നത്. അതല്ലാതെ നിയമം ആരെയും നീതീകരിക്കുകയില്ല, ഇതാണ് പൗലോസിന്റെ ബോദ്ധ്യം. സങ്കീർത്തനങ്ങളും ഏശയ്യാപ്രവാചകനുമാണ് അദ്ദേഹം ഏറ്റവുമധികം ഉപയോഗിക്കുന്നത്. 'ആരുമില്ല' എന്ന പ്രയോഗം 10-12 വാക്യങ്ങളിൽ അഞ്ചു പ്രാവശ്യവും 18-ാം വാക്യത്തിൽ ഒരു പ്രാവശ്യവും കാണുന്നു. വിശുദ്ധ ഗ്രന്ഥത്തിലെ ഈ ആരോപണം യഹൂദർക്കും ബാധകമാണ്. കാരണം, ദൈവം ലോകംമുഴുവനെയും വിധിക്കുന്നവനാണ്. യഹൂദരും വിജാതീയരും പാപത്തിനു വിധേയരാണ്. നിയമത്തിനു ആരെയും രക്ഷിക്കാൻ കഴിവില്ലല്ലോ. യഹൂദരും വിജാതീയരും ഒരേപോലെ ദൈവത്തിന്റെ വിധിക്കു അർഹരാണെന്നും രക്ഷ നേടണമെങ്കിൽ അവിടുത്തെ കൃപയിൽ ആശ്രയിക്കാതെ മറ്റു മാർഗമില്ലെന്നും പൗലോസ് സമർത്ഥിക്കുകയാണ്.

ദൈവത്തിന്റെ അനുശാസനങ്ങൾ നൽകപ്പെട്ടിരിക്കുന്നത് അവയ്ക്കു കീഴിലുള്ളവർക്കാണ്. പ്രധാനമായും യഹൂദർക്ക് (2,17-24). വിജാതീയർക്കും നിയമങ്ങൾ നല്കപ്പെട്ടിട്ടുണ്ട് (1,20-21,32; 2,14-15,26) യഹൂദസങ്കല്പമനുസരിച്ച് നിയമംകൊണ്ട് ഉദ്ദേശിക്കുന്നത് തോറാ (പഞ്ചഗ്രന്ഥം) ആണ്. അതിന്റെ വ്യാഖ്യാനമാണ് വിശുദ്ധ ഗ്രന്ഥത്തിലെ ഇതരപുസ്തകങ്ങളെല്ലാം. നിയമം വിശുദ്ധഗ്രന്ഥത്തി

ലൂടെ സംലബ്ധമാണ്. അതുകൊണ്ട് നിയമം ലംഘിക്കുമ്പോൾ ഇരുകൂട്ടരും ദൈവവചനംതന്നെയാണ് ലംഘിക്കുന്നത്. അങ്ങനെ നിയമം നിയമലംഘകനെ കുറ്റം വിധിക്കുന്നു. പാപത്തെക്കുറിച്ചുള്ള അറിവു പകരുന്നത് നിയമമാണല്ലോ. അപ്പോൾ നീതീകരണത്തി നുള്ള ഒരേയൊരു മാർഗം വിശ്വാസം തന്നെ. പാപിയെ കുറ്റപ്പെടു ത്താൻ നിയമത്തിനു കഴിയുമെങ്കിലും, നിയമദാതാവിനുമാത്രമേ പാപിയെ വിശുദ്ധീകരിക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് വിശ്വാസികളുടെ സമൂഹമായ സഭാംഗങ്ങൾ നിരന്തരം ദൈവത്തിൽ നിന്നു നിരന്തരം വിശുദ്ധീകരണം പ്രതീക്ഷിച്ചുകൊണ്ടു ജീവിക്കു വാൻ അജപാലകർ അവരെ ഓർമ്മിപ്പിക്കണം.

### 3. പാപബോധവും വിശുദ്ധീകരണവും

''നിയമത്തിന്റെ അനുശാസനങ്ങളെല്ലാം നിയമത്തിനു കീഴു ള്ളവരോടാണു പറയപ്പെട്ടിരിക്കുന്നതെന്നു നമുക്കറിയാം. എല്ലാ അധരങ്ങളെയും നിശബ്ദമാക്കുന്നതിനും ലോകം മുഴുവൻ ദൈവ ത്തിന്റെ മുമ്പിൽ കണക്കു ബോധിപ്പിക്കുന്നതിനും വേണ്ടിയാണ് ഇത്. നിയമം അനുഷ്ഠിക്കുന്നതുകൊണ്ട്, ഒരുവനും അവിടുത്തെ സന്നിധിയിൽ നീതീകരിക്കപ്പെടുകയില്ല. നിയമംവഴി പാപത്തെക്കു റിച്ച് ബോധമുണ്ടാകുന്നുവെന്നേയുള്ളൂ'' (3,19-20).

ദൈവത്തിന്റെ അനുശാസനങ്ങൾ നല്കപ്പെട്ടിരിക്കുന്നത് അവയ്ക്കു കീഴിലുള്ളവർക്കാണ്. ഇത് പ്രധാനമായും യഹൂദർ ക്കാണ്. വിജാതീയർക്കും പ്രകൃതിനിയമങ്ങൾ നല്കപ്പെട്ടിട്ടു ണ്ടെങ്കിലും, നിയമാനുഷ്ഠാനം കൊണ്ടുമാത്രം ആരും രക്ഷപ്പെടുക യില്ല. രക്ഷപെടാനുള്ള മാർഗം മാനസാന്തരവും വിശ്വാസവുമാണ്. ഈശോയുടെ സുവിശേഷപ്രഘോഷണത്തിന് തുടക്കം കുറിച്ചത് മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിക്കുവാൻ ആഹ്വാനം ചെയ്തുകൊണ്ടാണല്ലോ (മർക്കോ 1,14-15). മാനസാന്തരംപോലും അന്തിമ നീതീകരണത്തിന് അപര്യാപ്തമാണ്. കാരണം പാപ ത്തിന്റെ മനുഷ്യകുലത്തിൻമേലുള്ള സ്വാധീനം അത്ര ശക്തമാണ്. അതുകൊണ്ട് പാപബോധവും പശ്ചാത്താപവും നാം നിരന്തരമായി പുലർത്തേ ഒരു മനോഭാവവും നിലപാടുമാണ്.

ഈ പാപബോധത്തിൽ നിന്നുമുളവാകുന്ന പശ്ചാത്താപവും മാനസാന്തരവുമാണ് വിശുദ്ധീകരണത്തിന് നിർണ്ണായകമായി

ത്തീരുന്നത്. ലൂക്കായുടെ സുവിശേഷത്തിൽ പ്രാർത്ഥനയെക്കുറിച്ചുള്ള ഈശോയുടെ പ്രബോധനം ഇത് വ്യക്തമാക്കുന്നുണ്ട്. താൻ ചെയ്ത സത്കൃത്യങ്ങളുടെ ദീർഘമായ ഒരു ലിസ്റ്റ് അവതരിപ്പിച്ചു കൊണ്ട് ദൈവാലയത്തിൽ പ്രാർത്ഥിച്ച ഫരിസേയനേക്കാൾ നീതീകരിക്കപ്പെട്ടവനായി വീട്ടിലേയ്ക്ക് മടങ്ങിയത് 'ദൈവമേ പാപിയായ എന്നിൽ കനിയണമേ' എന്ന് മാറത്തടിച്ചുകൊണ്ട് പ്രാർത്ഥിച്ച ചുങ്കക്കാരനാണ് (ലൂക്കാ 18, 9-14). മാനസാന്തരം ദൈവത്തിന്റെ കരുണയുള്ള സ്നേഹത്തിലേയ്ക്കുള്ള നിർണ്ണായകമായ തിരിവാണ്. അപ്രകാരം ദൈവസ്നേഹത്തിലുള്ള വിശ്വാസമാണ് നമ്മെ വിശുദ്ധീകരിക്കുന്നത്. ''ഇവളുടെ നിരവധിയായ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ ഇവൾ അധികമായി സ്നേഹിച്ചു'' (ലൂക്കാ 7, 47) എന്ന ഈശോയുടെ വാക്കുകൾ ഇതിനെ സ്ഥിരീകരിക്കുന്നതാണ്.

**4. എല്ലാവരെയും വിശുദ്ധീകരിക്കുന്ന ദൈവം**

''നിയമവും പ്രവാചകന്മാരും സാക്ഷ്യപ്പെടുത്തിയിട്ടുള്ള ദൈവനീതി നിയമത്തിലൂടെയല്ലാതെ ഇപ്പോൾ വെളിപ്പെട്ടിരിക്കുന്നു. ഈ ദൈവനീതി, വിശ്വസിക്കുന്ന എല്ലാവർക്കും, ആരെന്നുള്ള വ്യത്യാസംകൂടാതെ ഈശോമിശിഹായിലുള്ള വിശ്വാസംവഴി ലഭിക്കുന്നതാണ്. എല്ലാവരും പാപംചെയ്തു ദൈവമഹത്ത്വത്തിന് അയോഗ്യരായി. അവർ അവിടുത്തെ കൃപയാൽ ഈശോമിശിഹാവഴിയുള്ള വീണ്ടെടുപ്പിലൂടെ സൗജന്യമായി നീതീകരിക്കപ്പെടുന്നു'' (3, 21-24).

എല്ലാ മനുഷ്യരും ദൈവനീതിയ്ക്ക് വിധേയരാണെന്നു പറഞ്ഞ പൗലോസ്ശ്ലീഹാ, ആ നീതി മനുഷ്യനു കരഗതമാകുന്നത് വിശ്വാസത്തിലൂടെയാണെന്ന് ഈ ലേഖനഭാഗത്ത് പറഞ്ഞുവയ്ക്കുന്നു. സുവിശേഷത്തിൽ വിശ്വസിച്ചുകൊണ്ട് ജീവിക്കുന്ന സകലർക്കും ദൈവത്തിന്റെ നീതി കരഗതമാകും എന്ന അടിസ്ഥാന പ്രമേയമാണ് പൗലോസ്ശ്ലീഹാ വികസിപ്പിക്കുന്നത്. ഈശോമിശിഹായുടെ കുരിശുമരണത്തിലൂടെ വെളിപ്പെടുത്തപ്പെട്ടിരിക്കുന്ന ദൈവനീതി സകലർക്കും കരഗതമാകും. ദൈവം നീതിമാനാണെന്ന് നിയമവും പ്രവാചകന്മാരും വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ അവിടുത്തെ നീതി ഇപ്പോൾ വെളിപ്പെടുത്തപ്പെട്ടിരിക്കുന്നത് മനുഷ്യന്റെ

നിയമാനുസരണംവഴിയല്ല. ദൈവം ഇപ്പോൾ വെളിപ്പെടുത്തുന്ന ഈ നീതി വിശുദ്ധഗ്രന്ഥത്തിൽ അധിഷ്ഠിതമായതുതന്നെയാണ്. 'നിയമവും പ്രവാചകന്മാരും' എന്നതുകൊണ്ട് വിശുദ്ധഗ്രന്ഥത്തെയാണല്ലോ (പഴയനിയമം) അർത്ഥമാക്കുന്നത്. അതായത്, ഇതൊരു പുതിയ ആശയമല്ല എന്നാണ് പൗലോസ്ശ്ലീഹാ പറയുന്നത്.

അദ്ദേഹം ഉദ്ദേശിക്കുന്ന പഴയനിയമ സൂചനകൾ പുറ 34,5-7; ഏശ 11,4-5; 43,25; 45,68; ജറെ 23,5-6 എന്നിവയും, അബ്രാഹത്തോടുള്ള വാഗ്ദാനം രേഖപ്പെടുത്തുന്ന ഉല്പ 15,6 ഉം ആയിരിക്കണം. ദൈവത്തിന്റെ ഈ നീതി ഈശോമിശിഹായിൽ വിശ്വസിക്കുന്ന സകലർക്കും ലഭിക്കും. അവർ ആരെന്നു മുഖംനോട്ടമില്ല. നിയമാനുഷ്ഠാനംവഴി അതു ലഭിക്കുകയുമില്ല. നീതി മനുഷ്യർക്കു സംലബ്ധമാക്കുവാനുള്ള ദൈവത്തിന്റെ ഉപാധിയാണു വിശ്വാസം. ഈ ഉപാധി സ്വീകരിക്കുന്നവനാണ് നീതീകരണം ലഭിക്കുക. ''വിശ്വാസത്തിൽനിന്നു വിശ്വാസത്തിലേക്ക്'' എന്നു പൗലോസ്ശ്ലീഹാ 1,17 ൽ പറഞ്ഞത് ഈ വിശ്വാസത്തെ ഉദ്ദേശിച്ചാണ്. രക്ഷയിലേക്കു നയിക്കുന്ന ദൈവത്തിന്റെ ശക്തിയാണ് സുവിശേഷം. ആ ശക്തി വിശ്വാസംവഴി മനുഷ്യർക്ക് അനുഭവപ്പെടും. അതുകൊണ്ട് വിശ്വാസത്തിന്റെ പ്രാധാന്യം മനസ്സിലാക്കി അതു നഷ്ടപ്പെടാതെ കാത്തുസൂക്ഷിക്കുവാനും, അതു വളരുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാനും വിശ്വാസ പരിശീലകരായ അജപാലകർ ജനങ്ങളെ ബോധവൽക്കരിക്കണം.

### 5. വിശുദ്ധീകരണം വിശ്വാസത്തിലൂടെ

''എന്തെന്നാൽ, നിയമാനുഷ്ഠാനം കൂടാതെതന്നെ വിശ്വാസത്താൽ മനുഷ്യൻ നീതീകരിക്കപ്പെടുന്നു എന്നു നാം അനുമാനിക്കുന്നു. ദൈവം യഹൂദരുടേതു മാത്രമാണോ? വിജാതീയരുടേതുമല്ലേ? അതേ, അവിടുന്ന് വിജാതീയരുടെയും ദൈവമാണ്. എന്തെന്നാൽ, ദൈവം ഏകനാണ്. അവിടുന്നു പരിച്ഛേദിതരെയും അപരിച്ഛേദിതരെയും അവരവരുടെ വിശ്വാസത്താൽ നീതീകരിക്കും'' (3,28-30).

നിയമത്തിന്റെ പേരിൽ അഹങ്കരിക്കുന്ന യഹൂദർക്കുള്ള മറുപടിയാണ് ഈ ഭാഗത്ത് പൗലോസ്ശ്ലീഹാ നല്കുന്നത്. ഒരുപക്ഷേ, നിയമാനുഷ്ഠാനംകൂടാതെ രക്ഷ നേടാം എന്നുള്ള ശ്ലീഹായുടെ പ്രസംഗത്തെ വിമർശിച്ചവരെയും അദ്ദേഹം മുമ്പിൽ കാണുന്നുണ്ടാകും. വിശ്വസിക്കുന്നവർക്ക് ഒരു നിയമമേയുള്ളൂ. അതു മിശിഹാതന്നെ

യാണ് (ഗലാ 2,21; 1 കൊറി 9,19-23). അവിടുന്നാണ് നിയമത്തിന്റെ അന്ത്യവും ലക്ഷ്യവും. നിയമാനുഷ്ഠാനം, വിശ്വാസം എന്നീ രണ്ടു വിഷയങ്ങൾവഴി നീതീകരണത്തെ മനസ്സിലാക്കാം. ''വിശ്വാസം വഴി നീതീകരണത്തിനും' വിശുദ്ധഗ്രന്ഥ സാക്ഷ്യമുണ്ട്. നിയമാവർത്തനം 6,4 ൽ ഏറ്റുപറയുന്ന ഏകദൈവം ഇസ്രായേൽക്കാരുടെ മാത്രം ദൈവമല്ലല്ലോ. എല്ലാവരെയും രക്ഷിക്കാൻ ആഗ്രഹിക്കുന്ന ദൈവം നീതിപൂർവ്വം പ്രവർത്തിക്കണമെങ്കിൽ നിയമമില്ലാത്തവർക്കുവേണ്ടി എപ്രകാരമായിരിക്കും പ്രവർത്തിക്കുക? ഇവിടെയാണു വിശ്വാസത്തിന്റെ പ്രസക്തി.

ദൈവം ഒരുവനേയുള്ളൂ എന്നത് ഇസ്രായേലിന്റെ വിശ്വാസപ്രമാണമാണ് (നിയ 6,4). ആ ദൈവത്തിന് ഇസ്രായേൽക്കാരും വിജാതീയരും ജനംതന്നെയാണ്. കാരണം അവിടുന്നാണ് ഇരുകൂട്ടരുടെയും സ്രഷ്ടാവ്. ഇസ്രായേൽക്കാരെ അവർക്കു നല്കിയിരിക്കുന്ന നിയമവും അവരുടെ വിശ്വാസവും അനുസരിച്ചും (പരിച്ഛേദനം), വിജാതീയരെ അവരുടെ നിയമമനുസരിച്ചും (അപരിച്ഛേദനം) ദൈവം വിധിക്കും. ഈ അദ്ധ്യായത്തിന്റെ സമാപനവാക്യം പൗലോസ്ശ്ലീഹായുടെ അർത്ഥഗർഭമായ ഒരു ചോദ്യമാണ്. അദ്ദേഹത്തിന്റെ പ്രേഷിതപ്രസംഗത്തിൽ അസംതൃപ്തരായിരുന്നവരോടാണ് ഈ ചോദ്യം. ഇത്രയും പറഞ്ഞതിൽനിന്ന് താൻ നിയമത്തെ അസാധുവാക്കുകയാണെന്ന് അർത്ഥമില്ലല്ലോ എന്നാണ് അദ്ദേഹം ചോദിക്കുന്നത്. നിയമം ദൈവദത്തമാണ്. മിശിഹാ നിയമം പൂർത്തിയാക്കുന്നവനുമാണ്. അങ്ങനെ അവിടുന്നുവഴി സകലരും വിശ്വാസത്താൽ വിശുദ്ധീകരിക്കപ്പെടുകയും രക്ഷിക്കപ്പെടുകയും ചെയ്യുന്നു. വിശ്വാസജീവിതവും വിശുദ്ധീകരണവും തമ്മിലുള്ള ബന്ധത്തെപ്പറ്റി അജപാലകർ വിശ്വാസികളെ ബോധവൽക്കരിക്കണം.

**ജീവിതസൂചിക**

1. വിശ്വാസത്തിന്റെ അനുസരണത്തെക്കുറിച്ച് എന്റെ സമൂഹത്തെ ഞാൻ എപ്രകാരമാണ് ബോധവൽക്കരിക്കുന്നത്?

2. സ്വന്തം വിശുദ്ധീകരണമാണ് കൂദാശാജീവിതത്തിന്റെ ലക്ഷ്യമെന്ന് ജനങ്ങളെ നിരന്തരം ഓർമ്മിപ്പിക്കുവാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?

3. കുമ്പസാരമെന്ന കൂദാശയിലൂടെ ദൈവത്തിന്റെ ക്ഷമിക്കുന്ന സ്നേഹം അനുഭവിക്കാനും, ക്ഷമിക്കുന്ന സ്നേഹം പരസ്പരം നല്കാനും ഞാൻ ജനങ്ങളെ പരിശീലിപ്പിക്കുന്നുണ്ടോ?

4. വിശ്വാസവും വിശുദ്ധീകരണവും തമ്മിലുള്ള ബന്ധം ജനങ്ങൾക്ക് കാണിച്ചുകൊടുക്കുവാൻ ഞാൻ എപ്രകാരം പരിശ്രമിക്കുന്നു?

5. വിശ്വാസത്തിലൂടെയാണ് വിശുദ്ധീകരണവും രക്ഷയും ലഭിക്കുന്നത് എന്ന ബോദ്ധ്യത്തിൽ വളരുവാനും മറ്റുള്ളവരെ വളർത്തുവാനും ഞാൻ ശ്രമിക്കുന്നുണ്ടോ?

# രൂപതാകച്ചേരി വാർത്തകൾ

**സ്നേഹസ്മരണ**

ബഹു. ജോസഫ് തൊണ്ടിപറമ്പിലച്ചന്റെ ചരമവാർഷികം മെയ് 20 നും ബഹു. ജോസഫ് മേമന അച്ചന്റെ ചരമവാർഷികം മെയ് 27 നും ബഹു. ഫ്രാൻസിസ് ഞള്ളമ്പുഴ CMI അച്ചന്റെ ചരമ വാർഷികം മെയ് 29 നും ബഹു. മാത്യു കൊല്ലിത്താനത്ത് അച്ചന്റെ ചരമവാർഷികം ജൂൺ 3 നുമാണ്. ഈ വൈദികരെ നമ്മുടെ വി. ബലികളിലും പ്രാർത്ഥനകളിലും പ്രത്യേകം അനുസ്മരിക്കാം.

**സുവർണ്ണ ജൂബിലി ഉദ്ഘാടനം (2022 മെയ് 01)**

2022 മെയ് 01 നു ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് 2.00 ന് വിശുദ്ധ കുർബാനയോടെ രൂപതാ സുവർണ്ണ ജൂബിലി ഉദ്ഘാടനം ചെയ്യപ്പെടുന്നു. രൂപതയുടെ പ്രഥമ മെത്രാൻ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ അർപ്പിക്കപ്പെടുന്ന വിശുദ്ധ ബലിയിൽ തലശേരി അതിരൂപതയുടെ ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവും, നമ്മുടെ രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം പിതാവും, രൂപതയിലെ എല്ലാ വൈദികരും സഹകാർമ്മികരായിരിക്കും. രൂപതയിലെ സമർപ്പിത സമൂഹങ്ങളുടെ എല്ലാ സുപ്പീരിയേഴ്സും ഓരോ ഇടവകയിൽ നിന്നും ക്ഷണിക്കപ്പെട്ടിരിക്കുന്നവരും വിശുദ്ധ ബലിയിലും പൊതുസമ്മേളനത്തിലും സന്നിഹിതരായിരിക്കും.

സുവർണ്ണ ജൂബിലി രൂപതാതല ഉദ്ഘാടനത്തിനുശേഷം മെയ് 08 നു ഞായറാഴ്ച്ച ദേവാലയങ്ങളിൽ തിരി തെളിച്ചുകൊണ്ട് ഇടവകാതല ഉദ്ഘാടനവും, മെയ് 9ന് എല്ലാ ഭവനങ്ങളിലും തിരി തെളിച്ചുകൊണ്ട് കുടുംബതല ഉദ്ഘാടനവും നടത്തേണ്ടതാണ്. ഈ ജൂബിലി വർഷം ഏവർക്കും ദൈവാനുഗ്രഹത്തിന്റെയും സന്തോഷത്തിന്റെയും അവസരമായിട്ട് മാറട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**ബഹു. വൈദികരുടെ സ്ഥലം മാറ്റം**

നമ്മുടെ രൂപതയിലെ ബഹു. വൈദികരുടെ സ്ഥലംമാറ്റം ഈ വർഷം മെയ് 14 ശനിയാഴ്ചയാണ്. മെയ് 15ന് ഞായറാഴ്ച പുതിയ സ്ഥലങ്ങളിൽ ഉത്തരവാദിത്വം ഏറ്റെടുക്കണം. വികാരി

മാറ്റ റിപ്പോർട്ട് ഫോറം സ്ഥലം മാറ്റമുള്ള എല്ലാ വൈദികർക്കും ലഭിക്കുന്നതാണ്.(ആർക്കെങ്കിലും ഏതെങ്കിലും കാരണത്താൽ കിട്ടാതെ പോയാൽ രൂപതാ കേന്ദ്രത്തിൽ ലഭ്യമാണ്). അടിയന്തിര ശ്രദ്ധ ആവശ്യമുള്ള കാര്യങ്ങൾ പുതുതായി ഉത്തരവാദിത്വം ഏറ്റെടുക്കുന്ന വൈദികന് മനസ്സിലാക്കാനും കൂടുതൽ കാര്യക്ഷമമായി അജപാലന ശുശ്രൂഷ നിർവ്വഹിക്കുന്നതിനും ഈ സ്ഥലം മാറ്റ റിപ്പോർട്ട് സഹായകരമാകണം. അതിന് സ്ഥലം മാറി പോകുന്ന വികാരി അൽപം ത്യാഗപൂർവ്വം സമയം കണ്ടെത്തി അജപാലനരംഗം സ്വന്തം അനുഭവത്തിന്റെ വെളിച്ചത്തിൽ വിലയിരുത്തി സ്ഥലം മാറ്റ റിപ്പോർട്ട് തയ്യാറാക്കണം. പുതുതായി വരുന്ന വികാരിയും നടത്തുകൈക്കാരനും ഈ റിപ്പോർട്ടിൽ ഒപ്പുവച്ച് ഒരു കോപ്പി ഇടവക ഫയലിൽ സൂക്ഷിക്കുകയും ഒരു കോപ്പി രൂപതാ കേന്ദ്രത്തിലേയ്ക്ക് അയച്ചു തരികയും ചെയ്യുമല്ലോ. പള്ളിയുടെ / സ്ഥാപനത്തിന്റെ പ്രധാന രേഖകൾ, ബാങ്കിടപാടുകൾ എന്നിവ കാലോചിതമായി പുതുക്കി സ്ഥലം മാറിവരുന്ന വൈദികനെ ഏൽപ്പിക്കേണ്ടതാണ്.

ദൈവമഹത്വത്തിനും ദൈവജനത്തിന്റെ നന്മയ്ക്കുമായി വിവിധ ശുശ്രൂഷാമേഖലകളിൽ പ്രവർത്തിച്ചശേഷം സ്ഥലം മാറുന്ന എല്ലാ ബഹു. വൈദികർക്കും പുതിയ സ്ഥലങ്ങളിൽ ധാരാളം ദൈവാനുഗ്രഹവും വിജയങ്ങളും ആശംസിക്കുന്നു. മാറിപോകുന്ന സ്ഥലങ്ങളിൽ അനുഷ്ഠിച്ചുകൊണ്ടിരുന്ന സേവനങ്ങളെ നന്ദിയോടെ ഓർക്കുന്നു. പുതിയ ചൈതന്യത്തോടും വർദ്ധിച്ച തീക്ഷ്ണതയോടും കൂടെ പുതിയ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാൻ നല്ല ഇടയനായ ഈശോ അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

**മോൺ. പോൾ മുണ്ടോളിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# മതബോധനരംഗം

മാനന്തവാടി രൂപതയുടെ മതബോധന ഡയറക്ടറായി ചുമതല യേൽക്കുന്ന ബഹു. തോമസ് കച്ചിറയിലച്ചന് ഹൃദയപൂർവം സ്വാഗത മാശംസിക്കുന്നു. കാലഘട്ടത്തിന്റെ വെല്ലുവിളികളെ അതിജീവിച്ചു കൊണ്ട് വിശ്വാസപരിശീലനപ്രവർത്തനങ്ങളെ നയിക്കുവാനുള്ള അനുഗ്രഹങ്ങൾ ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. പൗരോഹിത്യ സ്വീകരണത്തിന്റെ രജത ജൂബിലി ആഘോഷിക്കുന്ന അച്ചന് ജൂബിലി യുടെ മംഗളങ്ങളും ഹൃദയപൂർവ്വം നേരുന്നു. പാലക്കാട് രൂപതയുടെ കത്തീഡ്രൽ പള്ളിയിൽ അസിസ്റ്റന്റ് വികാരിയായി പൗരോഹിത്യ ശുശ്രൂഷയാരംഭിച്ച അച്ചൻ ആറാട്ടുതറ, കരിമ്പിൽ, അരിഞ്ചേർമല, നിലമ്പൂർ, വാഴവറ്റ എന്നിവിടങ്ങളിൽ സേവനം ചെയ്തിട്ട്. റോമിലെ സ്കലബ്രിനി ഇന്റർനാഷണൽ മൈഗ്രേഷൻ ഇൻസ്റ്റിട്യൂട്ടിൽ നിന്ന് അജപാലന ദൈവശാസ്ത്രത്തിൽ ഉപരിപഠനം നടത്തിയിട്ടുണ്ട്. അച്ചന്റെ അറിവും അനുഭവസമ്പത്തും പ്രേഷിതചൈതന്യവും രൂപ തയുടെ വിശ്വാസപരിശീലനപ്രവർത്തനങ്ങൾക്ക് മിഴിവേകട്ടെയെന്ന് ആശംസിക്കുന്നു.

**വിശ്വാസപരിശീലന വർഷാരംഭം**

മതബോധനപ്രവർത്തനങ്ങളുടെ അധ്യായനവർഷത്തെ വിശ്വാ സപരിശീലനവർഷം എന്നായിരിക്കും സീറോമലബാർ സഭയിൽ അറിയപ്പെടുന്നത്. 2022-2023 വിശ്വാസപരിശീലനവർഷത്തെ ക്ലാസ്സു കൾ മെയ് 29 ന് ആരംഭിക്കുന്നതാണ്. അന്നുതന്നെ പാഠപുസ്തക വിതരണവും ഇടവകയിൽ നടത്തേണ്ടതാണ്. അതിനുമുമ്പായി പാഠ പുസ്തകങ്ങൾ, ഉപപാഠപുസ്തകം മുതലായവ രൂപതാകേന്ദ്രത്തിൽ നിന്ന് വാങ്ങാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുക. മെയ് 19 മുതൽ ബുക്കുസ്റ്റാ ളുകളിൽ ഇവ ലഭ്യമായിരിക്കും. ആവശ്യമുള്ള ടെക്സ്റ്റ് ബുക്കുകളു ടെയും, ഉപപാഠപുസ്തകങ്ങളുടെയും എണ്ണം ഹെഡ്മാസ്റ്റേഴ്സ് ഗൂഗിൾ ഫോമിൽ നൽകുകയും വരുന്നതിന് ഒരു ദിവസം മുമ്പ് ബുക് സ്റ്റാളിൽ അറിയിക്കുകയും ചെയ്യേണ്ടതുമാണ്. ബുക്സ്റ്റാളിലെ ഫോൺ നമ്പർ 9605260887, 9074008310

| ഉപപാഠപുസ്തകങ്ങൾ | | ടെക്സ്റ്റ് ബുക്ക് | |
|---|---|---|---|
| I- IV | Rs. 50/- | I - IV | Rs. 40 |
| V - IX | Rs. 60/- | V - XII | Rs. 60 |
| X | Rs. 90/- | English Text | Rs. 70/- |
| XI - XII | Rs. 120/- | Bible Nursery | Rs. 60/- |
| മന്ന | 35 | | |
| നമസ്കാരം | 15 | | |

**വിശ്വാസപരിശീലന വർഷാരംഭം**

2022 മെയ് 22 ഞായറാഴ്ച വിശ്വാസപരിശീലകരുടെ സ്റ്റാഫ് മീറ്റിംഗ് കൂടുകയും HM, PP കോൺഫ്രൻസിന്റെ അടിസ്ഥാനത്തിൽ പുതിയ വിശ്വാസപരിശീലന വർഷത്തെ കർമ്മപദ്ധതി ആസൂത്രണം ചെയ്യേണ്ടതാണ്. 2022 മെയ് 22 ഞായറാഴ്ച വിശ്വാസപരിശീല നക്ലാസുകൾ ആരംഭിക്കേണ്ടതാണ്.

**ആമുഖ സെമിനാർ**

2022-23 അധ്യയനവർഷത്തെ ആമുഖസെമിനാർ ജൂൺ 10,12 തീയതികളിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽവച്ചു നടത്തപ്പെടു ന്നതായിരിക്കും. അടുത്ത അധ്യയനവർഷത്തേക്ക് പുതുതായി നിയോ ഗിക്കപ്പെടുന്ന അധ്യാപകരെ ആമുഖ സെമിനാറിൽ നിർബന്ധമായും പങ്കെടുപ്പിക്കേണ്ടതാണ്. സെമിനാറിൽ പങ്കെടുക്കുന്ന അധ്യാപകർ പഠിപ്പിക്കുന്ന ക്ലാസ്സിലെ ടെക്സ്റ്റ് ബുക്കും ടീച്ചിംഗ് നോട്ട് ബുക്കും കൊണ്ടുവരേണ്ടതാണ്. 500 രൂപയാണ് ആമുഖ സെമിനാറിന്റെ ഫീസ്. ജൂൺ പത്താം തീയതി നാലുമണിക്ക് ആരംഭിച്ച് പന്ത്രണ്ടാം തീയതി ഉച്ചയോടു കൂടി ക്ലാസുകൾ അവസാനിക്കുന്നു. ആമുഖ സെമിനാറിൽ പങ്കെടുക്കുന്നവർ കോഴ്സിന് ഒരാഴ്ചക്ക്മുമ്പ് തന്നിരിക്കുന്ന ഗൂഗിൾ ഫോം പൂരിപ്പിച്ച് അയക്കേണ്ടതാണ്.

**ക്ലാസ് ട്രെയിനിംഗ്**

ഈ വർഷം ക്ലാസ് മാറുന്ന അധ്യാപകർക്കുള്ള ട്രെയിനിങ് ജൂൺ പന്ത്രണ്ടാം തീയതി 9 മണി മുതൽ 2 മണി വരെ ദ്വാരക പാസ്റ്റ റൽ സെന്ററിൽ വച്ച് നടക്കുന്നു. 100 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. ക്ലാസ് ട്രെയിനിംഗിൽ പങ്കെടുക്കുന്നവരും തന്നിരിക്കുന്ന ഗൂഗിൾ ഫോം പൂരിപ്പിച്ച് അയച്ചുതരേണ്ടതാണ്.

**HM, PP Conference**

2022-23 വർഷത്തെ പ്രഥമ HM, PP Conference മെയ് 21-ാം തിയ്യതി ശനിയാഴ്ച രാവിലെ 10 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ

വച്ച് നടത്തുന്നതാണ്. ഹെഡ്മാസ്റ്റേഴ്സ് കൃത്യസമയത്ത് എത്തുവാൻ ശ്രദ്ധിക്കുമല്ലോ. അതോടൊപ്പം 25, 35, 50 വർഷം വിശ്വാസപരിശീലന രംഗത്ത് സേവനം ചെയ്ത മതാധ്യാപകർ, ഒന്നാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ ഒരു ദിവസം പോലും മുടങ്ങാതെ ക്ലാസിൽ എത്തിയിട്ടുള്ള കുട്ടികൾ എന്നിവരെ ആദരിക്കുകയും ചെയ്യുന്നു.

## HDC

പൂർത്തിയാകുവാൻ ഉള്ള എച്ച് ഡി സി ക്ലാസുകൾ മേയ് 29 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽവെച്ച് നടത്തപ്പെടുന്നതായിരിക്കും. വിശദവിവരങ്ങൾ എച്ച് ഡി സി ക്ലാസ്സുകളുടെ വാട്സാപ്പ് ഗ്രൂപ്പുകളിൽ അറിയിക്കുന്നതാണ്.

**ഹെഡ്മാസ്റ്റേഴ്സിന്റെ നിയമനം**

പ്രധാന അധ്യാപകരുടെ കാലാവധി 5 വർഷമാണ്. അഞ്ച് വർഷമോ അതിൽ കൂടുതലോ പൂർത്തിയാക്കുന്ന ബഹുമാനപ്പെട്ട ഹെഡ്മാസ്റ്റേഴ്സ് ആ സ്ഥാനത്തുനിന്ന് മാറാനുള്ള അപേക്ഷ വികാരി അച്ചന് നൽകേണ്ടതാണ്. ഇടവകയിലെ മതബോധന പ്രവർത്തനങ്ങളെ ഫലപ്രദമായി നയിക്കാൻ നിലവിലുള്ള ഹെഡ്മാസ്റ്റേഴ്സിന്റെ തന്നെ സേവനം പ്രധാനാധ്യാപക സ്ഥാനത്ത് ആവശ്യമാണെന്ന് വികാരിയച്ചൻ ആവശ്യപ്പെടുന്ന പക്ഷം മാത്രം, അത് മതബോധന കേന്ദ്രത്തിൽ അറിയിച്ച് രൂപത മതബോധന കേന്ദ്രത്തിന്റെ അംഗീകാരത്തോടെ തന്റെ സേവനം തുടരാവുന്നതാണ്.

**നന്ദിയോടെ**

മാനന്തവാടി രൂപതയുടെ മതബോധന ഡയറക്ടർ എന്ന ശുശ്രൂഷാവേദിയിൽനിന്ന് പുതിയ ഉത്തരവാദിത്വത്തിലേക്ക് ഞാൻ മാറുകയാണ്. ഏറെ നന്ദിയുണ്ട് നിങ്ങളെല്ലാവരോടും. എന്നെ ഈ ശുശ്രൂഷക്കായി നിയോഗിച്ച അഭിവന്ദ്യ പിതാവിനോടും, എന്നെ പ്രോത്സാഹിപ്പിച്ച സഹ വൈദികരോടും, മേഖല ഡയറക്റ്റർമാരായി എന്നോടൊപ്പം സഹകരിച്ച വൈദികരോടും ഞാൻ ഹൃദയപൂർവം നന്ദി അറിയിക്കുകയാണ്. രൂപതാടീമംഗങ്ങളാണ് ഈ ശുശ്രൂഷ ഏറ്റവും മനോഹരമാക്കാൻ എന്നെ ഏറെ സഹായിച്ചത്. കഴിഞ്ഞ നാല് വർഷക്കാലങ്ങളിൽ എനിക്ക് നല്ല സഹകരണവും പ്രോത്സാഹനവും നൽകി കൂടെയുണ്ടായിരുന്ന എല്ലാ ടീമംഗങ്ങളോടുള്ള എന്റെ ആത്മാർത്ഥമായ നന്ദി അറിയിക്കുകയാണ്. രൂപതയുടെ ഓഫിസിൽ ജോലികൾ സമയബന്ധിതമായി കൃത്യതയോടെ പൂർത്തിയാക്കാൻ സഹാ

യിച്ച സി. ഏഞ്ചൽ, സി. സൗമ്യ, സി. സവിത, സി. ജോസ്‌ലിൻ എന്നിവരോടും, FCC മാനന്തവാടി പ്രൊവിൻസിനോടുമുള്ള സ്നേഹനിർഭരമായ നന്ദി അറിയിക്കുന്നു. ഫൊറോനതലത്തിൽ നമ്മുടെ പ്രവർത്തനങ്ങൾ വിജയിപ്പിക്കാൻ സഹായിച്ച എല്ലാ മേഖല സെക്രട്ടറിമാരോടുമുള്ള എന്റെ നന്ദി അറിയിക്കുന്നു. ഹെഡ്‌മാസ്റ്റർമാരോട് എനിക്ക് ഏറെ നന്ദിയുണ്ട്. നിങ്ങളുടെ ത്യാഗവും സമർപ്പണവുമാണ് ഓരോ ഇടവകയിലെയും വിശ്വാസപരിശീലനപ്രവർത്തനങ്ങൾ വിജയിപ്പിച്ചത്. രൂപതയിലെ എല്ലാ വിശ്വാസപരിശീലകർക്കും, എല്ലാ കുട്ടികൾക്കും മാതാപിതാക്കൾക്കും എന്നോടൊപ്പം സഹകരിച്ച ഓരോരുത്തർക്കും ഞാൻ നന്ദി അറിയിക്കുന്നു. ദൈവം നിങ്ങൾക്ക് പ്രതിഫലം നല്കി അനുഗ്രഹിക്കട്ടെ.

## DIPLOMA RESULT IN PARISH LEVEL 2022

| | Total Regd | Attended | Passed | Failed | Absent | Percntge |
|---|---|---|---|---|---|---|
| Ambalavayal | 31 | 29 | 29 | 0 | 2 | 100% |
| Bathery | 57 | 57 | 57 | 0 | 0 | 100% |
| Chithragiri | 8 | 8 | 8 | 0 | 0 | 100% |
| Chulliyode | 10 | 10 | 10 | 0 | 0 | 100% |
| Kadalmad | 4 | 4 | 4 | 0 | 0 | 100% |
| Meenangady | 20 | 20 | 15 | 5 | 0 | 75% |
| Moolankavu | 15 | 15 | 15 | 0 | 0 | 100% |
| Pazhoor | 10 | 10 | 10 | 0 | 0 | 100% |
| Thomattuchal | 19 | 19 | 11 | 8 | 0 | 58% |
| Vadakkanad | 5 | 5 | 5 | 0 | 0 | 100% |
| Vakery | 12 | 12 | 12 | 0 | 0 | 100% |
| TOTAL | 191 | 189 | 176 | 13 | 2 | 93% |
| Adakkathode | 45 | 45 | 45 | 0 | 0 | 100% |
| Ambayathode | 20 | 20 | 20 | 0 | 0 | 100% |
| Chungakunnu | 57 | 57 | 55 | 2 | 0 | 96% |
| Kelakam | 11 | 11 | 11 | 0 | 0 | 100% |

| | | | | | | |
|---|---|---|---|---|---|---|
| Kottiyoour | 55 | 55 | 54 | 1 | 0 | 98% |
| Nelliyodi | 8 | 8 | 8 | 0 | 0 | 100% |
| Ottaplavu | 13 | 13 | 11 | 2 | 0 | 85% |
| Palchuram | 14 | 14 | 14 | 0 | 0 | 100% |
| Santhigiri | 7 | 7 | 7 | 0 | 0 | 100% |
| Velloonni | 11 | 11 | 11 | 0 | 0 | 100% |
| TOTAL | 241 | 241 | 236 | 5 | 0 | 98% |
| Chulliyana | 6 | 6 | 6 | 0 | 0 | 100% |
| Dwaraka | 19 | 19 | 19 | 0 | 0 | 100% |
| Karakamala | 9 | 9 | 9 | 0 | 0 | 100% |
| Kommayad | 17 | 17 | 16 | 1 | 0 | 94% |
| Mangalasery | 5 | 5 | 4 | 1 | 0 | 80% |
| Mothakkara | 6 | 6 | 6 | 0 | 0 | 100% |
| Thonichal | 16 | 16 | 16 | 0 | 0 | 100% |
| Vellamunda | 12 | 12 | 12 | 0 | 0 | 100% |
| Vilambukandam | 9 | 9 | 9 | 0 | 0 | 100% |
| TOTAL | 99 | 99 | 97 | 2 | 0 | 98% |
| Deepthigiri | 19 | 19 | 19 | 0 | 0 | 100% |
| Judes Mount | 6 | 6 | 6 | 0 | 0 | 100% |
| Kallody | 36 | 36 | 36 | 0 | 0 | 100% |
| Karimbil | 5 | 5 | 5 | 0 | 0 | 100% |
| Kunjhome | 8 | 8 | 8 | 0 | 0 | 100% |
| Makkiyad | 10 | 10 | 10 | 0 | 0 | 100% |
| Niravilpuzha | 3 | 3 | 3 | 0 | 0 | 100% |
| Puthiyidamkunnu | 6 | 6 | 6 | 0 | 0 | 100% |
| Puthussery | 12 | 12 | 12 | 0 | 0 | 100% |
| Valerry | 4 | 4 | 4 | 0 | 0 | 100% |
| Vanjode | 12 | 12 | 12 | 0 | 0 | 100% |
| TOTAL | 121 | 121 | 121 | 0 | 0 | 100% |
| Charitty | 6 | 6 | 6 | 0 | 0 | 100% |
| Chooralmazha | 1 | 1 | 1 | 0 | 0 | 100% |
| Edapetty | 10 | 10 | 10 | 0 | 0 | 100% |
| Kalathuvayal | 8 | 8 | 8 | 0 | 0 | 100% |

| | | | | | | |
|---|---|---|---|---|---|---|
| Kalpetta | 19 | 19 | 19 | 0 | 0 | 100% |
| Kolavayal | 12 | 12 | 11 | 1 | 0 | 92% |
| Nedumpala | 10 | 10 | 10 | 0 | 0 | 100% |
| Olivumala | 2 | 2 | 2 | 0 | 0 | 100% |
| Puzhamudi | 5 | 5 | 5 | 0 | 0 | 100% |
| Rippon | 20 | 20 | 19 | 1 | 0 | 95% |
| Thenery | 27 | 27 | 27 | 0 | 0 | 100% |
| Thrikkipetta | 6 | 6 | 6 | 0 | 0 | 100% |
| Vazhavatta | 13 | 13 | 13 | 0 | 0 | 100% |
| Vythiri | 7 | 7 | 7 | 0 | 0 | 100% |
| TOTAL | 146 | 146 | 144 | 2 | 0 | 99% |
| Alattil | 16 | 16 | 16 | 0 | 0 | 100% |
| Boys town | 3 | 3 | 3 | 0 | 0 | 100% |
| Elappedika | 6 | 6 | 5 | 1 | 0 | 83% |
| Karimani | 3 | 3 | 3 | 0 | 0 | 100% |
| Kuttimoola | 5 | 5 | 5 | 0 | 0 | 100% |
| Kaniyaram | 44 | 44 | 43 | 1 | 0 | 98% |
| Mananthavady | | | | | | |
| Town | 14 | 13 | 12 | 1 | 1 | 92% |
| Muthirery | 15 | 15 | 15 | 0 | 0 | 100% |
| Parathottam | 7 | 7 | 7 | 0 | 0 | 100% |
| Peria | 8 | 8 | 8 | 0 | 0 | 100% |
| Poroor | 37 | 37 | 37 | 0 | 0 | 100% |
| Prashandhigiri | 6 | 6 | 6 | 0 | 0 | 100% |
| Puthiyidum | 9 | 9 | 9 | 0 | 0 | 100% |
| Thalapuzha | 11 | 11 | 11 | 0 | 0 | 100% |
| Thavinjal | 25 | 25 | 25 | 0 | 0 | 100% |
| Valad | 4 | 4 | 4 | 0 | 0 | 100% |
| Valiyakolly | 4 | 4 | 4 | 0 | 0 | 100% |
| Yavanarkulam | 13 | 13 | 13 | 0 | 0 | 100% |
| TOTAL | 230 | 229 | 226 | 3 | 1 | 99% |
| Manimooly | 42 | 42 | 42 | 0 | 0 | 100% |
| Marutha | 2 | 2 | 2 | 0 | 0 | 100% |

| | | | | | | |
|---|---|---|---|---|---|---|
| Munderi | 7 | 7 | 7 | 0 | 0 | 100% |
| Narivalamunda | 17 | 17 | 17 | 0 | 0 | 100% |
| Palankara | 24 | 23 | 21 | 2 | 1 | 91% |
| Palemad | 5 | 5 | 5 | 0 | 0 | 100% |
| Pathiripadam | 19 | 19 | 19 | 0 | 0 | 100% |
| Thalanji | 22 | 22 | 22 | 0 | 0 | 100% |
| Thalipadam | 5 | 5 | 5 | 0 | 0 | 100% |
| TOTAL | 143 | 142 | 140 | 2 | 1 | 99% |
| Adikolly | 24 | 24 | 24 | 0 | 0 | 100% |
| Amarakuni | 10 | 10 | 10 | 0 | 0 | 100% |
| Irulam | 8 | 8 | 8 | 0 | 0 | 100% |
| Kabanigiri | 5 | 5 | 5 | 0 | 0 | 100% |
| Marakavu | 37 | 37 | 37 | 0 | 0 | 100% |
| Marakkadavu | 12 | 11 | 11 | 0 | 1 | 100% |
| Mullenkolly | 46 | 46 | 46 | 0 | 0 | 100% |
| Padichira | 29 | 29 | 29 | 0 | 0 | 100% |
| Pattanikoop | 14 | 14 | 14 | 0 | 0 | 100% |
| Pulpally | 21 | 21 | 21 | 0 | 0 | 100% |
| Seethamount | 12 | 12 | 11 | 1 | 0 | 92% |
| Sisumala | 24 | 24 | 23 | 1 | 0 | 96% |
| TOTAL | 242 | 241 | 239 | 2 | 1 | 99% |
| Arinchermala | 13 | 13 | 13 | 0 | 0 | 100% |
| Cherukattoor | 21 | 21 | 21 | 0 | 0 | 100% |
| Chudakkara | 43 | 42 | 42 | 0 | 1 | 100% |
| Kalluvayal | 19 | 19 | 19 | 0 | 0 | 100% |
| Kenichira | 20 | 18 | 18 | 0 | 2 | 100% |
| Koolivayal | 4 | 4 | 4 | 0 | 0 | 100% |
| Kurumbalakotta | 3 | 3 | 3 | 0 | 0 | 100% |
| Nadavayal | 51 | 50 | 50 | 0 | 1 | 100% |
| Neikuppa | 5 | 5 | 5 | 0 | 0 | 100% |
| Panamaram | 8 | 8 | 8 | 0 | 0 | 100% |
| Paralikkunnu | 10 | 10 | 10 | 0 | 0 | 100% |
| TOTAL | 197 | 193 | 193 | 0 | 4 | 100% |

| | | | | | | |
|---|---|---|---|---|---|---|
| Chokkadu | 9 | 9 | 9 | 0 | 0 | 100% |
| Edivanna | 18 | 18 | 18 | 0 | 0 | 100% |
| Moolepadam | 3 | 3 | 3 | 0 | 0 | 100% |
| Muttiyel | 3 | 3 | 3 | 0 | 0 | 100% |
| Nilambur | 31 | 30 | 29 | 1 | 1 | 97% |
| Pookootu mpadam | 6 | 6 | 6 | 0 | 0 | 100% |
| Poolepadam | 12 | 12 | 12 | 0 | 0 | 100% |
| Rubynagar | 1 | 1 | 1 | 0 | 0 | 100% |
| T. K. Colony | 2 | 2 | 2 | 0 | 0 | 100% |
| Thelpara | 15 | 15 | 15 | 0 | 0 | 100% |
| Vadapuram | 6 | 6 | 6 | 0 | 0 | 100% |
| Vallikettu | 2 | 2 | 2 | 0 | 0 | 100% |
| TOTAL | 108 | 107 | 106 | 1 | 1 | 99% |
| Arulnilayam | 13 | 13 | 13 | 0 | 0 | 100% |
| Aruvankadu | 1 | 1 | 1 | 0 | 0 | 100% |
| Bekki | 2 | 2 | 2 | 0 | 0 | 100% |
| Bospara | 7 | 7 | 7 | 0 | 0 | 100% |
| Burliar | 2 | 2 | 2 | 0 | 0 | 100% |
| Coonnoor | 3 | 3 | 3 | 0 | 0 | 100% |
| Dharmagiri | 10 | 9 | 9 | 0 | 1 | 100% |
| Kalpra | 17 | 17 | 17 | 0 | 0 | 100% |
| Kayyunni | 22 | 22 | 22 | 0 | 0 | 100% |
| Kunnaladi | 10 | 10 | 10 | 0 | 0 | 100% |
| Manvayal | 9 | 9 | 9 | 0 | 0 | 100% |
| Ootty | 3 | 3 | 3 | 0 | 0 | 100% |
| Panamchira | 6 | 6 | 6 | 0 | 0 | 100% |
| Vimalagiri | 7 | 7 | 7 | 0 | 0 | 100% |
| TOTAL | 112 | 111 | 111 | 0 | 1 | 100% |
| Appapara | 2 | 2 | 2 | 0 | 0 | 100% |
| Arattuthara | 13 | 13 | 13 | 0 | 0 | 100% |
| Bavali | 1 | 1 | 1 | 0 | 0 | 100% |
| Edayoorkunnu | 5 | 4 | 4 | 0 | 1 | 100% |

| | | | | | | |
|---|---|---|---|---|---|---|
| Kammana | 17 | 17 | 17 | 0 | 0 | 100% |
| Kartikulam | 8 | 8 | 8 | 0 | 0 | 100% |
| Martin nagar | 20 | 18 | 18 | 0 | 2 | 100% |
| Padamala | 11 | 11 | 11 | 0 | 0 | 100% |
| Payyampally | 37 | 37 | 37 | 0 | 0 | 100% |
| Thrissilerry | 10 | 10 | 10 | 0 | 0 | 100% |
| TOTAL | 124 | 121 | 121 | 0 | 3 | 100% |
| Chennalode | 34 | 34 | 34 | 0 | 0 | 100% |
| Kavummannam | 13 | 13 | 13 | 0 | 0 | 100% |
| Kottathara | 17 | 17 | 17 | 0 | 0 | 100% |
| Kurumani | 5 | 4 | 4 | 0 | 1 | 100% |
| Kurumbala | 23 | 22 | 19 | 3 | 1 | 86% |
| Mangalam | 4 | 4 | 0 | 4 | 0 | 0% |
| Manjoora | 12 | 12 | 12 | 0 | 0 | 100% |
| Panthipoil | 3 | 3 | 3 | 0 | 0 | 100% |
| Puthusserika davu | 14 | 14 | 14 | 0 | 0 | 100% |
| Thariode | 31 | 31 | 31 | 0 | 0 | 100% |
| TOTAL | 156 | 154 | 147 | 7 | 2 | 95% |
| Dio: Total | 2110 | 2094 | 2057 | 37 | 16 | 98% |

**ഫാ. തോമസ് കാട്ടുതുരുത്തിയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ്

ഏഴര പതിറ്റാണ്ടിന്റെ അഭിമാനം തിളങ്ങുന്ന അക്ഷരങ്ങളിലാണ് മിഷൻ ലീഗിന്റെ ചരിത്രം എഴുതുന്നത്. നമ്മുടെ രൂപതയിൽ അതിനു സുവർണ്ണ ശോഭയാണുള്ളത്. ഈ ശോഭ ഉജ്ജ്വലമായ മുഹൂർത്തമായി മാറ്റപ്പെടുന്നത് വിളിച്ചവനോടും, ഏൽപ്പിക്കപ്പെട്ട ഉത്തരവാദിത്തത്തോടുമുള്ള വിശ്വസ്തതയിൽ നിന്നുമാണ്. അതാണ് ജീവിത വിജയത്തിന്റെ അടിസ്ഥാനം. 2021 –22 പ്രവർത്തന വർഷത്തിൽ വിശ്വസ്തതയോടെ മിഷൻ ലീഗ് സംഘടനയ്ക്കു വേണ്ടി അദ്ധ്വാനിച്ച എല്ലാവർക്കും നന്ദിയും അഭിനന്ദനങ്ങളും.

വ്യത്യസ്തവും നൂതനവുമായ പ്രവർത്തനങ്ങളിലൂടെ പ്ലാറ്റിനം ജൂബിലി വർഷം ആഘോഷിക്കുവാൻ നേതൃത്വം കൊടുത്തുകൊണ്ടിരിക്കുന്ന എല്ലാവരെയും സ്മരിക്കുന്നു. ശാഖാ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന ബഹുമാനപ്പെട്ട വികാരിയച്ചൻമാരെയും, സിസ്റ്റേഴ്സിനേയും, ശാഖാ ഭാരവാഹികളെയും, മതാദ്ധ്യാപകരെയും നന്ദിയോടെ ഓർക്കുന്നു. കഴിഞ്ഞ വർഷങ്ങളിൽ മേഖല ഭാരവാഹികൾ ആയി സേവനം ചെയ്ത എല്ലാവർക്കും, മേഖല ഡയറക്ടേഴ്സ്, ജോയിന്റ് ഡയറക്ടേഴ്സ് എന്നിവരുടെ സ്തുത്യർഹമായ സേവനങ്ങൾക്കും പ്രണാമം. രൂപതയുടെ നിലവിലുള്ള നേതൃ സമിതിയുടെ കാലാവധി പൂർത്തിയാകുമ്പോൾ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത രൂപതാ പ്രസിഡന്റ് രഞ്ജിത്ത് മുതുപ്ലാക്കൽ, സെക്രട്ടറി സജീഷ് എടത്തട്ടേൽ, ജനറൽ ഓർഗനൈസർ തങ്കച്ചൻ മാപ്പിളക്കുന്നേൽ, മറ്റു രൂപത എക്സിക്യൂട്ടീവ് , ടീം അംഗങ്ങൾ എല്ലാവർക്കും ഹൃദയംനിറഞ്ഞ കൂപ്പുകൈ. രൂപത ജോയിന്റ് ഡയറക്ടറായി സേവനം ചെയ്തുവരുന്ന റവ. സി. ക്രിസ്റ്റീന എഫ്.സി. സിക്കും നന്ദിയും അഭിനന്ദനങ്ങളും.

ചെറുപുഷ്പ മിഷൻ ലീഗിന്റെ രൂപതാ വാർഷികവും പ്രേഷിത സമ്മേളനവും വളരെ ഭംഗിയായി പൂർത്തിയായി. എല്ലാ ഇടവകകളിൽ നിന്നും നിരവധി ആളുകൾ വാർഷികാഘോഷത്തിൽ പങ്കുചേർന്നു. എല്ലാം അച്ചന്മാരെയും, സിസ്റ്റേഴ്സ്നെയും, മിഷൻ ലീഗ് ഭാരവാഹികളെയും, അംഗങ്ങളെയും സ്നേഹത്തോടെ ഓർക്കുന്നു. ഈ

സഹകരണം ചെറുപുഷ്പ മിഷൻ ലീഗിനോട് എന്നും സൂക്ഷിക്കുന്നതുകൊണ്ടാണ് നമ്മുടെ സംഘടന എന്നും ഭംഗിയായി മുന്നോട്ടു പോകുന്നത്. ഇനിയും കൂടുതൽ ഉയരങ്ങളിലേക്ക് കൂടുതൽ തീക്ഷ്ണതയോടെ പ്രവർത്തിക്കാൻ എല്ലാവിധ നന്മകളും വിജയാശംസകളും. മിഷൻ ലീഗ് : അത് എന്നും സാക്ഷ്യത്തിന്റെ ഹൃദയ തരംഗമാണ്. നന്ദി.

സ്നേഹപൂർവ്വം,

**ഷിജു അച്ചൻ**

2022 -മെയ് : സ്നേഹത്തിന്റെ നവചൈതന്യം
പ്രാർത്ഥന മലരുകൾ : 75 വിമല ഹൃദയ പ്രതിഷ്ഠ
മിഷൻ പ്രയർബാങ്ക് : സത്ന രൂപത (പയ്യമ്പള്ളി മേഖലയിലെ ശാഖകൾ)
സുകൃത ജപം : എന്റെ അമ്മേ സ്വർഗ്ഗീയ നാഥേ

**'കൂടെ'**

മാർച്ച് 28 ന് വൈകുന്നേരം ഗൂഗിൾ മീറ്റിലൂടെ ശാഖാ ജോ. ഡയറക്ടേഴ്സ് സംഗമം 'കൂടെ' എന്ന പേരിൽ നടത്തി. വിവിധ ശാഖകളിൽ നിന്നായി സിസ്റ്റേഴ്സ് സംഗമത്തിൽ പങ്കെടുത്തു. പ്രസ്തുത സംഗമത്തിൽ രൂപതാ വാർഷികം, മിഷൻ സംഗമം, മേഖലാ സെമിനാർ, രൂപതാ ക്യാമ്പ്, രൂപതാ ഇലക്ഷൻ എന്നിവയെ പറ്റി ചർച്ചചെയ്തു തീരുമാനങ്ങൾ എടുത്തു.

**നാനാത്വത്തിൽ ഏകത്വം**

ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപത റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് നാനാത്വത്തിൽ ഏകത്വം എന്നപേരിൽ നടത്തിയ ഡ്രോയിംഗ് മത്സരത്തിൽ അജയ് തോമസ് കൊട്ടാരത്തിൽ (വാളേരി), ആൽഡ്രിൻ ഷിജോ (മീനങ്ങാടി), ഗ്ലാഡ്വിൻ ഇയാലിൽ (അടക്കാത്തോട്) എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് അർഹരായി. വിജയികൾക്ക് രൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**അമ്മതൻ ചാരെ**

യുക്രെയ്ൻ-റഷ്യ രാജ്യങ്ങളെ ഫ്രാൻസിസ് പാപ്പ പരിശുദ്ധ അമ്മയുടെ വിമല ഹൃദയത്തിനു സമർപ്പിക്കുന്ന തിരുകർമ്മത്തിൽ പങ്കുചേർന്നുകൊണ്ട് മാർച്ച് 25 വെള്ളിയാഴ്ച രാത്രി 9-30 മുതൽ 10 മണി വരെ എല്ലാ മിഷൻലീഗ് അംഗങ്ങളും സ്വഭവനത്തിൽ ആയിരുന്നുകൊണ്ട് മാതാവിന്റെ വിമലഹൃദയത്തോടുള്ള പ്രതിഷ്ഠാ ജപം ചൊല്ലി പ്രാർത്ഥിച്ചു.

**കുരിശിന്റെ വഴി**

ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ ദ്വാരക പാസ്റ്ററൽ സെന്റർ ചാപ്പലിൽ നിന്നാരംഭിച്ച് സീയോൻ ചാപ്പലിലേക്ക് കുരിശിന്റെ വഴി നടത്തി. കുരിശിന്റെ വഴിയുടെ സമാപന കർമ്മങ്ങൾക്ക് സീയോൻ ധ്യാനകേന്ദ്രം അസി. ഡയറക്ടർ ഫാ. പ്രിൻസ് തെക്കേതിൽ നേതൃത്വം നൽകി. ലോക സമാധാനത്തിനായി നടത്തിയ ഈ പരിഹാര പ്രാർത്ഥനയിൽ വിവിധ ശാഖകളിൽ നിന്നായി മുന്നൂറിലേറെ ആളുകൾ  പങ്കെടുത്തു.

**ഹൃദയതരംഗം 2022**

ഫെബ്രുവരി 9 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ സിഡം ഓഡിറ്റോറിയത്തിൽ വച്ച് ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതാ നാൽപ്പത്തിയൊമ്പതാമത് വാർഷികവും പ്രേഷിത സമ്മേളനവും 'ഹൃദയതരംഗം 2022' എന്ന പേരിൽ നടത്തി. നടവയൽ ശാഖാംഗങ്ങളുടെ പ്രയർ ഡാൻസോടെ ആരംഭിച്ച പ്രേഷിത സമ്മേളനം മാനന്തവാടി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം തിരി തെളിച്ച് ഉദ്ഘാടനം ചെയ്തു. 20-21 പ്രവർത്തന വർഷത്തിലെ മികച്ച ശാഖ, മേഖല എന്നിവയ്ക്കുള്ള പുരസ്ക്കാര വിതരണം, 21 -22 വർഷത്തിൽ നടത്തിയ കലാ-സാഹിത്യ മത്സരങ്ങളുടെ സമ്മാന വിതരണം, വിവിധ മേഖലകളിൽ കഴിവ് തെളിയിച്ചവരെ ആദരിക്കൽ എന്നിവ നടത്തി. വിവിധ ശാഖകലിൽ നിന്നായി ധാരാളം പേർ പങ്കെടുത്തു.

**സെമിനാർ**

ചെറുപുഷ്പ മിഷൻ ലീഗ് രൂപത വാർഷികത്തോടനുബന്ധിച്ച് മിഷൻ ലീഗ് അംഗം എന്ന നിലയിൽ ചെയ്യേണ്ട ഉത്തരവാദിത്വങ്ങളെയും കടമകളെയും, സംഘടനയുടെ ലക്ഷ്യങ്ങളെയും ലക്ഷ്യപ്രാപ്തിക്കുള്ള മാർഗങ്ങളെയും പറ്റി മുൻ ദേശീയ പ്രസിഡന്റ് ശ്രീ. തോമസ് ഏറണാട്ട് സാർ ക്ലാസ്സ് എടുത്തു.

**വിശുദ്ധ കുർബാന എന്ന മഹാരഹസ്യം**

പരി. കുർബാനയുടെ സ്ഥാപന ദിനമായ പെസഹാതിരുനാളിൽ ഈ മഹാ രഹസ്യത്തെക്കുറിച്ച്  ധ്യാനിക്കുന്നതിനായി ലൂക്കാ 22:7-23, 1 കൊറി 11:23-34 എന്നീ വചനഭാഗങ്ങൾ നൽകി. പൗരോഹിത്യം സ്ഥാപിച്ച ദിനത്തിൽ എല്ലാ പുരോഹിതർക്കും വേണ്ടി എല്ലാ അംഗങ്ങളും ഒരു കരുണകൊന്ത ചൊല്ലി കാഴ്ചവയ്ക്കുക, നമ്മുടെ കർത്താവായ ഈശോ മിശിഹായ്ക്കെതിരെയും, വിശുദ്ധ കുർബാനയ്ക്കെതിരെയും ചെയ്യപ്പെടുന്ന നിന്ദാപമാനങ്ങൾക്കു പരി

ഹാരമായി ഭവനത്തിലെ തിരുഹൃദയ രൂപം അലങ്കരിച്ചു പ്രതിഷ്ഠിച്ചുകൊണ്ട് ഒരു മണിക്കൂർ ആരാധന നടത്തി പ്രാർത്ഥിക്കുന്നതിനും ആരാധനയുടെ അവസാനം അരൂപിക്കടുത്ത ദിവ്യകാരുണ്യ സ്വീകരണം നടത്തുന്നതിനും  നിർദേശം നൽകി.

**ശാഖ വാർത്തകൾ: –**

**പനമരം**

നോമ്പിലെ എല്ലാദിവസവും അംഗങ്ങൾ പള്ളിയിൽ ഒന്നിച്ചു ചേർന്ന് കുരിശിന്റെ വഴി പ്രാർത്ഥന ചൊല്ലി ലോകസമാധാനത്തിനു വേണ്ടി പ്രാർത്ഥിച്ചു.രോഗി സന്ദർശനം നടത്തി പ്രാർത്ഥിച്ചു, ഒരു രോഗിക്ക് 3000 രൂപ സഹായം നൽകി. മേഖലാ, ശാഖാതല മത്സരങ്ങൾക്കുള്ള സമ്മാനങ്ങൾ  വിതരണം ചെയ്തു. വികാരിയച്ചന്റെ നേതൃത്വത്തിൽ അംഗങ്ങൾ ഒന്നിച്ച് ചേർന്ന്  മൂന്നു മണിക്കൂർ ആരാധന നടത്തി.

**ചുണ്ടക്കര**

അവൾക്കൊപ്പം  എന്നപേരിൽ വനിതാദിനം ആഘോഷിച്ചു. മതാധ്യാപകരെയും അന്ന് വിശുദ്ധ കുർബാനയ്ക്ക് വന്ന എല്ലാ വനിതകളെയും  പൂക്കൾ നൽകി ആദരിച്ചു. പോസ്റ്റർ നിർമാണ മത്സരം നടത്തി. ജോസഫ് നാമധാരികളെ ആദരിച്ചു. *അഭിനവം* എന്ന പേരിൽ പ്രച്ഛന്ന വേഷമത്സരം നടത്തി. *ആർദ്രം* എന്നപേരിൽ ഇടവകയിൽ നിന്നും  കിഡ്നി ഡോണേറ്റ് ചെയ്ത എല്ലാവരെയും അനുമോദിച്ചു.  ഹെയർ ഡോനേഷൻ ക്യാമ്പിൽ  അംഗങ്ങൾ പങ്കെടുത്തു. ലോക  സമാധാനത്തിനു വേണ്ടി തിരികത്തിച്ചു പ്രാർത്ഥിച്ചു. പരീക്ഷയ്ക്ക് ഒരുക്കമായി കുരിശിന്റ വഴി ചൊല്ലി പ്രാർത്ഥിച്ചു.

**കളത്തുവയൽ**

ലോകസമാധാനത്തിനു വേണ്ടിയും മറ്റ് നിയോഗങ്ങൾക്കായും കുരിശിന്റെ വഴി നടത്തി മാതാവിന് പൂവ് സമർപ്പണം നടത്തി. വി.യൗസേപ്പിതാവിന്റെ വണക്കമാസ പ്രാർത്ഥന ചൊല്ലാനാരംഭിച്ചു. നോമ്പ് ചിന്തകൾ വീഡിയോ ഇട്ടു. എസ്.എസ്.എൽ.സി, പ്ലസ് വൺ, പ്ലസ് റ്റു പരീക്ഷ എഴുതുന്ന കുട്ടികൾക്കായി വേദപാഠം പഠിക്കുന്ന കുട്ടികളെ കൊണ്ട് പ്രത്യേകം പ്രാർത്ഥന നടത്തി. യൗസേപ്പിതാവിന്റെ തിരുനാൾ ദിനത്തിൽ ജോസഫ് നാമധാരികളെ ആദരിച്ചു. ചികിത്സയിൽ കഴിയുന്ന ജോസഫ് നാമധാരികളെ വീടുകളിൽ ചെന്ന് ആദരിച്ചു. വി. യൗസേപ്പിതാവിനെക്കുറിച്ച് വിവിധ പരിപാടികൾ നടത്തി. മംഗളവാർത്താ തിരുനാൾ ദിനത്തിൽ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. പരി. പിതാവിന്റെ നിയോഗാർത്ഥം റഷ്യ

– യുക്രെയ്ൻ ജനതക്കു വേണ്ടി ആരാധന നടത്തി. പള്ളി ക്ലീനിങ്ങ് നടത്തി. രോഗീ സഹായം ചെയ്തു.

**മേഖലാ വാർത്തകൾ: –**

**ദ്വാരക മേഖല**

യൗസേപ്പ് പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് മേഖലാ ഡയറക്ടർ ജോസച്ചനും മറ്റ് ജോസഫ് നാമധാരികൾക്കും നാമഹേതുക തിരുനാളിന്റെ ആശംസകൾ അറിയിച്ചു. വിളമ്പുകണ്ടം ഇടവകയിൽ നിന്നും കുറുമ്പാലക്കോട്ട കുരിശടിയിലേക്ക് കുരിശിന്റെ വഴി നടത്തി. 50 നോമ്പിനോടനുബന്ധിച്ച് എല്ലാ ദിവസവും നോമ്പുകാല ചിന്തകൾ കൊടുത്തു.

**കല്ലോടി മേഖല**

രോഗി സന്ദർശനം നടത്തി. മേഖലാ ഡയറക്ടർ ജോബി മുക്കാട്ട്കാവുങ്കൽ അച്ചന്റെ ജൻമദിനം ആഘോഷിച്ചു. ശാഖകളിൽ കളിൽ എൽ.എസ്.എസ്, യു.എസ്.എസ് നേടിയ കുഞ്ഞു മിഷനറിമാരെ ആദരിച്ചു. ശാഖകളിൽ യൗസേപ്പിതാവിന്റെ നാമം സ്വീകരിച്ചിട്ടുള്ളവരെ ആദരിച്ചു. മേഖലാ വാർഷികാഘോഷം കല്ലോടി സാൻജിയോ പാരിഷ് ഹാളിൽ വച്ച് നടന്നു. ലോക സമാധാനത്തിനു വേണ്ടി പ്രാർത്ഥന, പരീക്ഷ ഒരുക്ക ദിവ്യകാരുണ്യ ആരാധന തുടർന്ന് പ്രേക്ഷിത റാലി എന്നിവ നടത്തി. മേഖല ബൈബിൾ കലോത്സവത്തിൽ വിജയികളായവരെ ആദരിച്ചു. മേഖലാ സാഹിത്യ കലാമത്സരങ്ങളിൽ കൂടുതൽ പോയിൻറ് നേടിയ ശാഖകൾക്ക് ട്രോഫികൾ വിതരണം ചെയ്തു. തുടർന്ന് കലാവിരുന്ന് നടത്തി.

ജൂബിലി ചൈതന്യം ഹൃദയത്തിലേറ്റു വാങ്ങി, കർമ്മപഥങ്ങളിൽ ഉത്ഥിതന്റെ സന്ദേശവാഹകരായി തീർന്ന് വീണ്ടും ചെമ്മഞ്ഞകൊടിക്കീഴിൽ ക്രിസ്തു ശിഷ്യരായ് അണിനിരക്കാം.

**സജീഷ് എടത്തട്ടേൽ**
സി.എം.എൽ. രൂപതാ സെക്രട്ടറി

**ലൈഫ് ട്രെയിനിങ്ങ് ക്യാമ്പ്**

2022 ഏപ്രിൽ 10 ന് വൈകുന്നേരം 3 മണി മുതൽ 13-ാം തീയതി 11 മണി വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ലൈഫ് 2020, ലൈഫ് 2021, ബാച്ചുകാരുടെ ട്രെയിനിങ്ങ് നടന്നു. ഇരു ബാച്ചുകളിലായി 48 വിദ്യാർത്ഥികൾ പങ്കെടുത്ത ക്യാമ്പ് പ്രാർത്ഥനയോടെ ആരംഭിച്ചു. ആദ്യമായി ലൈഫിന്റെ ഓഫ്ലൈൻ ക്ലാസിൽ പങ്കെടുക്കുന്ന വിദ്യാർഥികൾക്കായി ലൈഫ് ജീവിതശൈലി, പ്രാർത്ഥന, പഠനം, എന്നിവയെക്കുറിച്ചുള്ള വ്യക്തമായ കാഴ്ചപ്പാട് നൽകുന്ന പരിശീലന പരിപാടികൾക്ക് യൂത്ത് മിനിസ്ട്രി ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ നേതൃത്വം വഹിച്ചു.

വർഷങ്ങളായി ലൈഫ് വിദ്യാർഥികൾക്ക് പരിശീലനം നൽകിക്കൊണ്ടിരിക്കുന്ന യൂത്ത് മിനിസ്ട്രി റിസോഴ്സ് ടീം അംഗം തോമസ് കല്ലറയ്ക്കൽ സാറിന്റെ നേതൃത്വത്തിൽ പ്രസംഗ പരിശീലനത്തിന്റെ ബാലപാഠങ്ങൾ കുട്ടികളെ അഭ്യസിപ്പിച്ചു. ഇത് കുട്ടികളിൽ ആത്മ വിശ്വാസം വർധിപ്പിക്കാൻ സഹായകമായി. 2022 ഏപ്രിൽ 11-ാം തീയതി രണ്ടു മണി മുതൽ 5 മണി വരെ ആയിരുന്നു പ്രസംഗ പരിശീലനം.

വിദ്യാർഥികളിൽ നേതൃത്വ ഗുണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി യൂത്ത് മിനിസ്ട്രി റിസോഴ്സ് ടീമംഗമായ സെബാസ്റ്റ്യൻ പുരയ്ക്കൽ സാർ നേതൃത്വ പരിശീലന ക്ലാസ് നൽകി. ഏപ്രിൽ പന്ത്രണ്ടാം തീയതി രാവിലെ 10 മണി മുതൽ ഒരു മണി വരെ കളികളിലൂടെയും ഗാനങ്ങളിലൂടെയും പരിശീലനം നൽകിയത് കുട്ടികളിൽ വ്യക്തിത്വ വളർച്ച സാധ്യമാക്കുന്നതിന് സഹായിച്ചു.

ഏപ്രിൽ 12-ാം തീയതി 2 മണി മുതൽ 5 മണി വരെ അഡ്വ. ജിജിൽ കിഴക്കരക്കാട്ടിന്റെ നേതൃത്വത്തിൽ 'ടൈം മാനേജ്മെന്റ്' എന്ന വിഷയത്തിൽ വിദ്യാർഥികൾക്ക് ക്ലാസുകൾ നൽകി. കൃത്യമായ ടൈംടേബിൾ ക്രമീകരിച്ച് സമയം ഫലപ്രദമായി വിനിയോഗിക്കേണ്ട ആവശ്യകതയെപ്പറ്റി ഈ ക്ലാസ്സിലൂടെ കുട്ടികൾക്ക് ബോധവൽക്കരണം നൽകി. പ്രശസ്ത ഗായകൻ അജിത് നിലമ്പൂർ വിദ്യാർത്ഥികൾക്ക് ഗാനപരിശീലനം നൽകി.

മാനസികാരോഗ്യം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സൈക്കോ തെറാപ്പിയിലൂടെ കുട്ടികൾക്ക് വ്യക്തിപരമായ കരുതലും ശ്രദ്ധയും നൽകി. യൂത്ത് മിനിസ്ട്രി ടീം അംഗവും സൈക്കോതെറാപ്പിസ്റ്റുമായ സി. നിഷ എസ്.കെ.ടി ഇതിന് നേതൃത്വം നൽകി.

ഓൺലൈനിൽ മാത്രം ലൈഫിന്റെ പരിശീലനം നേടിയ 2020–2021 ബാച്ചുകൾക്ക് കൂടുതൽ ഉണർവും, ലൈഫ് ജീവിത ശൈലി സ്വന്തമാക്കാനുള്ള അവസരവും കുട്ടികളിൽ പരസ്പരമുള്ള സൗഹൃദവും ബന്ധവും വർദ്ധിപ്പിക്കുന്നതിനും ക്യാമ്പ് ഉപകരിച്ചു. നാല് ദിവസത്തെ താമസിച്ചുള്ള ക്യാമ്പിലൂടെ ലൈഫ് ട്രെയിനിങ് ലക്ഷ്യം വെക്കുന്ന ചിട്ടയായ ആത്മീയ-ഭൗതിക പരിശീലനം നേടാൻ വിദ്യാർത്ഥികൾക്ക് സാധിച്ചു. ഈ പരിശീലനങ്ങൾക്ക് നേതൃത്വം നൽകിയത് യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, അസോസിയേറ്റ് ഡയറക്ടർ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ, ലൈഫ് ട്രെയിനിങ് കോർഡിനേറ്റർ സി. ആൻസി തോമസ് സി. എം. സി, മീഡിയ കോർഡിനേറ്റർ സി. ഡെൽഫി മരിയ സി.എം.സി, ലൈഫ് 2017 ബാച്ചിലെ അഞ്ജലി കല്ലുവയൽ എന്നിവരാണ്.

ഏപ്രിൽ 13 ബുധനാഴ്ച രാവിലെ 10 മണിക്ക് നടന്ന 2020, 2021 ബാച്ചുകളുടെ രക്ഷാകർതൃ യോഗത്തോടെയാണ് ക്യാമ്പ് സമാപിച്ചത്. 86 മാതാപിതാക്കൾ പങ്കെടുത്ത പ്രസ്തുത യോഗത്തിൽ ലൈഫ് ട്രെയിനിങ്ങിന്റെ പരിശീലനം സംബന്ധിച്ച വ്യക്തമായ വിവരങ്ങളും അറിവുകളും റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ നൽകി. മാതാപിതാക്കളുടെ പ്രതിനിധികളായി ശ്രീ. ഷൈൻ പഴൂർ, ശ്രീ.ടോം മരുത എന്നിവർ സംസാരിച്ചു. ലൈഫ് ട്രെയിനിങ് അപേക്ഷാ ഫോമുകൾ മാതാപിതാക്കൾ പൂരിപ്പിച്ച് നൽകിയശേഷം പ്രാർത്ഥനയോടെ ക്യാമ്പ് സമാപിച്ചു.

**റൂഹ് വിശ്വാസാനുഭവ ധ്യാനം – കുവൈറ്റ്**

സെന്റ് ഡാനിയേൽ കംബോണി സീറോമലബാർ കാറ്റിക്കിസം സെന്ററിന്റെ നേതൃത്വത്തിൽ മാർച്ച് 28, 29, 30 തിയതികളിൽ ഇന്ത്യൻ സമയം 7.30 pm മുതൽ 10.30 pm വരെ 8 മുതൽ 12 വരെ ക്ലാസ്സുകൾക്ക് 'റൂഹ് വിശ്വാസാനുഭവ വാർഷികധ്യാനം' സംഘടിപ്പിച്ചു. യൂത്ത് മിനിസ്ട്രി ടീമിന്റെ നേതൃത്വത്തിൽ നടന്ന പ്രസ്തുത ധ്യാനത്തിൽ ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, കോർഡിനേറ്റർ സി. ആൻസി തോമസ് സി.എം.സി. ടീമംഗങ്ങളായ സി. ഡെൽഫി മരിയ സി.എം.സി, സി. ധന്യ എഫ്.സി. സി. എന്നി

വർ ക്ലാസുകൾ നയിച്ചു. 480 ൽപരം കുട്ടികൾ ആദ്യബാച്ചിൽ പങ്കെടുത്തു. റവ. ഫാദർ പ്രകാശ് OFM.Cap സംഘടിപ്പിച്ച ധ്യാനം zoom പ്ലാറ്റ്ഫോമിൽ നടവയൽ മൗണ്ട് കാർമൽ പ്രൊവിൻഷ്യൽ ഹൗസിൽ വച്ചാണ് നടത്തപ്പെട്ടത്.

ഏപ്രിൽ 1, 2, 3 തീയതികളിലായി 5 മുതൽ 7 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായും 'റൂഹ് വിശ്വാസാനുഭവ ധ്യാനം' നടന്നു. 680 ൽ പരം കുട്ടികൾ തങ്ങളുടെ മാതാപിതാക്കളോടൊപ്പം ധ്യാനത്തിൽ സജീവമായി പങ്കെടുത്തു. യൂത്ത് മിനിസ്ട്രി ടീമും സി.എം.സി. സിസ്റ്റേഴ്സും സംയുക്തമായി നടത്തിയ ധ്യാനത്തിന് റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, സി. ആൻസി തോമസ്, സി. ഡെൽഫി മരിയ, സി. തെരേസ് മാത്യു, സി. ഹിത മരിയ എന്നിവർ ക്ലാസും സി. എമിലിയ മാത്യു ഗാനശുശ്രൂഷയും നയിച്ചു. ഈ കാലഘട്ടത്തിൽ നന്മയിലധിഷ്ഠിതമായ ജീവിതശൈലി രൂപപ്പെടുത്തുന്നതിനും ആത്മീയ നവീകരണം സാധ്യമാക്കുന്നതിനും ധ്യാനം ഉപകരിച്ചു. മാനന്തവാടി രൂപതാംഗവും സെന്റ് ഡാനിയേൽ കംബോണി സീറോ മലബാർ കാറ്റിക്കിസം സെന്റർ അസി.വികാരിയുമായ റവ. ഫാ. പ്രകാശ് OFM. Cap നും മതബോധന ഹെഡ്മാസ്റ്റർ ജോബി സാറിനും മതാധ്യാപകർക്കും സഹകരിച്ച എല്ലാവർക്കും നന്ദി. 2 ബാച്ചുകളിലായി 6 ദിവസങ്ങൾ നടന്ന 'റൂഹ് വിശ്വാസാനുഭവ' ധ്യാനത്തിൽ പങ്കെടുത്ത എല്ലാ വിദ്യാർഥികൾക്കും ഇതിനുവേണ്ട എല്ലാ സജ്ജീകരണങ്ങളും ഒരുക്കിത്തന്ന സി.എം.സി. പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. സി. ജാസ്മിൻ മരിയയ്ക്കും പ്രൊവിൻഷ്യൽ ഹൗസ് കമ്മ്യൂണിറ്റി അംഗങ്ങൾക്കും പ്രത്യേകം നന്ദി.

**ദൈവകരുണയുടെ നൊവേന**

2022 ഏപ്രിൽ 24-ാം തീയതി പുതുഞായറാഴ്ച ദൈവകരുണയുടെ തിരുനാളായി തിരുസഭ ആചരിക്കുമ്പോൾ അതിനുള്ള ഒരുക്കമായി നവനാൾ നൊവേന ആരംഭിച്ചു. ദുഃഖവെള്ളിയാഴ്ച മുതൽ ആരംഭിച്ച നൊവേന പ്രാർത്ഥനകൾ പോസ്റ്റർ രൂപത്തിൽ ഡിവൈൻ മേഴ്സി വാട്സാപ്പ് ഗ്രൂപ്പിലും മറ്റു ഗ്രൂപ്പുകളിലേക്കും നൽകി അനേകരിലേക്ക് എത്തിക്കുന്നു.

**ക്രൂശിതനോടൊപ്പം**

വിശുദ്ധവാരത്തോടനുബന്ധിച്ച് 2019 ലൈഫ് ബാച്ചുകാരുടെ നേതൃത്വത്തിൽ 'ക്രൂശിതനോടൊപ്പം' എന്ന വീഡിയോ പരമ്പര തയ്യാറാക്കി. കുടുംബമൊന്നിച്ച് കുരിശിന്റെ വഴി, സന്ദേശം എന്നിവ ഉൾപ്പെടുത്തി തയ്യാറാക്കിയ വീഡിയോകൾക്ക് ലീഡേഴ്സ് ആയ

അലൻ ജോസഫ് ജോയി, മരിയ ടോം എന്നിവർ നേതൃത്വം നൽകി.

**ദിവ്യകാരുണ്യ സന്നിധിയിൽ**

50 നോമ്പിലെ വെള്ളിയാഴ്ചകളിൽ രാത്രി 8 മണിക്ക് സൂം പ്ലാറ്റ്ഫോം വഴി യൂത്ത് മിനിസ്ട്രി കുടുംബം മുഴുവനും ദിവ്യകാരുണ്യ ആരാധനയിൽ പങ്കെടുക്കുന്നു. ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ നേതൃത്വം നൽകുന്ന ആരാധനയിൽ വിദ്യാർഥികളും യുവജനങ്ങളും മാതാപിതാക്കളും പങ്കുചേർന്ന് പ്രാർത്ഥിക്കുന്നു.

**ഏൽ റൂഹ സ്റ്റാറ്റസ് വീഡിയോസ്**

ഈസ്റ്റർ മുതൽ പന്തക്കുസ്ത വരെയുള്ള 50 ദിനങ്ങളിൽ പരിശുദ്ധാത്മാവായ ദൈവത്തെ സ്നേഹിക്കുന്നതിനും അറിയുന്നതിനും കൃപകൾ കൊണ്ട് നിറയുന്നതിനുമായി ഏൽ റൂഹ സ്റ്റാറ്റസ് വീഡിയോസ് തയ്യാറാക്കി പ്രചരിപ്പിക്കുന്നു. ലൈഫ് 2020 ബാച്ചിലെ ആൻ മരിയ അജിൻ ഇതിന് നേതൃത്വം വഹിക്കുന്നു.

**സി. ആൻസി തോമസ് സി. എം. സി**
സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

**മലബാർ ആത്മ 2022**

കെ.സി.വൈ.എം മലബാർ രൂപതകളുടെ ഡയറക്ടേഴ്സ് ആനിമേറ്റേഴ്സ് സംഗമമായ *മലബാർ ആത്മ* 2022 മാർച്ച് 20, 21 തീയതികളിൽ മാനന്തവാടി രൂപതാ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ചു. താമരശ്ശേരി, തലശ്ശേരി, കണ്ണൂർ, ബത്തേരി രൂപതകളിലെ ഡയറക്ടേഴ്സും ആനിമേറ്റേഴ്സും പങ്കെടുത്തു.

**നേരം 2022 മേഖല വിസിറ്റ്**

മാനന്തവാടി രൂപതയുടെ 2022 വർഷത്തെ മേഖല സന്ദർശനം നേരം 2022 എന്ന പേരിൽ നീലഗിരി മേഖലയുടെ ധർമ്മഗിരി യൂണിറ്റിൽ വെച്ച് മാർച്ച് 27 ന് ആരംഭിച്ചു. നീലഗിരി മേഖലയുടെ പ്രാദേശിക സാമൂഹ്യ സാമുദായിക പ്രശ്നങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യുവാനും വിലയിരുത്തുവാനും സംഗമ വേദിയായി. ആതിഥേയത്വം വഹിച്ച നീലഗിരി മേഖലയ്ക്കും ധർമ്മഗിരി യൂണിറ്റിനും കൃതജ്ഞത രേഖപ്പെടുത്തുന്നു.

**അംഗത്വ നവീകരണം**

2022 ഏപ്രിൽ മാസം കെ.സി.വൈ.എം മാനന്തവാടി രൂപത അംഗത്വ നവീകരണ മാസമായി ആചരിക്കുകയാണ്. മാനന്തവാടി രൂപതയിൽപ്പെട്ട 15 വയസ്സുമുതൽ 35 വയസ്സ് പൂർത്തിയാകുന്നതുവരെ പ്രായമുള്ള എല്ലാവരും ധാർമ്മിക യുവജന പ്രസ്ഥാനത്തിന്റെ ഭാഗമാണ്. അംഗത്വ നവീകരണ മാസത്തിൽ എല്ലാ അംഗങ്ങളും അംഗത്വം പുതുക്കുകയും പുതുതായി അംഗത്വം എടുക്കാനുള്ളവർ അംഗത്വം എടുക്കുകയും ചെയ്യേണ്ടതാണ്.

**LEAD ON 2022**

കെ സി വൈ എം സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ സംസ്ഥാന സെനറ്റ്, സിൻഡിക്കേറ്റ് അംഗങ്ങളെ ഉൾപ്പെടുത്തി കൊണ്ട് മൂന്നുദിവസങ്ങളിലായി നടന്ന LEAD ON 2022 നേതൃത്വ പരിശീലന ക്യാമ്പ്, 2022 ഏപ്രിൽ 1, 2, 3 തീയതികളിലായി എറണാകുളം കലൂർ റിന്യൂവൽ സെന്ററിൽ വെച്ച് നടത്തി. മാനന്തവാടി രൂപതാ സിൻഡിക്കേറ്റ് അംഗമായ ഗ്രാലിയ അന്ന അലക്സ് വെട്ടു

കാട്ടിൽ, സെനറ്റ് അംഗങ്ങളായ ഡെറിൻ കൊട്ടാരത്തിൽ, ടെസിൻ തോമസ് വയലിൽ, രൂപത സിൻഡിക്കേറ്റ് റോബിൻ വടക്കേക്കര എന്നിവർ പങ്കെടുത്തു.

**എപ്പാർക്കിയൽ അസംബ്ലി**

എപ്പാർക്കിയൽ അസംബ്ലി മാനന്തവാടി രൂപതയുടെ വരുംകാല പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനും തീരുമാനങ്ങൾ എടുക്കുന്നതിനും 2022 ഏപ്രിൽ 4, 5, 6, 7 തീയതികളിലായി ദ്വാരക പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ചു. എപ്പാർക്കിയൽ അസംബ്ലി യിൽ മാനന്തവാടി രൂപതാ യുവജന പ്രസ്ഥാനത്തെ പ്രതിനിധീക രിച്ച് മാനന്തവാടി രൂപതാ ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ ചിറയ്ക്ക ത്തോട്ടത്തിൽ, രൂപതാ പ്രസിഡന്റ് ശ്രീ. റ്റിബിൻ പാറക്കൽ, വൈസ്. പ്രസിഡന്റ് നയന മുണ്ടയ്ക്കാതടത്തിൽ എന്നിവരും രൂപതാ സിൻ ഡിക്കേറ്റിൽ നിന്നും മേഖലകളിൽ നിന്നും ഉള്ള പ്രതിനിധികളും പങ്കെടുത്തു.

**മാനന്തവാടി സബ് ആർ ടി ഒ ഓഫീസ് ജീവനക്കാരിയുടെ മരണ ത്തിലെ ദുരൂഹത**

മാനന്തവാടി സബ് ആർ ടി ഒ ഓഫീസ് ജീവനക്കാരിയുടെ മരണ ത്തിലെ ദുരൂഹതയ്ക്ക് സമഗ്ര അന്വേഷണം വേണമെന്ന് കെ.സി. വൈ.എം മാനന്തവാടി രൂപതാ സമിതിയുടെ സംയുക്തയോഗം ആവശ്യപ്പെട്ടു. അഴിമതിയുടെ കൂത്തരങ്ങായി മാറുന്ന ആർ. ടി. ഒ ഓഫീസുകളിൽ കൈക്കൂലിക്ക് കൂട്ടു നിൽക്കാത്തവർ രക്തസാക്ഷി കളായി മാറുന്ന കാഴ്ചയുടെ ഉദാഹരണമാണ് മരണപ്പെട്ട ആർ ടി ഒ ഓഫീസ് ജീവനക്കാരി സിന്ധുവിന്റേതെന്ന് പ്രസ്താവന നൽകു കയും ചെയ്തു.

**മലയാറ്റൂർ തീർത്ഥാടനം**

വിശുദ്ധവാരത്തോടനുബന്ധിച്ച് ഏപ്രിൽ 7, 8 തീയതികളി ലായി മലയാറ്റൂർ തീർത്ഥാടനം സംഘടിപ്പിച്ചു. പുല്ലുവഴിപള്ളി, ഭര ണങ്ങാനം, മാന്നാനം, വല്ലാർപാടം പള്ളി, കുറവിലങ്ങാട് എന്നീ സ്ഥലങ്ങൾ സന്ദർശിച്ചു. സെക്രട്ടറിയേറ്റ് അംഗങ്ങളായ ലിബിൻ മേപ്പുറത്ത്, ഡെറിൻ കൊട്ടാരത്തിൽ റവ. ഫാ. അഗസ്റ്റിൻ ചിറക്കതോട്ട ത്തിൽ, സിൻഡിക്കേറ്റ് അംഗങ്ങളായ ടെസിൻ തോമസ് വയലിൽ, സി. സ്മിത എസ് എ ബി എസ് എന്നിവർ ഉൾപ്പെടെ 47 പേരാണ് തീർഥാടനത്തിൽ പങ്കെടുത്തത്.

**ത്യാഗം 2022**

2022 ഏപ്രിൽ 8, നാല്പതാം വെള്ളിയാഴ്ച കെ. സി. വൈ. എം നീലഗിരി മേഖലയുടെ ആതിഥേയത്വത്തിൽ കൽപ്ര യൂണിറ്റിൽ *ത്യാഗം* 2022 സംഘടിപ്പിച്ചു. കൽപ്ര യൂണിറ്റ് ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ താന്നിയിൽ, മേഖല യൂണിറ്റ് ആനിമേറ്റർ സി. റോസ്ന, പ്രസിഡന്റ് ജോബിൻ, ഭാരവാഹികൾ, ആതിഥേയത്വം വഹിച്ച കെ. സി. വൈ. എം നീലഗിരി മേഖല ഡയറക്ടർ റവ. ഫാ. റോബിൻ പടിഞ്ഞാറയിൽ, പ്രസിഡന്റ് കുമാരി. മെലിൻ പുളിക്കിയിൽ, മേഖല സെക്രട്ടറിയേറ്റ് അംഗങ്ങൾ, ബെക്കി യൂണിറ്റ് ഡയറക്ടർ റവ. ഫാ. അനീഷ് ആലുങ്കൽ, മേഖലകളെ പ്രതിനിധീകരിച്ച് എത്തിയ യുവ ജന സുഹൃത്തുക്കൾ, സിസ്റ്റേഴ്സ്, കയ്യൂന്നി, കൽപ്ര യൂണിറ്റിലെ യുവജനങ്ങൾ, ഇടവകാംഗങ്ങൾ, രൂപത സെക്രട്ടറിയേറ്റ്, സിൻഡി ക്കേറ്റ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

**മേഖല വാർത്തകൾ**

**മുള്ളൻകൊല്ലി മേഖല**

മാനന്തവാടി സുവർണ ജൂബിലിയോടനുബന്ധിച്ചു നടത്തിയ മുള്ളൻകൊല്ലി ഫൊറോന അസ്സംബ്ലിയിൽ മേഖല ഭാരവാഹികൾ പങ്കെടുത്തു. കെ സി വൈ എം മുൻ രൂപതാ പ്രസിഡന്റ് മാത്യു തറ യിലിന്റെ പിതാവിന്റെ നിര്യാണത്തിലും കെ സി വൈ എം മേഖലാ സെക്രട്ടറി, ജോസഫ് ജോർജിന്റെ പിതാവിന്റെ നിര്യാണത്തിലും അനുശോചിക്കുകയും മരണാനന്തര ചടങ്ങുകളിൽ പങ്കെടുക്കു കയും ചെയ്തു. കർത്താവിന്റെ പീഡാസഹനത്തോടു ചേർന്ന്, മേഖ ലയിലെ യുവജനങ്ങൾ ശിശുമലയിലേക്ക് കുരിശിന്റ വഴി സംഘ ടിപ്പിച്ചു. എൺപതോളം യുവജനങ്ങൾ വിവിധ യൂണിറ്റുകളിൽ നിന്ന് പങ്കെടുത്തു. കർണാടക സെൻട്രൽ യൂണിവേഴ്സിറ്റിയിൽ സൈക്കോളജിയിൽ ഫസ്റ്റ് റാങ്കും, ഗോൾഡ് മെഡലും നേടിയ മര ക്കടവ് യൂണിറ്റ് അംഗം സാനിയ എം സണ്ണിയെ അനുമോദിച്ചു. AKCC ബാങ്ക് ഉപരോധത്തിൽ കെ സി വൈ എം മുള്ളൻകൊല്ലി മേഖല പ്രതിനിധികൾ ഐക്യദാർഢ്യം പ്രഖ്യാപിച്ചു. വിദ്യാർഥി പ്രതിഭാ പുരസ്കാരത്തിന് അർഹയായ സീതാമൗണ്ട് യൂണിറ്റ് അംഗം അനീറ്റ റോസ് ജോണി അഭിനന്ദനം അറിയിച്ചു. രൂപത എപ്പാർ ക്കിയൽ അസ്സംബ്ലിയിൽ മുള്ളൻകൊല്ലി മേഖല പ്രതിനിധികൾ പങ്കെടുത്തു.

**ചുങ്കക്കുന്ന് മേഖല**

കെ. സി. വൈ. എം ചുങ്കക്കുന്ന് മേഖലയുടെയും മാനന്തവാടി

രൂപത മീഡിയകമ്മീഷന്റെയും നേതൃത്വത്തിൽ അമ്പായത്തോട് യൂണിറ്റിന്റെ ആതിഥേയത്വത്തിൽ അമ്പായത്തോട് ടൗണിൽ നിന്നും ദേവാലയത്തിലേക്ക് കുരിശിന്റെ വഴി നടത്തി. മേഖല ഡയറക്ടർ ഫാ. കുര്യൻ വാഴയിൽ, യുവജനങ്ങൾ എന്നിവർ നേതൃത്വം നൽകി. മേഖല സമിതിയും കൊട്ടിയൂർ യൂണിറ്റും സംയുക്തമായി ജനവാസ മേഖലയിൽ ഇറങ്ങിയ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പ്രതിഷേധിച്ചുകൊണ്ട് കൊട്ടിയൂർ ടൗണിൽ പന്തം കൊളുത്തി പ്രകടനവും പ്രതിഷേധ സദസ്സും സംഘടിപ്പിച്ചു. അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് The most powerful lady in your life' എന്ന വിഷയത്തിൽ കവിതാ രചന മത്സരം സംഘടിപ്പിച്ചു.

**ദ്വാരക മേഖല**

വനിതാ ദിനത്തിന്റെ ഭാഗമായി AMELIA 2k22 എന്ന പേരിൽ എകദിന ക്ലാസ്സ്, സെമിനാർ എന്നിവ സംഘടിപ്പിച്ചു. യുവജനങ്ങൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് ആശയ വിനിമയം നടത്തി. ST. JOSEPH DAY ആചരിച്ചു. രൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന ST. JOSEPH ഹോസ്പിറ്റൽ സന്ദർശിക്കുകയും ആശുപത്രി ജീവനക്കാരുമായി മധുരം പങ്കിടുകയും ചെയ്തു. രൂപതയുടെ കുരിശുമല തീർത്ഥാടന കേന്ദ്രമായ കുറുമ്പാലകോട്ടയിലേക്ക് KCYM ന്റെയും രൂപത മീഡിയകമ്മീഷന്റെയും നേതൃത്വത്തിൽ കുരിശിന്റെ വഴി നടത്തി.

**നീലഗിരി മേഖല**

വി. യൗസേപ്പിതാവിന്റെ തിരുന്നാൾ സെന്റ്. ജോസഫ് ബോസ് പറ ദേവാലയത്തിൽ വെച്ച് കെ. സി വൈ എം നീലഗിരി മേഖലയുടെ നേതൃത്വത്തിൽ മണ്ണുവയൽ, വിമലഗിരി ബോസ്പറ യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ടു. 12 ഇടവകകളിൽ നിന്നായി 70 ഓളം യുവജനങ്ങൾ പങ്കെടുത്തു. നീലഗിരി മേഖലയുടെ കർമ്മപദ്ധതി 'വീഥി 2022' ഉദ്ഘാടനം നീലഗിരി റീജിയണൽ ഡയറക്ടർ ഫാ. വിൻസെന്റ് കളപ്പുരയിൽ നിർവഹിച്ചു. കെ സി വൈ എം മാനന്തവാടി രൂപതയോടു ചേർന്ന് കാൻസർ രോഗികൾക്കായുള്ള കേശദാനം പരിപാടി SPERANZA 2022 നടത്തി. രൂപതയുടെ ജൂബിലിയോട് അനുബന്ധിച്ചു Regional Epharical Assembly, NDS ഓഫീസിൽ വെച്ച് നടത്തി. 'ഉണർവ് 2022' മേഖലയിലെ യൂണിറ്റ് ഭാരവാഹികൾക്കായി സെന്റ് ജോസഫ് ബോസ്പറ ദേവാലയത്തിൽ വെച്ച് സി വൈ എം നീലഗിരി മേഖലയുടെ നേതൃത്വത്തിൽ ലീഡർഷിപ്പ് ട്രെയിനിങ് ക്യാമ്പ് നടത്തി. മേഖല പ്രോഗ്രാം കോഡി

നേറ്റർ ശ്രീ. ജിതിൻ ചുണ്ടക്കാട്ട് ലീഡർഷിപ്പ് ട്രെയിനിങ് നല്കി. 70 ഓളം യുവജനങ്ങൾ പങ്കെടുത്തു. 'നേരം 2022' രൂപതാ സമിതി, മേഖലാ വിസിറ്റിനു തുടക്കം കുറിച്ചതിന്റെ ഭാഗമായി ആദ്യ വിസിറ്റ് കെ. സി. വൈ. എം നീലഗിരി മേഖലയിൽ നടത്തി. നീലഗിരി കോളേജ് നടത്തുന്ന 'ഹാപ്പിനെസ്സ് ഫെസ്റ്റ് 2022' ന്റെ ഭാഗമായി നിർധനരായ 10000 പേർക്ക് ഭക്ഷണം നൽകുന്നതിന്റെ ഭാഗമായി Food Challenge സംഘടിപ്പിച്ചു. മേഖലയുടെ പേരിൽ പണം സ്വരൂപിച്ചു മേഖല സെക്രട്ടറി സാന്ദ്ര വട്ടക്കുന്നേൽ കോളേജ് അധികൃതരെ ഏൽപ്പിച്ചു.

**നടവയൽ മേഖല**

KCYM നടവയൽ മേഖലയും മീഡിയകമ്മിഷനും ചേർന്ന് നടവയൽ യൂണിറ്റിൽ വച്ച് കുരിശിന്റെ വഴി നടത്തി. നൂറോളം യുവജനങ്ങൾ പങ്കെടുത്തു. വനിതാദിനത്തിന്റെ ഭാഗമായി KCYM നടവയൽ മേഖലയുടെ നേതൃത്വത്തിൽ കല്ലുവയൽ യൂണിറ്റിന്റെ സഹകരണത്തോടെ അതിവിപുലമായി വനിതാ ദിനാഘോഷം സംഘടിപ്പിച്ചു. വൃക്ക ദാനം നല്കിയ സി. ഷാന്റി SKD, ചുണ്ടക്കര യൂണിറ്റ് അനിമേറ്ററെ നടവയൽ മേഖലാ ടീം ആദരിച്ചു. നടവയൽ മേഖല വൈ. പ്രസിഡൻറ് എബിൻ തരുമാക്കിൽ പൊന്നാട അണിയിച്ചും മേഖല സെക്രട്ടറി റ്റിജിൻ ജോസഫ് വെള്ളപ്ലാക്കിൽ മൊമന്റോ നല്കി സ്നേഹാദരം അർപ്പിച്ചു. വനിതാദിനത്തോട് അനുബന്ധിച്ച് എല്ലാ വനിതകൾക്കും വേണ്ടി ആശംസാ വീഡിയോ നിർമ്മിച്ച് മധ്യമങ്ങളിൽ പ്രചരിപ്പിച്ചു. ലോക ജല ദിനം- ജല സംരക്ഷണവുമായി ബദ്ധപ്പെട്ട സ്റ്റാറ്റസ് വീഡിയോ നിർമ്മിച്ച് പ്രചരിപ്പിച്ചു. 'നിറവ് 2022' ന് തുടക്കം കുറിച്ചു. മേഖലയുടെ നേതൃത്വത്തിൽ വിവിധ യൂണിറ്റുകളിൽ നിന്ന് നിത്യോപയോഗ സാധനങ്ങൾ ശേഖരിച്ച് വിവിധ ആശ്രയ കേന്ദ്രങ്ങളിൽ എത്തിച്ച് നല്കി.

## യൂണിറ്റ് വാർത്തകൾ

**അമ്പായത്തോട് യൂണിറ്റ്**

വി. യൗസേപ്പിതാവിന്റെ തിരുനാൾ യൂണിറ്റിൽ ആചരിച്ചു. അന്നേദിവസം യൂണിറ്റ് അംഗങ്ങൾ ദിവ്യബലിയിൽ പങ്കുചേരുകയും തിരുനാൾ മംഗളങ്ങൾ നേരുകയും ചെയ്തു. വാർഷിക പരീക്ഷക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികളെ ആത്മീയമായി ഒരുക്കുവാൻ പരീക്ഷ ഒരുക്കപ്രാർത്ഥന, ദിവ്യകാരുണ്യ ആരാധന, പഠനോപകരണങ്ങളുടെ വെഞ്ചിരിപ്പ് എന്നിവ നടത്തി. അന്താരാഷ്ട്ര വനിതാ ദിനത്തിൽ യൂണിറ്റ് സിൻഡിക്കേറ്റ് മെമ്പർ അസിൻ

പള്ളിത്താഴത്ത് വനിതാദിന സന്ദേശം ഓൺലൈൻ നവമാധ്യമങ്ങളിലൂടെ നൽകി.

**നെടുമ്പാല യൂണിറ്റ്**

നാല്പതാം വെള്ളിയാഴ്ച വൈകുന്നേരം 5 മണിക്ക് നെടുമ്പാല യൂണിറ്റിൽ വെച്ച് കെ സി വൈ എം കൽപ്പറ്റ മേഖലയുടെ നേതൃത്വത്തിൽ കുരിശിന്റെ വഴിയും ജാഗരണ പ്രാർത്ഥനയും സംഘടിപ്പിച്ചു. കൽപ്പറ്റ മേഖല ഡയറക്ടർ ബഹു. ഫാ. റെജി മുത്തുകത്താനിയിൽ വി. ബലി അർപ്പിക്കുകയും ഫാ. പ്രിൻസ് എസ്. ജെ. വചന പ്രഘോഷണം നടത്തുകയും ചെയ്തു. 200 ലധികം യുവാക്കളും ഇടവകജനങ്ങളും സജീവമായി പങ്കുചേർന്നു.

**പനമരം യൂണിറ്റ്**

സൗഹൃദത്തിന്റെ മേച്ചിൽപുറങ്ങളിലൂടെ, സേവനത്തിന്റെ പാത പുൽകി, ഇടവകാ കുടുംബത്തിലെ എല്ലാ കുടുംബങ്ങളിലേക്കും ഇറങ്ങി ചെന്ന് യുവജനങ്ങൾ. 2022 മാർച്ച് 27, 28, 29 തിയ്യതികളിലായി യൂണിറ്റ് പ്രസിഡന്റ് അഖിൽ മുരിങ്ങാമറ്റത്തിന്റെ നേതൃത്വത്തിൽ നടന്ന ആക്രി പെറുക്കലിൽ (SCRAP COLLECTION) 30 യുവജനങ്ങൾ പങ്കാളികളായി. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി. വിശുദ്ധ വാരത്തിലേക്ക് ഒരുക്കത്തോടെ പ്രവേശിക്കാൻ കെ.സി.വൈ.എം നടവയൽ മേഖലയും കെ.സി.വൈ.എം പനമരം യൂണിറ്റും സംയുക്തമായി ഒരുക്കിയ NIGHT VIGIL 2022 ഏപ്രിൽ 9, ശനിയാഴ്ച്ച പനമരം യൂണിറ്റിൽ നടത്തപ്പെട്ടു.

**കല്ലോടി യൂണിറ്റ്**

മാർച്ച് 11 ന് കല്ലോടി ഗ്രോട്ടോയിൽ നിന്നും ആരംഭിച്ച കുരിശിന്റെ വഴിയിൽ യുവജനങ്ങൾ പങ്കെടുത്തു. ഇടവകയിൽ നിന്നും വേർപെട്ടുപോയവരുടെ വീട് സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. വി. യൗസേപ്പിതാവിന്റെ ഓർമ്മയിൽ മാർച്ച് 20 ന് വി. ബലിയിൽ പങ്കെടുക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. ഇടവകയിൽ പുതുതായി നിർമ്മിച്ച പാരിഷ് ഹാൾ വെഞ്ചിരിപ്പിനോടനുബന്ധിച്ച് ഹാൾ വൃത്തിയാക്കുകയും പാരിഷ് ഹാൾ വെഞ്ചിരിപ്പിലും തുടർന്നുള്ള പരിപാടികളും കെ.സി.വൈ.എം അംഗങ്ങൾ പങ്കെടുത്തു. ഏപ്രിൽ 1 ന് നടത്തിയ മലയാറ്റൂർ, ഭരണങ്ങാനം തീർത്ഥാടനത്തിൽ യുവജനങ്ങൾ പങ്കുചേർന്നു. നാല്പതാം വെള്ളിയുടെ ഭാഗമായി വൈകുന്നേരം വാർഡുകളിൽ നിന്ന് പള്ളിയിലേക്കുള്ള കുരിശിന്റെ വഴി സംഘടിപ്പിക്കുകയും തുടർന്നുള്ള കുർബാനയിലും യുവജനങ്ങൾ പങ്കെടുത്തു.

**തവിഞ്ഞാൽ യൂണിറ്റ്**

മാർച്ച് 8 അന്താരാഷ്ട്ര വനിതാദിനത്തിൽ വനിതാദിനത്തിന്റെ സന്ദേശം ഉൾക്കൊള്ളുന്ന തരത്തിൽ പോസ്റ്റർ തയ്യാറാക്കി ഇടവകയിലെ യുവജനങ്ങൾ സ്റ്റാറ്റസ് മാർച്ച് നടത്തി. വി. യൗസേപ്പിതാവിന്റെതിരുനാളിനോടനുബന്ധിച്ച്മേഖലനടത്തിയ'അപ്പനോടൊപ്പം' മത്സരത്തിൽ തവിഞ്ഞാൽ യൂണിറ്റിൽ നിന്നും യുവജനങ്ങൾ പങ്കെടുത്തു. സംസ്ഥാന സർക്കാരിന്റെ നൂറ് ദിന പരിപാടികളുടെ ഭാഗമായി ഏർപ്പെടുത്തിയ മുഖ്യമന്ത്രിയുടെ വിദ്യാർത്ഥി പ്രതിഭാപുരസ്കാരം കരസ്ഥമാക്കിയ തവിഞ്ഞാൽ യൂണിറ്റ് അംഗമായ ലിന്റു ഇട്ടിയപ്പാറയ്ക്ക് അഭിനന്ദനങ്ങൾ നൽകി.

**ഡെറിൻ കൊട്ടാരത്തിൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹ ഒരുക്ക കോഴ്സ്**

ഏപ്രിൽ 8,9,10 തിയതികളിൽ നടത്തിയ ഓൺലൈൻ കോഴ്സിൽ 108 പേർ പങ്കെടുത്തു. അടുത്ത കോഴ്സ് മെയ് 6,7,8 തിയതികളിൽ.

**മരിയൻ സിംഗിൾസ്**

രൂപതാ മീറ്റിംഗ് നടത്തി. 10 അംഗങ്ങൾ പങ്കെടുത്തു. അടുത്ത മീറ്റിംഗ് ഏപ്രിൽ – 19

**മാതൃവേദി**

മാനന്തവാടി രൂപതയുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ഏപ്രിൽ 4, 5,6,7 തീയതികളിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്ന എപ്പാർക്കിയേൽ അസംബ്ലിയിൽ, മാനന്തവാടി രൂപത മാതൃ വേദിയുടെ പ്രതിനിധിയായി മാതൃവേദി ജോയിൻ സെക്രട്ടറി ശ്രീമതി ബ്രില്ലി കേളങ്ങട്ടിൽ പങ്കെടുത്തു. ദ്വാരക, തരിയോട് എന്നീ മേഖലകളിലെ മാതൃവേദി അംഗങ്ങൾ, എപ്പാർക്കിയേൽ അസംബ്ളിയിൽ പങ്കെടുക്കുന്നവർക്ക് വേണ്ടി ഭക്ഷണം പാചകം ചെയ്യുവാൻ സഹായിച്ചു.

**പയ്യമ്പള്ളി മേഖല –** മേഖലാ തലത്തിൽ നാൽപ്പതാം വെള്ളിയാഴ്ച്ച കുരിശിന്റെ വഴി നടത്തി.

**പേര്യ –** കിഡ്നി രോഗിക്ക് 20000 രൂപ ചികിത്സ സഹായം നൽകി. പിടിയരി ശേഖരണം, രോഗീസന്ദർശനം, കുരിശിന്റെ വഴി, ദേവാലയ ശുചീകരണം എന്നിവ നടത്തി.

**റിപ്പൺ –** അന്താരാഷ്ട്ര വനിത ദിനത്തിൽ വനിതകളുടെ കൂട്ടായ്മ നടത്തി. 70 –ഓളം പേർ പങ്കെടുത്തു. വനിതകൾ അനുഭവിക്കുന്ന പ്രതിസന്ധികൾ എന്ന വിഷയത്തിൽ ബഹു. മുൻ പ്രസിഡന്റ് ശ്രീമതി വിജി നെല്ലിക്കുന്നേൽ ക്ലാസ് നയിച്ചു. കുടുംബ കലഹങ്ങളെകുറിച്ച് സി. റോസ്മേരി ക്ലാസ് എടുത്തു. തുടർന്ന് ഗ്രൂപ്പ് ചർച്ചകളും ഗെയിംമുകളും നടത്തി.

**ചുങ്കക്കുന്ന് –** വനിത ദിനത്തോടനുബന്ധിച്ച് ക്യാൻസർ രോഗി

കൾക്ക് 8 അമ്മമാർ മുടി ദാനം ചെയ്തു. ലോഗോസ് വിജയികളായും വാർഡ് മെമ്പറേയും ആദരിച്ചു. വിവിധയിനം പലഹാരങ്ങൾ, കര കൗശല വസ്തുക്കൾ, സംഗീതം എന്നീ മത്സരങ്ങൾ നടത്തി. രോഗീസന്ദർശനം നടത്തി. ലോകസമാധാനത്തിനായ് കുരിശിന്റെ വഴി, ആരാധന എന്നിവ നടത്തി. പരീക്ഷ വിദ്യാർത്ഥികൾക്കായി സഹന ജപമാല ചൊല്ലി. ജീവസ് ഇൻഷൂറൻസ് പദ്ധതിയിൽ ചേരു ന്നതിനായി 3000 രൂപയും ഭവന നിർമ്മാണത്തിനായി 5000 രൂപ യും രോഗീസഹായമായി 4000 രൂപയും നൽകി.

**കേളകം–** ഒരു നിർദ്ദന കുടുംബത്തിന് 1000 രൂപ സഹായം നൽകി. മരിയ ഭവൻ സന്ദർശിച്ച് 10000 രൂപ സഹായിച്ചു. ഓപ്പറേഷനുവേണ്ടി ഒരു കുടുംബത്തിന് 5000 രൂപ ചികിത്സ സഹായം നൽകി.

**മരകാവ് –** ലോകം മുഴുവൻ സമാധാനം കൈവരുന്നതിനും യുദ്ധങ്ങൾ അകന്നു പോകുന്നതിനും വിദ്യാർത്ഥികൾ പരീക്ഷ നന്നായി എഴുതുന്നതിനും വേണ്ടി പ്രത്യേകം പ്രാർത്ഥിച്ചു. ലൂർദ് മാതാവിന്റെ തിരുനാൾ വീടുകളിൽ ആഘോഷിച്ചു. തിരഞ്ഞെടുത്ത 2 വീഡിയോകൾ മേഖലയ്ക്ക് നൽകി. വാഴ്ത്തപ്പെട്ട റാണി മരിയ യുടെ തിരുനാളിനോടനുബന്ധിച്ച് സമർപ്പിതരെ ആദരിച്ചു. പരീക്ഷ ഒരുക്ക പ്രാർത്ഥന നടത്തി. മൃതസംസ്ക്കാര ശുശ്രൂഷയിൽ പങ്കെ ടുത്തു. എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. രോഗി സന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി. എല്ലാ ദിവസവും അമ്മമാർ കരുണ കൊന്ത ചൊല്ലിവരുന്നു. വചനം എഴുത്ത് മത്സരം നടത്തി. കിറ്റ് നൽകി

**നരിവാലമുണ്ട–** ആദ്യ വെള്ളിയാഴ്ച നടത്തിയ ആരാധനയിൽ ധാരാളം അമ്മമാർ പങ്കെടുത്തു. രോഗീ സന്ദർശനം നടത്തി ലൂർദ് മാതാവിന്റെ തിരുനാൾ ദിനത്തിൽ ജപമാലയുടെ അഞ്ചാം രഹസ്യം എല്ലാ രോഗികൾക്കും വേണ്ടി കാഴ്ച വച്ചു പ്രാർത്ഥിച്ചു. മണിമൂളി യിൽ വച്ചു നടന്ന ഫോറോനാ കൗൺസിലിൽ മാതൃവേദിയെ പ്രതി നിധീകരിച്ചു അനിമേറ്റർ, സെക്രട്ടറി എന്നിവർ പങ്കെടുത്തു. റാണി മരിയ അനുസ്മരണദിനത്തിൽ സിസ്റ്ററിന്റെ അനിയത്തി, ice പോസ്റ്റു ലേറ്റർ എന്നിവരെ ഉൾപ്പെടുത്തി ഇന്റർവ്യൂ നടത്തി സോഷ്യൽ മീഡിയയിൽ പോസ്റ്റ് ചെയ്തു.

**കുഞ്ഞോം–** സാന്ത മോണിക്ക മധ്യസ്ഥപ്രാർത്ഥന ദിവസവും അയച്ചുകൊടുത്തു. ഇടവകയിൽ നടത്തിയ വാർഷിക ധ്യാനത്തിൽ

അമ്മമാർ പങ്കെടുത്തു. ലൂർദ് മാതാവിന്റെ തിരുനാളിൽ രോഗികളായവർക്ക് വേണ്ടി അമ്മമാരുടെ നേതൃത്വത്തിൽ പ്രാർത്ഥന നടത്തി. തിരുവചന പാഥേയം ദിവസവും ഓരോ വചനം അയച്ചുകൊടുത്തു. പഠന സഹായത്തിനായി 5000/ നൽകി. രൂപതാ വാർഷികത്തിൽ പങ്കെടുത്തു.

**കബനിഗിരി –** മാർച്ച് ഒന്നിന് ദ്വാരകയിൽ വച്ചു നടന്ന മാതൃവേദി രൂപതാ വാർഷികത്തിൽ, കബനിഗിരി മാതൃവേദി ടീം ചാവറപിതാവിനെക്കുറിച്ചുള്ള നാടൻ കലാരൂപം അവതരിപ്പിച്ചു.

**മഞ്ഞൂറ –** ഉക്രയിനിൽ സാമാധാനം പുനസ്ഥാപിക്കപ്പെടുന്നതിന് അമ്മമാർ ഭവനങ്ങളിൽ കുരിശിന്റെ വഴി ചൊല്ലി പ്രാർത്ഥിച്ചു. വനിതാദിനത്തിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ ഇടവകയിലെ പ്രായമുള്ള അമ്മമാരെ സന്ദർശിക്കുകയും അവരെ ആദരിക്കുകയും ചെയ്തു. പരീക്ഷയക്ക് ഒതുങ്ങികൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്കു വേണ്ടി പ്രാർത്ഥിച്ചു.

**അമരക്കുനി –** ലൂർദ് മാതാവിന്റെ തിരുനാളിനോടാനുബന്ധിച്ചു എല്ലാ അമ്മമാരും വിശുദ്ധ കുർബാനയിൽ പങ്കെടുക്കുകയും, വാർഡിലെ ഒരു ഭവനത്തിൽ ഒരുമിച്ചു കൂടി ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

**പുൽപള്ളി –** ലൂർദ് മാതാവിന്റെ തിരുനാൾ ദിനമായ ഫെബ്രുവരി 11ന് പ്രത്യേക പ്രാർത്ഥനയും ജപമാലയും അംഗങ്ങൾ വീടുകളിൽ നടത്തി. സിസ്റ്റർ റാണി മരിയയുടെ തിരുനാൾ ദിനമായ ഫെബ്രുവരി 25ന് അംഗങ്ങൾ ഒരു കരുണ കൊന്ത ചൊല്ലി ദൈവവിളി സ്വീകരിച്ചവർക്ക് വേണ്ടി പ്രാർത്ഥിച്ചു. സിസ്റ്റർ റാണി മരിയയുടെ തിരുനാളിനോട് അനുബന്ധിച്ച് നടത്തിയ ജപമാല പ്രദക്ഷിണത്തിന്റെ വീഡിയോ മേഖലയ്ക്ക് അയച്ചുകൊടുത്തു. പത്താം ക്ലാസ് പഠിക്കുന്ന വിദ്യാർത്ഥികളെ കാണുകയും അവർക്ക് വേണ്ടി കുർബാനയിൽ പ്രത്യേകം സമർപ്പണം നടത്താമെന്നും പരീക്ഷയുടെ നാളുകളിൽ വിശുദ്ധ കുർബാനയിൽ പങ്കെടുക്കണം എന്നും ഓർമ്മപ്പെടുത്തി. രോഗീ സന്ദർശനം നടത്തി. ദ്വാരകയിൽ വച്ച് നടത്തിയ രൂപതാ വാർഷികത്തിൽ 3 പേർ പങ്കെടുത്തു.

**പട്ടാണിക്കൂപ്പ്–**യുവജങ്ങൾക്കുവേണ്ടി നിയോഗംവച്ച് പ്രാർത്ഥിച്ചു. സമർപ്പിത ദിനത്തിൽ ഇടവകയിൽ നിന്നും ദൈവവിളി സ്വീകരിച്ചു വിവിധ മേഖലകളിൽ സേവനം ചെയുന്നവരെ ഫോൺവിളിച്ചു

ആശംസകൾ നേർന്നു. ലൂർദ് മാതാവിന്റെ തിരുന്നാൾ ദിനത്തിൽ ശാഖയിലെ അമ്മമാർ വീടിനു ചുറ്റും ജപമാല പ്രദഷിണം നടത്തി മാതൃവേദി ശാഖ, മേഖല, രൂപത നേതൃത്വങ്ങൾക്കു വേണ്ടിയും, കുടുംബങ്ങൾക്കുവേണ്ടിയും പ്രാർത്ഥിച്ചു. മുള്ളംകൊല്ലി മേഖലാ വാർഷികം പട്ടാണികൂപ്പ് ശാഖയിൽ വച്ച് നടത്തി. ഈ വാർഷിക സമ്മേളനത്തിൽ ബഹു. രൂപതാ ഡയറക്ടർ, മേഖല ഡയറക്റ്റർ, ഫൊറോന വികാരി തുടങ്ങി ബഹുമാനപ്പെട്ട എഴോളം വൈദിക രുടെ നിറ സാന്നിധ്യം വാർഷികത്തിനു മാറ്റ് കൂട്ടി. നൂറ്റമ്പതോളം അമ്മമാർ പങ്കെടുത്തു. ഇടവകതിരുനാളിന് നേർച്ചഭക്ഷണമുണ്ടാ ക്കുവാൻ മാതൃവേദി അമ്മമാരുടെ പൂർണ സഹകരണം ഉണ്ടായി രുന്നു.

**പാൽചുരം –** സമർപ്പിത ദിനത്തിൽ എല്ലാ സമർപ്പിതർക്കും വേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിച്ചു. ഇടവകയിൽ പുത്തൻ കുർബാനയർ പ്പിച്ചു പ്രാർത്ഥിച്ച നവവൈദികനെ ആദരിച്ചു. വാ. സി. റാണിമരിയ യുടെ തിരുനാളിനോടാനുബന്ധിച്ചു പ്രത്യേകം പ്രാർത്ഥിക്കുകയും മധുരപലഹാരം നൽകുകയും ചെയ്തു. ശാഖ എക്സിക്ക്യൂറ്റീവ് സമ്മേളിച്ചു മാർഗരേഖ തയ്യാറാക്കി.

**മരക്കടവ്–** ആരാധനാലയങ്ങളിൽ വി. കുർബാനക്ക് വിലക്കേർപ്പെടു ത്തിയതിനെതിരെ അമ്മമാർ പ്രതിഷേധിച്ചു. ലൂർദ് മാതാ തിരുനാൾ ആഘോഷിക്കുകയും,വത്സ നരിവേലി ലൂർദ് മാതാ സന്ദേശം നൽ കുകയും ചെയ്തു. കുടുംബത്തിൽ അമ്മമാർ നേരിടുന്ന മാനസിക വൈകാരിക ബുദ്ധിമുട്ടുകളെക്കുറിച്ച് സിസ്റ്റർ ഡോണ അമ്മമാർക്ക് ആയി വെബിനാർ നടത്തി. ദൈവവിളി പ്രോത്സാഹന ദിനത്തോട നുബന്ധിച്ച് ഈ ഇടവകയിൽ നിന്ന് ദൈവവിളി സ്വീകരിച്ച എല്ലാ വൈദികരെയും സന്യസ്തരെയും ഗൂഗിൾ മീറ്റ് വഴി സന്യാസ സംഗമം നടത്തി. ഇടവകയിൽ നടത്തിയ പരീക്ഷ ഒരുക്ക പ്രാർത്ഥ നയിലും, ആരാധനയിലും, കുട്ടികളോടൊപ്പം അമ്മമാരും പങ്കെ ടുത്തു. രൂപത വാർഷികത്തിൽ ശാഖയിൽനിന്ന് നാല് അംഗങ്ങൾ പങ്കെടുത്തു. വനിത ദിനം ആചരിച്ചു. വിശുദ്ധ യൗസേപ്പിതാവിന്റെ മരണത്തിത്തിരുന്നളിനോടനുബന്ധിച്ച് ഇടവകയിൽ നേർച്ച ഭക്ഷണം ഉണ്ടാക്കുന്നതിൽ സഹായിച്ചു. മംഗളവാർത്ത തിരുനാൾ ആഘോഷിച്ചു.

**പറളിക്കുന്ന് –** ബൈബിൾ ക്വിസിൽ പങ്കെടുത്ത മുഴുവൻ അമ്മ

മാർക്കും മാതൃവേദി മൊമന്റോ നൽകി.

വി. യൗസേപ്പിതാവിന്റെ തിരുനാളിന് ഒരുക്കമായി 33 ദിവസത്തെ പ്രാർത്ഥനയിൽ അമ്മമാർ പങ്കെടുത്തു. രോഗീസന്ദർശനം നടത്തി. പള്ളി വൃത്തിയാക്കുന്നതിന് ആവശ്യമായ ചൂലുകൾ നിർമ്മിച്ചു.

**തലത്തി –** വിവിധ പരീക്ഷകൾക്ക് ഒരുങ്ങുന്ന വിദ്യാർഥികളെ പ്രത്യേകം സമർപ്പിച്ച് പ്രാർത്ഥിച്ചു. രോഗികളുടെ ഭവനങ്ങൾ സന്ദർശിച്ച് കുരിശിന്റെ വഴി ചൊല്ലി പ്രാർത്ഥിച്ചു. ഇടവകയിലെ നവോമിമാരെയും ഏലിശ്വമാരെയും സന്ദർശിച്ച് പ്രാർത്ഥിച്ചു. ചികിത്സാ സഹായം 3000 രൂപ നൽകി. രോഗികളായവരുടെ ഭവനം ശുചികരിച്ചു. ലൂർദ്ദ് മാതാവിന്റെ തിരുന്നാളിൽ സമർപ്പിതരെ വിശുദ്ധ ബലിയിൽ സമർപ്പിച്ച് പ്രാർത്ഥിച്ചു. വാഴ്ത്തപ്പെട്ട റാണി മരിയയുടെ തിരുന്നാൾ ഇടവകയിൽ കൂടുതൽ ദൈവവിളികൾ ഉണ്ടാകുന്നതിനുവേണ്ടി പ്രത്യേകം കുർബ്ബാന ചൊല്ലിച്ചു പ്രാർത്ഥിച്ചു. സ്തുത്യർഹമായ സേവനമനുഷ്ഠിച്ച മാതൃവേദിയുടെ മുൻകാല ഭാരവാഹിയെ ആദരിച്ചു. രൂപതയിലെ ജൂബിലി ആഘോഷത്തോടനുബന്ധിച്ചുള്ള ചർച്ചയിൽ പങ്കെടുക്കുകയും റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു.

**പുതിയിടംകുന്ന്–** വചന കവചം 38780 പ്രാവശ്യം ചൊല്ലി പ്രാർത്ഥിച്ചു. നമ്മുടെ ഇടവകയിൽ വാഹന അപകടത്തിൽ മരിച്ച ശുഭ എടപ്പാറയ്ക്കലിന്റെ ഭവനം മാതൃവേദി എക്സിക്യൂട്ടീവ് അംഗങ്ങൾ സന്ദർശിക്കുകയും കുട്ടികളെ ആശ്വസിപ്പിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു. ആനിമേറ്റർ സിസ്റ്ററുടെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ പള്ളിയിൽ പൂന്തോട്ടം നട്ടു.

**ഇരുളം–** ലൂർദ് മാതാവിന്റെ തിരുനാളിന് ഭവനത്തിൽ നടത്തിയ ആഘോഷത്തിന്റെ ഒരു വീഡിയോ തയ്യാറാക്കി ശാഖാ തലത്തിലുള്ള മത്സരത്തിനു നൽകി. കിടപ്പുരോഗികളെ സന്ദർശിച്ചു. പ്രായമായ അമ്മച്ചിയും ബുദ്ധിമാന്ദ്യമുള്ള ഒരു മകനും മാത്രം താമസിക്കുന്ന ഒരു വീട് വൃത്തിയാക്കുകയും അവിടുത്തെ അമ്മച്ചിയെ കുമ്പസാരത്തിന് ഒരുക്കുകയും അവർക്ക് സാമ്പത്തികസഹായവും വീട്ടിലേക്ക് ആവശ്യമായ കുറച്ച് ഭക്ഷ്യവസ്തുക്കളും നൽകുകയും ചെയ്തു. യുവതലമുറയ്ക്ക് വേണ്ടിയും ലോകസമാധാനത്തിന് വേണ്ടിയും കരുണകൊന്ത ചൊല്ലി പ്രാർത്ഥിച്ചു.

**പാലാങ്കര–** ആദ്യ കുർബാന സ്വീകരിച്ച 25 കുഞ്ഞുങ്ങൾക്ക് വേണ്ടി

പ്രാർത്ഥിക്കുകയും ആശംസകൾ അർപ്പിക്കുകയും ചെയ്തു മാനന്തവാടി രൂപതയുടെ ജൂബിലിയോട് അനുബന്ധിച്ചുള്ള മണിമൂളി ഫൊറോന അസംബ്ലിയിൽ പ്രസിഡന്റ് ജിഷയും സെക്രട്ടറി ജോൺസിയും പങ്കെടുത്തു.

**കയ്യൂന്നി –** ഭവനങ്ങളിൽ വി. യൗസേപിതാവിന്റെ വണക്കമാസം വായിച്ചു. ആദ്യവെള്ളിയാഴ്ച ആരാധന നടത്തി. കിടപ്പുരോഗികളെ സന്ദർശിച്ചു. ഒരു നിർദ്ദനകുടുംബത്തിന് 5000 രൂപ ചികിത്സ സഹായം നൽകി. ധ്യാന വിജയത്തിനായ് ജപമാല ചൊല്ലി. കുരിശിന്റെ വഴി നടത്തി.

**ചുങ്കക്കുന്ന് –** അന്താരാഷ്ട്ര വനിതദിനത്തിൽ മുതിർന്ന വനിതകളെ ആദരിച്ചു. വി. യൗസേപിതാവിന്റെ തിരുനാൾ സമുചിതമായി ആഘോഷിച്ചു. പരീക്ഷ എഴുതുന്ന കുട്ടികൾക്കുവേണ്ടി ജപമാല ചൊല്ലി.

**ഇരുളം –** വനിതാ ദിനത്തിന്റെ അന്ന് പ്രായമായ വനിതയെ ആദരിക്കുകയും അവർക്ക് സാമ്പത്തിക സഹായമായി 1000 രൂപ നൽകുകയും ചെയ്തു. മാർച്ച് 19 യൗസേപ്പ് പിതാവിന്റെ തിരുനാളിന് ഇടവകയിൽ ഉള്ള 32 ഭവനങ്ങൾക്ക് 16000 രൂപയുടെ ഭക്ഷ്യ കിറ്റ് വിതരണം ചെയ്തു. മരുന്നിനും ചികിത്സാ ചെലവിനും മറ്റുമായി 2500 രൂപ ഒരു കുടുംബത്തിന് നൽകി.

**അപ്പപ്പാറ –** പള്ളി പെയിന്റിങ് നോടനുബന്ധിച്ച് മാതൃവേദി അംഗങ്ങൾ ചേർന്ന് പള്ളിയും പരിസരവും വൃത്തിയാക്കി. നാല്പതാം വെള്ളിയാഴ്ച കുരിശിന്റെ വഴി നടത്തി.

**വഞ്ഞോട് –** മാതൃവേദി കൺവെൻഷനിൽ 4 പേർ പങ്കെടുത്തു ഇടവകയിലെ കുടുംബങ്ങളിൽനിന്നു ആക്രീ ശേഖരിച്ച് ഫണ്ട് സമാഹരിച്ചു. വി. യൗസേപ്പു പിതാവിന് തിരുന്നാൾ ആഘോഷിച്ചു മാതാവിന്റ മംഗള വാർത്ത തിരുന്നാളിൽ ജപമാല ചെല്ലി പ്രാർത്ഥിച്ചു.

**വാളേരി –** മാർച്ച് 1 – ന് ദ്വാരകയിൽ വച്ച് നടന്ന രൂപത വാർഷികത്തിൽ 4 പേർ പങ്കെടുത്തു. 12–ാം തിയ്യതി മേഖല വാർഷികം നടത്തി. 110 അമ്മമാർ പങ്കെടുത്തു. ജൈവ പച്ചക്കറിത്തോട്ടം സന്ദർശിച്ച് മികച്ച 4 തോട്ടങ്ങൾക്ക് സമ്മാനം നൽകി. ലോഗോസിന് 70 മാർക്കിൽ കൂടുതൽ നേടിയ 2 പേർക്ക് സമ്മാനം നൽകി ആദരിച്ചു. വി. യൗസേപ്പിതാവിന്റെ തിരുസ്വരൂപം അലങ്കരിച്ചു. മാർച്ച് 19–ന് എല്ലാ പിതാക്കന്മാർക്കും വേണ്ടി വി. കുർബാന ചൊല്ലിച്ചു. അവർക്ക് വേണ്ടി

പ്രാർഥിച്ചു. സാന്താമോനിക്ക പ്രാർത്ഥനയിൽ പങ്കുചേരുന്നു. വചന കവചം നടത്തിവരുന്നു. 10, +2 പരീക്ഷയ്ക്കൊരുങ്ങുന്ന മക്കൾക്ക് വേണ്ടി പ്രത്യേകം പ്രാർത്ഥിച്ചു. ചിട്ടിനറുക്കെടുപ്പ് നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി.

**കരണി –** രൂപത വാർഷികത്തിൽ പങ്കെടുത്തു. ഇടവകയിലെ അമ്മമാർ നോമ്പിന്റെ ചൈതന്യത്തിൽ നിറയാൻ നോമ്പുകാലത്ത് ഓരോ ദിവസവും മാറി മാറി കുരിശിന്റെ വഴി വീടുകളിൽ വ്യക്തിപരമായി നടത്തി. എല്ലാ വെള്ളിയാഴ്ചയും അമ്മമാർ പള്ളിയിൽ വന്ന് കുരിശിന്റെ വഴി, ജപമാല, കരുണകൊന്ത എന്നിവ ചൊല്ലിപ്രാർത്ഥിക്കുന്നു. ഇടവകയിലെ രോഗികളായി കഴിയുന്നവരെ വീടുകളിൽ സന്ദർശിച്ച് അവർക്ക് വേണ്ടി പ്രാർത്ഥിച്ചു. അമ്മമാരുടെ നേതൃത്വത്തിൽ +1, +2 കുട്ടികൾക്ക് പരീക്ഷ ഒരുക്കപ്രാർത്ഥന നടത്തി ജോസഫ് നാമധാരികളെ ആദരിച്ചു. ഇടവകയിലെ മാതൃവേദി മുൻ അംഗമായിരുന്ന നെല്ലിയാനിയിൽ മേരി ചേച്ചിയുടെ നിര്യാണത്തിൽ അമ്മമാർ വീട്ടിൽ പോയി പ്രാർത്ഥിക്കുകയും, റീത്ത് വെക്കുകയും ചെയ്തു. ആദ്യ വെള്ളിയാഴ്ച രാവിലെ മുതൽ വൈകുന്നേരം വരെ അമ്മമാർ പള്ളിയിൽ വന്ന് പ്രാർത്ഥന നടത്തി

**കേളകം –** ഒരു നിർദ്ദന കുടുംബത്തിന് ചികിത്സ സഹായം 1000 രൂപ നൽകി. രോഗീസന്ദർശനം നടത്തി.

**കരിമാനി–1** മുതൽ 31 വരെ ഭവനങ്ങളിൽ വണക്കമാസം വായിച്ചു. രോഗീസന്ദർശനം നടത്തി. 19ന് ഇടവകയിലെ ഏറ്റവും പ്രായം ചെന്ന ജോസഫ് നാമധാരികളായ രണ്ടു പേരുടെ ഭവനങ്ങളിൽ ബഹു ഡയറക്ടറച്ചന്റെയും ആനിമേറ്ററുടെയും നേതൃത്വത്തിൽ പോകുകയും അവരുമായി സംസാരിക്കുകയും ഗിഫ്റ്റ് നൽകുകയും ചെയ്തു. ഞായറാഴ്ചത്തെ വി. കുർബാനയിൽ – ജോസഫ് നാമധാരികളായ 28 പേർക്കും പൂവ് കൊടുത്ത് ആശംസകൾ അറിയിക്കുയും പ്രാർത്ഥിക്കുകയും ചെയ്തു. ഭവനങ്ങളിൽ കുരിശിന്റെ വഴി നടത്തി. പ്രോ–ലൈഫ് (25/ 3/ 22 ) ദിനത്തോടനുബന്ധിച്ച് മക്കളില്ലാത്ത ദമ്പതിമാർക്കുവേണ്ടി കരുണക്കൊന്ത ചൊല്ലി. പരീക്ഷ ഒരുക്ക പ്രാർത്ഥന നടത്തി. കുഞ്ഞുങ്ങളെ സമർപ്പിച്ച് വി. കുർബാനയും തുടർന്ന് 1മണിക്കൂർ ആരാധനയും നടത്തി. ബഹു. വികാരിയച്ചൻ കൈവയ്പു ശുശ്രൂഷ നടത്തി അവരെ അനുഗ്രഹിച്ചു.

**വടപുറം –** രൂപതാ മാതൃവേദി വാർഷികത്തിൽ ശാഖയിൽ നിന്ന് അംഗങ്ങൾ പങ്കെടുത്തു. അമ്പത് നോമ്പിന്റെ ചൈതന്യവും ത്യാഗവും ഉൾക്കൊണ്ട് എല്ലാ അമ്മമാരും വി. ബലിയിൽ പങ്കു ചേരുകയും വൈകുന്നേരം പള്ളിയിൽ കുരിശിന്റെ വഴി നടത്തുകയും ചെയ്യുന്നു. വനിതാ ദിനത്തോടനുബന്ധിച്ച് വി ബലി മധ്യേ എല്ലാ അമ്മമാരും കാഴ്ച സമർപ്പണം നടത്തി. അന്നേ ദിവസം ഇടവകയിലെ ഏറ്റവും പ്രായമുള്ള അമ്മയായ ശ്രീമതി അന്നക്കുട്ടി പുന്നക്കാട്ടിനെയും ഏഴു മക്കളുടെ അമ്മയായ ശ്രീമതി ഏലിയാമ്മ പുത്തൻവീട്ടിലിനെയും പൊന്നാട അണിയിച്ച് ആദരിച്ചു. നോമ്പുകാലത്ത് ഫൊറോനാ തലത്തിൽ ചോക്കാട് വച്ച് നടത്തിയ കുരിശിന്റെ വഴിയിൽ ശാഖയിൽ നിന്ന് എല്ലാ അമ്മമാരും സംബന്ധിച്ചു. കൂടാതെ മേഖലാ തലത്തിൽ നടത്തിയ പുത്തൻപാന പാരായണ മത്സരത്തിൽ നമ്മുടെ ഇടവകയിൽ നിന്ന് 7 പേർ പങ്കെടുത്തു. 10, +2 പരീക്ഷകളെഴുതുന്ന വിദ്യാർത്ഥികൾക്കായി അമ്മമാർ എല്ലാ ദിവസവും രാവിലെ പ്രത്യേക പ്രാർത്ഥന നടത്തിവരുന്നു.

**തരിയോട് –** രൂപത വാർഷികത്തിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു. രൂപതയിൽ നിന്ന് മികച്ചമേഖലയായി തെരഞ്ഞെടുക്കപ്പെട്ടു. 1500 രൂപ ക്യാഷ് അവാർഡ് ലഭിച്ചു. ഒരു നിർദ്ദന കുടുംബത്തിന് 1000 രൂപ നൽകി. മേഖല ഡയറക്ടറുടെ നേതൃത്വത്തിൽ എമ്മാവൂസിലേക്ക് 6000 രൂപകൊടുത്തു.

**കുറുമണി–** സമ്പൂർണ്ണ ബൈബിൾ വായനയിൽ പങ്കെടുത്തു. കുരിശിന്റെ വഴി നടത്തി. മികച്ച വനിതയെ ആദരിച്ചു. എല്ലാ ജോസഫ് നാമധാരികളെ ആദരിച്ചു. പനമരം വൃദ്ധ സദനിൽ 5000 രൂപയുടെ ഭക്ഷണ കിറ്റ് നൽകി. ഗർഭിണികൾക്കുവേണ്ടി പ്രാർത്ഥിച്ചു.

**നാരിവാലമുണ്ട –** രൂപത വാർഷികത്തിൽ പ്രസിഡന്റ് ജിഷ ജോൺസ് ആശംസപ്രസംഗം നടത്തി. ഉക്രെൻയുദ്ധം ഒഴിവാകാൻ പ്രാത്ഥനകൂട്ടായ്മ നടത്തി. കുരിശിന്റെ വഴി നടത്തി. സ്നേഹദൂത് – അമ്മേ നീ ഭാഗ്യവതി എന്ന പേരിൽ യൂണിറ്റ് തലത്തിൽ ഒരമ്മയെ നറുക്കിട്ട് എടുത്ത് ഒരു മാസം ആ അമ്മക്ക് വേണ്ടി പ്രാർത്ഥിക്കാൻ തുടങ്ങി. ചോക്കാട് അനാഥാലയം സന്ദർശിച്ചു. വികാരിയച്ചന്റെ ഫീസ്റ്റ് ആഘോഷിച്ചു. ഇടവകയിലെ കുഞ്ഞു ജോസഫിനെ തിരഞ്ഞെടുത്തു സമ്മാനം നൽകി. രോഗീ സഹായം നൽകി.

**പ്രോലൈഫ് ഡേ :** മംഗള വാർത്ത ദിനത്തിൽ 50 വയസ്സിൽ താഴെ 4

മക്കളുള്ള അമ്മമാരെ കണ്ടെത്തി ആദരിച്ചു. അന്തർദേശീയ വനിതാ ദിനത്തിൽ ഇടവകയിലെ ഭിന്നശേഷി കുട്ടികളുടെ അമ്മമാരെ കണ്ടെത്തി ആദരിക്കുകയും സമ്മാനം നൽകുകയും ചെയ്തു.

**കബനിഗിരി –** മാതൃവേദി രൂപതാ വാർഷികത്തിൽ, കബനിഗിരി മാതൃവേദി ടീം ചാവറ പിതാവിനെക്കുറിച്ചുള്ള നാടൻ കലാരൂപം അവതരിപ്പിച്ചു. ലൂർദ് മാതാവിന്റെ തിരുന്നാളിന് മേഖല നടത്തിയ മത്സരത്തിൽ മൂന്നാം സ്ഥാനം ലഭിച്ചു. വനിതാദിനം, പിതൃദിനം എന്നിവ ആചരിച്ചു. പരീക്ഷാ ഒരുക്ക പ്രാർത്ഥന നടത്തി. ഡിറ്റെർ ജന്റ് നിർമ്മാണ പരിശീലനം നൽകി.

**കളത്തുവയൽ –** രൂപതാ വാർഷികത്തിൽ ഭാരവാഹികൾ പങ്കെ ടുത്തു. രോഗിസന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി. 10,+2 പരീക്ഷയ്ക്കൊരുങ്ങുന്ന കുട്ടികൾക്ക് വേണ്ടി കരുണകൊന്ത ചൊല്ലി പ്രാർത്ഥിച്ചു. കുരിശിന്റെ വഴി നടത്തി. ഉക്രൈനിൽ സമാ ധാനം ലഭിക്കാൻ ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

**പ്രശാന്തിഗിരി–** രൂപത വാർഷികത്തിൽ പങ്കെടുത്തു. അംഗത്വം പുതുക്കി. വിവിധ നിയോഗങ്ങൾക്കായി കരുണകൊന്തയും ജപ മാലയും ചൊല്ലി ജോസഫ് നാമധാരികളെ ആദരിച്ചു. കുരിശിന്റെ വഴി നടത്തി. ഇടവക ധ്യാനത്തിൽ പങ്കെടുത്തു. പരീക്ഷയെഴു തുന്ന മക്കൾക്കുവേണ്ടി പ്രാർത്ഥിച്ചു.

**പുൽപ്പള്ളി–** മാർച്ച് 25ന് മാതാവിന്റെ വിമലഹൃദയ പ്രതിഷ്ഠ, രൂപതാ വാർഷികം, കുരിശിന്റെ വഴി എന്നിവയിൽ അംഗങ്ങൾ പങ്കെ ടുത്തു.

**താളിപ്പാടം –** യുദ്ധഭൂമിയിൽ ദുരിതമനുഭവിക്കുന്നവർക്കുവേണ്ടി കുരിശിന്റെ വഴി നടത്തി. വി. യൗസേപിതാവിന്റെ തിരുനാൾ, വനി താദിനം എന്നിവ ആചരിച്ചു. മംഗല വാർത്തദിനത്തിൽ 15000 നന്മ നിറഞ്ഞ മറിയമേ എന്ന പ്രാർത്ഥന ചൊല്ലി കാഴ്ചവെച്ചു. പരീക്ഷ യെഴുതുന്ന കുട്ടികൾക്കുവേണ്ടി ആരാധന നടത്തി.

**പുതിയിടം കുന്ന് –** രൂപതാ വാർഷികത്തിൽ അഞ്ചു പേർ പങ്കെ ടുത്തു. ലോക വനിതാ ദിനത്തോടനുബന്ധിച്ച് മികച്ച വനിതയെ ആദരിച്ചു. 46220 പ്രാവശ്യം വചനം ചൊല്ലി പ്രാർത്ഥിച്ചു. രോഗി സന്ദർശനം നടത്തി.

**കുഞ്ഞോം–** വാളേരിയിൽ വച്ച് നടത്തിയ മേഖല വാർഷികത്തിൽ പങ്കെടുത്തു. സാന്താ മോണിക്ക മധ്യസ്ഥപ്രാർത്ഥന ദിവസവും

അയച്ചുകൊടുത്തു. വിശുദ്ധ യൗസേപ്പിതാവിനെ തിരുനാളിന് ഒരുക്കമായി പത്ത് ദിവസത്തെ നൊവേനയിൽ അമ്മമാർ പങ്കെടുത്തു. ജോസഫ് നാമധാരികളെ ആദരിച്ചു. അമ്മമാർ നേർച്ചയായി ഉണ്ണിയപ്പവും ഉണ്ടാക്കി കൊണ്ടുവരികയും ചെയ്തു തിരുവചന പാഥേയം ഓരോ വചനവും ദിവസവും അയച്ചുകൊടുത്തു. അടുക്കളത്തോട്ടം പച്ചക്കറി മത്സരത്തിൽ വിജയികളായവർക്ക് സമ്മാനം നൽകി.

**കുറുംമ്പാല –** മികച്ചവനിതയെ ആദരിച്ചു. രോഗീസന്ദർശനം നടത്തി. നിർദ്ധനരായ ഒരു രോഗിക്ക് ബെഡ്, പാവപ്പെട്ട ഒരു കുടുംബത്തിന് വിറക്, കട്ടിൽ എന്നിവ നൽകി. യുദ്ധദുരിതമനുഭവിക്കുന്നവർക്കു വേണ്ടി ഉപവാസമെടുത്ത് പ്രാർത്ഥിച്ചു. എമ്മാവൂസ് വില്ല സന്ദർശിച്ചു.

**നടവയൽശാഖ –** നാല്പതാം വെള്ളിയാഴ്ച കുരിശിന്റെവഴി നടത്തി. കൊഴുക്കട്ട ശനിയാഴ്ചയിലെ മൂന്ന് ദിവ്യബലികളിലും അമ്മമാർ കൊഴുക്കട്ട ഉണ്ടാക്കി കൊണ്ടുവന്ന് വിതരണം നടത്തുകയും ചെയ്തു. വലിയ ആഴ്ചയോട് അനുബന്ധിച്ച് നിലവിളക്ക് തുടയ്ക്കുകയും പള്ളി പരിസരം വൃത്തിയാക്കുകയും ചെയ്തു.

**മരകാവ് –** ലോകസമാധാനത്തിനായി കരുണ കൊന്ത ചൊല്ലി പ്രാർത്ഥിച്ചു. മാതൃക വനിതയെ ആദരിച്ചു. വി. യൗസേപ്പ് പിതാവിന്റെ വണക്കമാസം ആചരിച്ചു. വി. യൗസേപ്പ് പിതാവിന്റെ മരണ തിരുനാളിനോടനുബന്ധിച്ച് പിതൃദിനം ആചരിക്കുകയും ജോസഫ് നാമധേയരെ ആദരിക്കുകയും ചെയ്തു. മാർച്ച് 25 മംഗലവാർത്ത തിരുനാളിൽ റഷ്യയെ മാതാവിന്റെ വിമല ഹൃദയത്തോട് ചേർത്തു പ്രാർത്ഥിച്ചു. പരീക്ഷ ഒരുക്ക പ്രാർത്ഥന നടത്തി. മൃതസംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുത്തു. എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. രോഗി സന്ദർശനം ഭവന സന്ദർശനം എന്നിവ നടത്തി. വചനം എഴുത്ത് മത്സരം ( മർക്കോസിന്റെ സുവിശേഷം) നടത്തി. കിറ്റ് നൽകി

**പട്ടാണികൂപ്പ് –** അന്താരാഷ്ട്ര വനിതാ ദിനത്തിൽ ഇടവകയിലെ വനിതകളെ അനുസ്മരിച്ചു ആശംസകൾ നേർന്നു. അമ്മമാർക്കായി സൂം വെബിനാർ നടത്തി. മാർച്ച് 19– പിതൃദിനത്തിൽ ശാഖയിലെ ജോസഫ് നമധാരികളെ സമ്മാനം നൽകി ആശംസകൾ അർപ്പിച്ച് പ്രാർത്ഥിച്ചു.

**ഏലപ്പീടിക –**രൂപതാ വാർഷികത്തിൽ പങ്കെടുത്തു. വാർഡ് അടി

സ്ഥാനത്തിൽ എല്ലാ ശനിയാഴ്ച്ചകളിലും അമ്മമാരുടെ നേതൃത്വ ത്തിൽ ദേവാലയവും പരിസരവും വൃത്തിയാക്കി. മംഗളവാർത്ത ദിനത്തിൽ അംഗങ്ങൾ എല്ലാവരും വിശുദ്ധ കുർബാനയിലും കുരി ശിന്റെ വഴിയിലും പങ്കെടുക്കുകയും ഉണ്ണിയപ്പം നേർച്ചയായി നൽകു കയും ചെയ്തു. കിടപ്പു രോഗിയെ സന്ദർശിക്കുകയും ആ വീട് പരിസരം വൃത്തിയാക്കുകയും ചെയ്തു. വിശുദ്ധ യൗസേപ്പിതാ വിന്റെ തിരുന്നാൾ ആഘോഷിച്ചു

**പുതിയിടം-** വനിതാ ദിനത്തോടനുബന്ധിച്ച് ബഹു. ജോസ് പുന്ന ക്കുഴി സാർ ക്ലാസ് നയിച്ചു. ജോസഫ് നാമധാരികളെ ആദരിച്ചു. എസ്എസ്എൽസി, പ്ലസ് ടു പരീക്ഷയോടനുബന്ധിച്ച് ഇടവക യിലെ കുട്ടികൾക്കായി വിശുദ്ധ കുർബാനയും പരീക്ഷ ഒരുക്ക പ്രാർ ത്ഥനയും നടത്തി. രോഗീസന്ദർശനം നടത്തി.

**കൽപ്ര -** വനിത ദിനത്തിൽ ബഹു. സി. ജാൻസി പോൾ ക്ലാസ് എടുത്തു. വിവിധ കലാപരിപാടികൾ അമ്മമാർ അവതരിപ്പിച്ചു. ജോസഫ് നാമധാരികളെ ആദരിച്ചു. ഒരു നിർദ്ധന കുടുംബത്തിന് ഭവനനിർമ്മാണ സഹായമായി 10000 രൂപ നൽകി. രോഗിസന്ദർ ശനം, ഭവനസന്ദർശനം, കുരിശിന്റെ വഴി എന്നിവ നടത്തി.

**വാളാട് -** അർദ്ധദിന സെമിനാർ സംഘടിപ്പിച്ചു. സെമിനാറിൽ രൂപതാഡയറക്ടർ ഫാ. ബിനു വടക്കേൽ ക്ലാസെടുത്തു. ഇടവക യിലെ മുഴുവൻ വീടുകളിലും മാതൃവേദി അംഗങ്ങൾ കുരിശിന്റെ വഴി നടത്തി. വി. യൗസേപ്പിതാവിന്റെ തിരുന്നാളിനോടനുബന്ധിച്ച് ഇടവകയിലെ പിതാക്കൻമാർക്ക് വേണ്ടി ഭക്തിഗാന മത്സരം നടത്തു കയും, വിജയികൾക്ക് ക്യാഷ് അവാർഡ് നല്കുകയും ചെയ്തു. കുട്ടികൾക്കു വേണ്ടി പരീക്ഷ ഒരുക്ക പ്രാർത്ഥന നടത്തി.

**മഞ്ഞൂറ-** ജോസഫ് നാമധാരികളെ ആദരിക്കുകയും അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. മംഗളവാർത്ത തിരുനാൾ ദിനത്തിൽ ഇടവകയിലെ സിസ്റ്റേഴ്സിനെ ആദരിച്ചു. എല്ലാ വെള്ളി യാഴ്ചയും വാർഡുകളിൽ കുരിശിന്റെ വഴി നടത്തി. എക്സിക്യൂട്ടീവ് അംഗങ്ങൾ നടവയൽ ഓസാനം ഭവൻ സന്ദർശിക്കുകയും 11000 രുപ സാമ്പത്തിക സഹായം നൽകുകയും ചെയ്തു.

**മണിമൂളി ശാഖ-** എക്സിക്യൂട്ടീവ് മീറ്റിംഗ് മാനേജിങ് കമ്മിറ്റി മീറ്റിംഗ് എന്നിവ ചേർന്നു. രൂപതാ വാർഷികത്തിൽ ആനിമേറ്ററും എക്സിക്യൂട്ടീവ് അംഗങ്ങളും പങ്കെടുത്തു. നോമ്പ് നോക്കുകയും

വിശുദ്ധ യൗസേപ്പിതാവിന്റെ വണക്കമാസം ഭവനങ്ങളിൽ ചൊല്ലു കയും ചെയ്യുന്നു. വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാളിനു ഒരുക്കമായി 9/3/22 ന് അംഗങ്ങൾ ദേവാലയത്തിൽ ഒരുമിച്ച് ചേർന്ന് പ്രാർത്ഥനാ ദിനമായി ആചരിച്ചു. ഇടവകയിലെ 35 യൂണിറ്റു കളിലും തിരുസ്വരൂപപ്രയാണം നടത്തി. ഈ അവസരത്തിൽ ഭവന ങ്ങളിൽ നിന്നും സംഭാവനയായി 90530 രൂപ കിട്ടി. ഈ തുക ഫണ്ടിൽ നിക്ഷേപിച്ചു. ഇടവകയിലെ കുട്ടികൾക്കായി പ്രസംഗമത്സരവും മുതിർന്നവർക്കായി ഉപന്യാസ മത്സരവും ക്വിസ് മത്സരവും നടത്തു കയുണ്ടായി. വിജയികൾക്ക് സമ്മാനദാനവും നടത്തി. WSS Star healthൽ ചേരുവാൻ രണ്ടു കുടുംബത്തിനുള്ള ഇൻഷുറൻസ് തുക (6000) നൽകി. ഇടവകയിലെ ഒരു മാതൃവേദി അംഗത്തിന് രോഗി സഹായമായി 10000 രൂപ കൊടുത്തു. രണ്ട് ഇടവക അംഗങ്ങൾ മരണമടഞ്ഞപ്പോൾ ആ ഭവനങ്ങൾ സന്ദർശിച്ച് പ്രാർത്ഥിച്ചു

**ആലാറ്റിൽ -** പരീക്ഷ ഒരുക്ക പ്രാർത്ഥന നടത്തി. ആലഞ്ചേരി സ്നേഹ ഭവൻ സന്ദർശിച്ചു. വി. യൗസേപിതാവിനെ അനുസ്മ രിച്ച് ക്വിസ് മത്സരം നടത്തി.

**കൽപ്പറ്റ -** സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ റിഹാബിലിറ്റേഷൻ സന്ദർശിച്ചു. അവർക്ക് ടോയ്‌ലെറ്റ് സാധനങ്ങൾ, ക്ലീനർ, സോപ്പ് എന്നിവ നൽകി. ഓസാനാഭവൻ സന്ദർശിച്ച് സോപ്പ്, ബ്രഷ് എന്നിവ നൽകി. രോഗിസന്ദർശനം, ഭവനസന്ദർശനം എന്നിവ നടത്തി.

**തലപ്പുഴ -** രൂപത വാർഷികത്തിൽ പങ്കെടുത്തു. വി. യൗസേപ്പി താവിന്റെ വണക്കമാസ പ്രാർത്ഥന വീടുകളിൽ ചൊല്ലി. പരീക്ഷ എഴുതുന്ന എല്ലാ മക്കളെയും സമർപ്പിച്ച് ശാഖ ഗ്രൂപ്പിൽ വിശ്വാസ പ്രമാണം ചൊല്ലിവരുന്നു. കിടപ്പു രോഗിയെ സന്ദർശിച്ചു ആവശ്യ മായ ശുശ്രൂഷകൾ ചെയ്ത് കൊടുത്തു. മേഖല ഒരുക്കിയ കുരി ശിന്റെ വഴി, പരീക്ഷ ഒരുക്ക പ്രാർത്ഥന എന്നിവയിൽ പങ്കെടുത്തു. മംഗള വാർത്ത തിരുന്നാളിന് മാർപാപ്പാ നൽകിയ വിമല ഹൃദയ പ്രതിഷ്ഠ വീടുകളിലും പള്ളിയിലും നടത്തി,

**മാനന്തവാടി -** മാർച്ച് മാസം മുഴുവനും വി. യൗസേപ്പിതാവിന് എല്ലാ കുടുംബങ്ങളെയും പ്രതിഷ്ഠിച്ചു സമർപ്പിച്ചു പ്രാർത്ഥിച്ചു. വീട്ടിലും പള്ളിയിലും വി.യൗസേപ്പിതാവിന്റെ വണക്കമാസം വായിച്ചു. നിത്യാരാധന ചാപ്പലിൽ അമ്മമാർ കുട്ടികളുടെ പരീക്ഷാ വിജയ ത്തിന് വേണ്ടി പ്രാർത്ഥിച്ചു. യുദ്ധം നടക്കുന്ന റഷ്യയിലെയും ഉക്രയി

നിലെയും ജനങ്ങൾക്ക് വേണ്ടി പ്രത്യേകം പ്രാർത്ഥിച്ചു. മാർച്ച് 12 ന് ബഹു. കൊച്ചച്ചന്റെ യാത്രയയപ്പിൽ എല്ലാവരും സംബന്ധിക്കുകയും അച്ചന് ഗിഫ്റ്റ് നൽകുകയും ചെയ്തു. മാർച്ച് 19 പിതൃദിനമായി ആചരിച്ചു. അന്നേ ദിവസം അമ്മമാർ ഉണ്ണിയപ്പ നേർച്ച നടത്തി. ഇടവകയിലുള്ള മൂന്ന് കോൺവെന്റുകളിലേക്ക് ഇടവകയിലുള്ള എല്ലാവരും ചേർന്ന് അവർക്കു വേണ്ട സാധനങ്ങൾ (സോപ്പ്, സോപ്പു പൊടി, പഞ്ചസാര, പയർ വർഗ്ഗങ്ങൾ) ശേഖരിച്ച് നൽകി. മാർച്ച് 25 ന് മംഗലവാർത്ത തിരുനാളിന് മാർപ്പാപ്പ ആഹ്വാനം ചെയ്ത പ്രാർത്ഥനയിൽ അമ്മമാർ ചാപ്പലിൽ രാത്രി 8 മുതൽ 10 വരെ പ്രാർത്ഥന നടത്തി. മാർച്ച് 31 ന് ടൗൺ പള്ളിയിൽ നടന്ന പരീക്ഷ ഒരുക്ക പ്രാർത്ഥനയിൽ 15 അമ്മമാർ പങ്കെടുത്തു. കണിയാരത്ത് നടന്ന കുരിശിന്റെ വഴി പ്രാർത്ഥനക്ക് 7 അമ്മമാർ പങ്കെടുത്തു. ഇടവകയിലെ ജോസഫ് നാമധാരികളെ ആദരിച്ചു.

**പോരൂർ–** കണിയാരം ഇടവകയിൽ വെച്ച് നടത്തപ്പെട്ട കുരിശിന്റെ വഴിയിലും, വി. കുർബാനയിലും ഇടവകയിൽ നിന്നും ഒൻപത് അമ്മമാർ പങ്കെടുത്തു. വി. യൗസേപ്പ് പിതാവിന്റെ തിരുന്നാൾ ആചാരണദിനത്തിൽ അമ്മമാർ ദിവ്യബലിയിൽ പങ്കെടുക്കുകയും ഇടവകയിലെ മുതിർന്ന ജോസഫ് നാമധാരികളെ ഭവനങ്ങളിൽ ചെന്ന് ആദരിക്കുകയും ചെയ്തു. ഇടവകയിൽ എല്ലാ വെള്ളിയാഴ്ച്ചകളിലും നടത്തപ്പെടുന്ന വി. കുർബാനയിലും, കുരിശിന്റെ വഴിയിലും അമ്മമാർ പങ്കെടുത്തു പ്രാർത്ഥിച്ചു. വാർഡ് അടിസ്ഥാനത്തിൽ പത്തൊൻപതോളം വാർഡുകളിൽ അമ്മമാരുടെ നേതൃത്വത്തിൽ കുരിശിന്റെ വഴി നടത്തുകയുണ്ടായി. ടൗൺ പള്ളിയിൽ വെച്ച് നടന്ന പരീക്ഷ ഒരുക്കപ്രാർത്ഥനയിൽ അമ്മമാർ പങ്കെടുക്കുകയും, പരീക്ഷ എഴുതുന്ന എല്ലാ വിദ്യാർത്ഥികൾക്കും വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

**സീതാമൗണ്ട് –** വിവിധ നിയോഗങ്ങൾക്കായി കരുണകൊന്ത ചൊല്ലി പ്രാർത്ഥിച്ചു. വനിത ദിനത്തിൽ മികച്ച വനിതയെ ആദരിച്ചു.

**പാലാങ്കര–** വനിതാ ദിനം ആചരിച്ചു.19 ന് വിശുദ്ധ യൗസേപ്പിതാവിന്റെ നാമധാരിയായ ആനിമേറ്റർ, സി. ജോസ് മരിയയെ ആദരിച്ചു. ഫണ്ട് സ്വരൂപിക്കാൻ പലഹാരങ്ങളും മറ്റും ഉണ്ടാക്കി വിറ്റു. 27ന് യുവജനങ്ങളുടെ ജാഗരണ പ്രാർത്ഥനയ്ക്ക് ഭക്ഷണം തയ്യാറാക്കാൻ അമ്മമാർ സഹായിച്ചു.

**വാഴവറ്റ –** രൂപത വാർഷികത്തിൽ ഭാരവാഹികൾ പങ്കെടുത്തു. മികച്ച വനിതയെ ആദരിച്ചു. വനിത സന്ദേശം നൽകി. രോഗീ സന്ദർശനം നടത്തി. യൗസേപിതാവിന്റെ തിരുന്നാൾ കൊണ്ടാടി. പരീക്ഷ ഒരുക്ക പ്രാർത്ഥന, കുരിശിന്റെ വഴി എന്നിവ നടത്തി.

**തലഞ്ഞി–** സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഇടവക യിലെ വൈദിക വിദ്യാർത്ഥിയെ 5000 രൂപ നൽകി സഹായിച്ചു. ഇടവകയിലെ രോഗികളായവരുടെ ഭവനങ്ങൾ സന്ദർശിച്ച് കുരി ശിന്റെ വഴി ചൊല്ലി. വികാരി അച്ചന്റെ നാമഹേതുകതിരുനാൾ ആഘോഷിച്ചു. വിവാഹസഹായമായി 10000 രൂപ നൽകി. ചികിത്സ സഹായമായി 5000 രൂപ നൽകി. അന്താരാഷ്ട്ര വനിതാ ദിന ത്തോടനുബന്ധിച്ച് ബ്ലോക്ക് പഞ്ചായത്ത് മെമ്പർ, അന്താരാഷ്ട്ര വനിതാ അംഗം തുടങ്ങിയവരെ ആദരിച്ചു. രോഗി സന്ദർശനം നടത്തി. കുടുംബ വിശുദ്ധീകരണ ധ്യാനത്തോടനുബന്ധിച്ച് ഇടവക യിലെ ഭവനങ്ങൾ സന്ദർശിച്ച് ധ്യാനത്തിൽ പങ്കെടുക്കാൻ ക്ഷണി ക്കുകയും രോഗികളായവർക്കു വേണ്ടി തദവസരത്തിൽ പ്രാർത്ഥി ക്കുകയും ചെയ്തു. ധ്യാന വിജയത്തിനായി നടന്ന പ്രത്യേക പ്രാർത്ഥനയിൽ പങ്കെടുത്തു. വനിതാ ദിനത്തോടനുബന്ധിച്ച് ഓൺ ലൈൻ ക്വിസ് മത്സരം സംഘടിപ്പിച്ചു. അമ്മമാരെ മത്സരത്തിൽ പങ്കെ ടുപ്പിച്ചു. വി യൗസേപ്പിതാവിന്റെ തിരുനാളിനോടു ചേർന്ന് തിരു സ്വരൂപ പ്രയാണത്തിൽ ഭക്തിപൂർവ്വം പങ്കെടുത്ത് പ്രാർത്ഥിച്ചു. വിയാനി ഭവൻ സന്ദർശനം നടത്തി.

സ്നേഹാശംസകളോടെ,
**ഫാ. ജോജോ കുടക്കച്ചിറ**
**ഫാ. എമ്മാനുവേൽ വടക്കേൽ**

# സീയോൻ വാർത്തകൾ

ഏപ്രിൽ 2ന് ശനിയാഴ്ച ഏകദിന കൺവെൻഷൻ നടത്തി. സി. മെറിന FCC, ശ്രീമതി ലൂസി മാങ്ങാട്ടുകുന്നേൽ എന്നിവർ ജപമാലക്ക് നേതൃത്വം നൽകി.

ബ്ര. ജോസ് മാളോല സ്തുതിയാരധന നടത്തി. രൂപതാ കോർപ്പറേറ്റ് മാനേജർ റവ. ഫാ. സിജോ എളംകുന്നപ്പുഴ ദിവ്യബലിയർപ്പിച്ചു, സന്ദേശം നൽകി. ബ്ര.ജോസഫ് വട്ടക്കുന്നേൽ 'ക്രിസ്തീയ ജീവിതം ഉത്ഥാന ജീവിതം' എന്ന വിഷയത്തെ ആസ്പദമാക്കി വചനപ്രഘോഷണം നടത്തി. സിയോൻ അസി. ഡയറക്ടർ ബഹു. ഫാ. പ്രിൻസ് തെക്കേതിൽ ദിവ്യകാരുണ്യ ആരാധന നയിച്ചു. ബ്ര. ബിജു പുളിക്കൽ, സി. അന്ന FCC, സി. ലിസ SKD എന്നിവർ ഗാനങ്ങൾ ആലപിച്ചു.

ഏപ്രിൽ 9 ന് രണ്ടാം ശനിയാഴ്ച പൊതു സ്പിരിചൽ ഷെയറിംങ്ങിന് ബ്ര. പൈലി പെലക്കുടി, ബ്ര. മത്തായി കാരക്കാട്ട്, ബ്ര. ജോസ് തേനമ്മാക്കൽ, ബ്ര. മാത്യു മുടിയാട്ടുകുന്നേൽ, ശ്രീമതി എൽസി കുളത്തിങ്കൽ എന്നിവർ നടത്തി.

റവ. ഫാ. പ്രിൻസ് തെക്കേതിൽ, റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ, ഫാ. സോണി വഴകാട്ട് എന്നിവർ എല്ലാ ഞായറാഴ്ചകളിലും, പെസഹാ, ദുഃഖവെള്ളി, ദിവസങ്ങളിലും ഓൺലൈൻ സുവിശേഷ വിചിന്തനങ്ങൾ പങ്കുവെച്ചു. വലിയനോമ്പിനോടനുബന്ധിച്ച് സിയോൻ ടീം കരിമ്പിൽ, പേരിയ എന്നീ ഇടവകകളിൽ വാർഷിക ധ്യാനം നടത്തി.

ഏപ്രിൽ 20 ന് സിയോൻ പ്രാത്ഥനാ ദിനമാചാരിച്ചു. ധ്യാന കേന്ദ്രത്തിൽ വർഷങ്ങളുടെ സ്തുത്യർഹമായ ശുശ്രൂഷകൾക്കു ശേഷം പുതിയ ചുമതലകളേൽക്കുന്ന സി. നിർമല SH, സി. മെറിന FCC എന്നിവർക്ക് യാത്രയയപ്പുനൽകി.

ഏപ്രിൽ 21 മുതൽ 24 വരെ തീയ്യതികളിൽ സിയോൻ ധ്യാന കേന്ദ്രത്തിൽ താമസിച്ചുള്ള ധ്യാനം സംഘടിപ്പിച്ചു.

**NB:** മെയ് മാസത്തെ താമസിച്ചുള്ള ധ്യാനം 19 മുതൽ 22 വരെ തീയതികളിലായിരിക്കും. മുൻകൂട്ടി ബുക്ക് ചെയ്യാൻ ശ്രദ്ധിക്കുക. നേരത്തെ ബുക്ക് ചെയ്യുന്നവർക്ക് spiritual sharing ന് സൗകര്യം ഉണ്ടായിരിക്കും.

^m. tkmWn hmgIm´v
Ub-d-IvS¿, kntbm≥ kn. B¿. kn.

# സാമൂഹ്യ സേവനരംഗം (WSSS)

**പരിശീലന പരിപാടി നടത്തി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കി വരുന്ന ഉപജീവന പരിപോഷണ പദ്ധതിയുടെ (എൽ.ഇ.ഡി.പി) ഭാഗമായി മക്കിമല ട്രൈബൽ കോളനിയിൽ വച്ച് പരിശീലന പരിപാടി നടത്തി. പരിശീലന പരിപാടി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല ഉദ്ഘാടനം ചെയ്തു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി. എ അദ്ധ്യക്ഷത വഹിച്ചു. പ്രോഗ്രാം കോഡിനേറ്റർ ജോജോ ജയിംസ്, ഫീൽഡ് കോ-ഓർഡിനേറ്റർ ഷീന ആന്റണി എന്നിവർ സംസാരിച്ചു. വളർത്തുമൃഗങ്ങളുടെ സംരക്ഷണം എന്ന വിഷയത്തിൽ നടന്ന പരിശീലനത്തിന് ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഷാജി എം എസ് നേതൃത്വം നൽകി.

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഓഡിറ്റോറിയത്തിൽ വെച്ച് പരിശീലന പരിപാടി നടത്തി. പരിശീലന പരിപാടി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല ഉദ്ഘാടനം ചെയ്തു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ അദ്ധ്യക്ഷത വഹിച്ചു. പ്രോഗ്രാം ഓഫീസർ ജോസ് പി.എ, പ്രോഗ്രാം കോ-ഓർഡിനേറ്റർ ജോജോ ജയിംസ്, ഫീൽഡ് കോ-ഓർഡിനേറ്റർ ഷീന ആന്റണി എന്നിവർ സംസാരിച്ചു. വളർത്തുമൃഗങ്ങളുടെ സംരക്ഷണം എന്ന വിഷയത്തിൽ നടന്ന പരിശീലനത്തിന് മാനന്തവാടി മൃഗാശുപത്രിയിലെ സീനിയർ വെറ്റിനറി സർജൻ ഡോക്ടർ ദയാൽ നേതൃത്വം നൽകി.

**പഠനയാത്ര നടത്തി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കി വരുന്ന ആട് ഗ്രാമം

പദ്ധതിയിലെ ലീഡേഴ്സിന് വേണ്ടി കാസർഗോഡ് ചിറ്റാരിക്കാലി ലുള്ള ഗുഡ് ഷെപ്പേർഡ് ഗോട്ട് ഫാമിലേക്ക് പഠനയാത്ര നടത്തി. ആട് ഗ്രാമം പദ്ധതിയുടെ ഭാഗമായി ഇതിനോടകം 90 വനിതകൾക്ക് വിവിധ ഘട്ടങ്ങളിലായി ആട് വളർത്തലിൽ 05 ദിവസത്തെ വിശ ദമായ പരിശീലനം നൽകിയിരുന്നു. കൂടാതെ ഇവരെ 18 തുല്യ ബാധ്യത സംഘങ്ങളായി രൂപീകരിച്ച് കാനറ ബാങ്കിൽ നിന്നും ഓരോ വ്യക്തികൾക്കും 40000 രൂപ വീതം വായ്പ നൽകുകയും ചെയ്തു. പ്രസ്തുത തുക ഉപയോഗിച്ച് ഓരോരുത്തരും 02 ആടുകളെ വീതം വാങ്ങുകയുണ്ടായി. ആടുവളർത്തൽ ശാസ്ത്രീയമായി നട ത്തുന്ന ഒരു യൂണിറ്റ് നേരിൽ കണ്ട് കൂടുതൽ കാര്യങ്ങൾ മനസ്സി ലാക്കുന്നതിന് വേണ്ടിയാണ് പഠനയാത്ര സംഘടിപ്പിച്ചത്. പഠന യാത്രയിൽ പാലോട്ട്, മക്കിമല, എടമുണ്ട, വീട്ടിയാമ്പറ്റ, കരിക്കാ ട്ടിൽ, എടത്തന, കാവിൽപ്പാടം, ഇടിക്കര എന്നിവിടങ്ങളിൽ നിന്നും ലീഡേഴ്സ് പങ്കെടുത്തു. പഠനയാത്രക്ക് വയനാട് സോഷ്യൽ സർ വ്വീസ് സൊസൈറ്റി പ്രോഗ്രാം കോഓർഡിനേറ്റർ ജിസ് ബേബി, ഷീന ആന്റണി എന്നിവർ നേതൃത്വം നൽകി.

**നബാർഡ് തുല്യ ബാധ്യത സംഘങ്ങൾ രൂപീകരിച്ചു**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കി വരുന്ന തുല്യ ബാധ്യത സംഘത്തിന്റെ രൂപീകരണത്തിന്റെ ഭാഗമായി അരി ഞ്ചേർമലയിൽ 18 തുല്യ ബാധ്യത സംഘങ്ങൾ രൂപീകരിച്ചു. 72 അംഗങ്ങളെ ഉൾപ്പെടുത്തിയാണ് 8 തുല്യ ബാധ്യത സംഘങ്ങൾ രൂപീകരിച്ചത്. എല്ലാ സംഘങ്ങളും ഗ്രൂപ്പടിസ്ഥാനത്തിൽ കൃഷി, മൃഗസംരക്ഷണം എന്നീ വരുമാന വർദ്ധക പരിപാടികൾ നടപ്പി ലാക്കുന്നതിന് പനമരം കാനറ ബാങ്കിൽ നിന്നും 02 ലക്ഷം രൂപ വീതം വായ്പ എടുക്കുകയുണ്ടായി. ഇങ്ങനെ രൂപീകൃതമായ തുല്യ ബാധ്യത സംഘങ്ങളെ ഒന്നിച്ചു ചേർത്ത് വയനാട് സോഷ്യൽ സർ വ്വീസ് സൊസൈറ്റിയുടെ പ്രാദേശിക ഘടകമായ സോഷ്യൽ വെൽ ഫയർ സൊസൈറ്റി അരിഞ്ചേർമലയിൽ ആരംഭിച്ചു. ഔപചാരി കമായ ഉദ്ഘാടനം അരിഞ്ചേർമല വികാരി റവ. ഫാ. മാത്യു മൂത്തേ ടത്തിലിന്റെ അദ്ധ്യക്ഷതയിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല നിർ

വ്വഹിച്ചു. പ്രോഗ്രാം ഓഫീസർ ജോസ് പി.എ, റീജിയണൽ കോ ഓർഡിനേറ്റർ ഷീന ആന്റണി എന്നിവർ സംസാരിച്ചു.

**പഠനയാത്ര നടത്തി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തിരുനെല്ലി ഗ്രാമ പഞ്ചായത്തിൽ മുള്ളൻകൊല്ലി നീർത്തട പ്രദേശത്ത് നടപ്പിലാക്കുവാൻ ഉദ്ദേശി ക്കുന്ന നീരുറവ അടിസ്ഥാനമാക്കിയുള്ള വികസന പദ്ധതിയുടെ ഭാഗമായി കാസർഗോഡ് ജില്ലയിലെ ഈസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിൽ സെന്റർ ഫോർ റിസേർച്ച് ആൻഡ് ഡവലപ്പ്മെന്റ് പദ്ധതി നിർവ്വഹണം നടത്തുന്ന കുണ്ടാരം നീർത്തട പ്രദേശത്തേക്ക് പഠനയാത്ര നടത്തി. കുണ്ടാരം നീർത്തടപ്രദേശത്ത് നടപ്പിലാക്കിയ നീരുറവ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങളെക്കുറിച്ച് സെന്റർ ഫോർ റിസർച്ച് ആൻഡ് ഡവലപ്പ്മെന്റ് പ്രോഗ്രാം ഓഫീസർ ഷാജി ഇ. സി, പ്രോഗ്രാം കോ-ഓർഡിനേറ്റർ വിമല വി. പി എന്നിവർ വിശദീ കരിച്ചു. പഠനയാത്രയിൽ നബാർഡ് അസിസ്റ്റന്റ് ജനറൽ മാനേജർ ജിഷ വി, തിരുനെല്ലി ഗ്രാമ പഞ്ചായത്ത് മെമ്പർമാരായ ബേബി മാസ്റ്റർ, കെ. സിജിത്ത്, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി.എ, പ്രൊജക്ട് കോ ഓർഡിനേറ്റർ ദീപു ജോസഫ്, നീർത്തട കമ്മിറ്റി ചെയർമാൻ പി. ആർ സുനിൽ കുമാർ, സെക്രട്ടറി രാജേഷ് കൃഷ്ണൻ, ട്രഷറർ എ.പി പ്രഭാകരൻ, കമ്മിറ്റി അംഗങ്ങൾ എന്നിവർ പങ്കെടുത്തു. സന്ദർനത്തിന്റെ ഭാഗ മായി ടീം അംഗങ്ങൾ കുണ്ടാരം നീർത്തട പ്രദേശത്ത് നടക്കി ലാക്കിയ വിവിധ വികസന പരിപാടികൾ നേരിട്ട് കണ്ട് മനസ്സിലാക്കി. കൂടാതെ ഈസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുമായും കുണ്ടാരം നീർത്തട കമ്മിറ്റി അംഗങ്ങളുമായും ചർച്ച നടത്തി.

**ഹ്രസ്വകാലസാങ്കേതിക പരിശീലനങ്ങൾക്ക് പ്രവേശനം ആരം ഭിച്ചിരിക്കുന്നു**

കട്ടിംഗ് & ടെയ്‌ലറിംഗ് (6 മാസം) കട്ടിംഗ് & ടെയ്‌ലറിംഗ് (3 മാസം) ചുരിദാർ & സാരിബ്ലൗസ് (3 മാസം) ഹാൻഡ് എം ബ്രോയ്ഡറി (3 മാസം) ഫാബ്രിക് പെയിന്റിംഗ് (1 മാസം) ഗ്ലാസ്

പെയിന്റിംഗ് (1 മാസം)

കൂടുതൽ വിവരങ്ങൾക്ക് 9544842220, 9645442290, 9645430856 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

## Save A Family Plan (സേവ് എ ഫാമിലി പ്ലാൻ)

സേവ് എ ഫാമിലി പ്ലാൻ കുടുംബോദ്ധാരണ പദ്ധതിയിൽ കോവിഡ് റീഹാബിലിറ്റേഷൻ പ്രൊജക്ടിന്റെ ഭാഗമായി 25 കുടുംബങ്ങൾക്ക് ഒരു ലക്ഷം രൂപ വീതം സ്വയം തൊഴിൽ തുടങ്ങുന്നതിനും നിലവിലുള്ളവയുടെ വിപുലീകരണത്തിനുമായി വിതരണം ചെയ്തു. ഈ പദ്ധതിയുടെ ഔപചാരികമായ ഉദ്ഘാടനം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല നിർവ്വഹിച്ചു. തവിഞ്ഞാൽ ഇടവകാതിർത്തിയിലുള്ള ചലഞ്ച് കറിപൗഡർ, മിസ്പാ ടെക്സ്റ്റയിൽസ് ആൻഡ് ഗാർമെന്റ്സ് യൂണിറ്റുകളുടെ ഉദ്ഘാടനം തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി എൽസി ജോയി നിർവ്വഹിച്ചു. തവിഞ്ഞാൽ സെന്റർ രക്ഷാധികാരി ഫാ. ആന്റോ മമ്പള്ളിൽ അദ്ധ്യക്ഷനായിരുന്നു. SAFP രൂപതാ കോ-ഓർഡിനേറ്റർ സി. അനി ലിറ്റ് എഫ്.സി.സി, SWS റീജിയണൽ കോ-ഓർഡിനേറ്റർ ശ്രീമതി ഷീന ആന്റണി എന്നിവർ സംസാരിച്ചു.

## DDU-GKY

മാർച്ച് മാസത്തിൽ കോഴ്സ് അവസാനിച്ച് OJT (On the Job Training) ക്ക് പോകുന്ന ഫുഡ് പ്രൊസ്സസിംഗ് ആൻഡ് പ്രിസർവേഷൻ ബാച്ചിലെ വിദ്യാർത്ഥികളുടെ യാത്രയയപ്പ് യോഗം നടത്തുകയും മാഗസിൻ പ്രകാശനം ചെയ്യുകയും ചെയ്തു. വിദ്യാർത്ഥികൾക്ക് ക്യാമ്പസ് ഇന്റർവ്യൂ നടത്തുകയും എല്ലാ കുട്ടികൾക്കും കേരളത്തിൽ തന്നെ വിവിധ സ്ഥലങ്ങളിൽ ഉയർന്ന ശമ്പളത്തോടെ ജോലി നൽകുവാനും സാധിച്ചു. ഓരോ ട്രെയിനിംഗ് സെന്ററുകളുടെയും പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനു വേണ്ടി സെൻട്രൽ, സ്റ്റേറ്റ് ഗവൺമെന്റുകളുടെ നേതൃത്വത്തിൽ ഇൻസ്പെക്ഷനുകൾ നടത്തപ്പെട്ടു.

ബ്യൂട്ടീഷൻ, ഇലക്ട്രീഷ്യൻ എന്നീ കോഴ്സുകളുടെ പുതിയ ബാച്ച് ആരംഭിക്കുകയും എല്ലാവിധ പഠനോപകരണങ്ങളും തികച്ചും സൗജന്യമായി വിതരണം നടത്തുകയും ചെയ്തു. ഫുഡ് പ്രെ

ാസ്സസിംഗ് ആൻഡ് പ്രിസർവേഷൻ കോഴ്സിലെ പുതിയ ബാച്ചി ലേക്കുള്ള അഡ്മിഷൻ ആരംഭിച്ചു. ഈ കോഴ്സിൽ ചേർന്ന് പഠി ക്കാൻ ആഗ്രഹിക്കുന്നവർ 7560892324 എന്ന നമ്പറിലോ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഓഫീസുമായോ ബന്ധപ്പെടുക.

**കേരള ലേബർ മൂവ്മെന്റ് (KLM)**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീ കരണത്തിനും വേണ്ടി പ്രവർത്തിച്ച് വരുന്ന കേരള ലേബർ മൂവ് മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമ മായി മുന്നോട്ടു പോകുന്നു.

**വനിതാ ദിനം**

മാർച്ച് 08 ന് അന്താരാഷ്ട്ര വനിതാദിനം ആചരിച്ചു. വയനാട് സോഷ്യൽ സർവ്വീസ് ഓഡിറ്റോറിയത്തിൽ നടന്ന ദിനാചരണ പരി പാടി മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. ജസ്റ്റിൻ ബേബി ഉദ്ഘാടനം ചെയ്തു. വയനാട് സോഷ്യൽ സർവ്വീസ് എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല അദ്ധ്യക്ഷത വഹിച്ചു. അസോസ്സിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തട ത്തിൽ മുഖ്യ സന്ദേശം നൽകി. പ്രോഗ്രാം ഓഫീസർ പി. എ ജോസ്, കോ-ഓർഡിനേറ്റർ ജോജോ ജെയിംസ്, കേരള ലേബർ മൂവ്മെന്റ് രൂപതാ കോ-ഓർഡിനേറ്റർ ശ്രീമതി. മിനി ഉണ്ണിക്കൃഷ്ണൻ, സി സ്റ്റർ അനിലിറ്റ്, ഫീൽഡ് ആനിമേറ്റർമാരായ ഷീന ആന്റണി, ആലീസ് സിസിൽ, ചിന്നമ്മ മൊതക്കര എന്നിവർ പ്രസംഗിച്ചു. ദിനാചരണ പരിപാടികൾക്ക് മാനന്തവാടി രൂപത കേരള ലേബർ മൂവ്മെന്റ്, സോഷ്യൽ വെൽഫയർ സൊസൈറ്റികൾ, ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശല്യ യോജനയിലെ വിദ്യാർത്ഥികൾ എന്നിവർ നേതൃത്വം നൽകി.

**ക്ഷേമനിധി രജിസ്ട്രേഷൻ**

മാനന്തവാടി വ്യാപാരഭവനിൽ വെച്ച് നിർമ്മാണ തൊഴിലാളി രജിസ്ട്രേഷൻ നടന്നു. 16 തൊഴിലാളികൾക്ക് അംഗത്വ കാർഡ് ലഭിച്ചു.

**പുതുക്കൽ**

നിർമ്മാണ തൊഴിലാളി, കർഷക തൊഴിലാളി ക്ഷേമനിധിക ളുടെ 2021-22 വർഷത്തെ പുതുക്കൽ നടപടി പൂർത്തിയായി.

**വിവാഹധന സഹായം**

ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമെടുത്ത 02 അംഗങ്ങളുടെ മക്കൾക്ക് വിവാഹധനസഹായം ലഭിച്ചു.

**സ്വാവലംബൻ**

കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ സ്വാവലംബൻ പദ്ധതിയിൽ ചേർന്നവരുടെ പുതുക്കൽ നടപടി (2021–22) പൂർത്തിയായി. 2022 ൽ 36 പേർക്ക് 60 വയസ്സ് പൂർത്തിയായതിനെ തുടർന്ന് റിട്ടയർ ഫണ്ടിന് അപേക്ഷ നൽകി.

## SAFP Housing Project

മാനന്തവാടി രൂപതയുടെ ഗോൾഡൻ ജൂബിലിയുടെ ഭാഗമായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും ബയോവിൻ അഗ്രോ റിസേർച്ചും സംയുക്തമായി നിർമ്മിച്ചു നൽകുന്ന ഭവനങ്ങളുടെ വെഞ്ചിരിപ്പ് നടന്നുകൊണ്ടിരിക്കുകയാണ്. രൂപതയുടെ കീഴിലുള്ള സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 52 കുടുംബങ്ങൾക്ക് ഭവനം നിർമ്മിച്ച് നൽകുന്ന ഭവന നിർമ്മാണ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സഹായിച്ച സേവ് എ ഫാമിലി പ്ലാൻ, ലിറ്റിൽ വേ അസോസിയേഷൻ, വികാരിയച്ചൻമാർ, ഇടവകയിലെ കമ്മറ്റിക്കാർ, സംഘടനാ ഭാരവാഹികൾ എന്നിവരോടുള്ള ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു.

**ജൽ ജീവൻ മിഷൻ**

കേന്ദ്ര സംസ്ഥാന സർക്കാരിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ നടപ്പിലാക്കുന്ന ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഗ്രാമപഞ്ചായത്ത് തലത്തിലുള്ള പദ്ധതി നിർവ്വഹണ സഹായ എജൻസിയായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയെ ജില്ലാ കലക്ടർ അദ്ധ്യക്ഷനായുള്ള ജില്ലാ കുടിവെള്ള ശുചിത്വ മിഷൻ പ്രകാരം നിയമിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഈ മാസം വിവിധ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയും ചെയ്തു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി വയനാട് ജില്ലയിലെ പടിഞ്ഞാറത്തറ, എടവക, തവിഞ്ഞാൽ എന്നീ ഗ്രാമപഞ്ചായത്തുകളിലും മലപ്പുറം ജില്ലയിലെ ഉറങ്ങാട്ടിരി, എടവണ്ണ ഗ്രാമപഞ്ചായത്തുകളിലും ആണ് ജൽ ജീവൻ പദ്ധതിയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. ആക്ടിവിറ്റി പ്ലാൻ

അനുസരിച്ച് ആദ്യഘട്ട പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു കഴിഞ്ഞു. ആദ്യഘട്ട പ്രവർത്തനങ്ങളായ ത്രികക്ഷി എഗ്രിമെന്റ് തയ്യാറാക്കലും അതിൽ ഒപ്പ് വെക്കലും പൂർത്തീകരിച്ച് കഴിഞ്ഞു. രണ്ടാം ഘട്ട പ്രവർത്തനങ്ങളായ ഇൻസ്പെക്ഷൻ റിപ്പോർട്ട് തയ്യാറാക്കലും, ഭരണ സമിതി അംഗങ്ങൾക്ക് വേണ്ടി ജൽ ജീവൻ പദ്ധതിയുടെ പ്രവർത്തനങ്ങൾ വിശദീകരിച്ചു നൽകുകയും ചെയ്തു.

**SWS (സോഷ്യൽ വെൽഫയർ സൊസൈറ്റി)**

SWS ന്റെ കീഴിൽ മാർച്ച് മാസത്തിൽ 28 യൂണിറ്റുകളിൽ യോഗം നടത്തി. പയ്യമ്പള്ളി യൂണിറ്റിൽ **'സ്ത്രീയും നിയമവും'** എന്ന വിഷയത്തിൽ തലപ്പുഴ എ.എസ്.ഐ സാദിർ തലപ്പുഴ അംഗങ്ങൾക്ക് ക്ലാസ്സെടുത്തു.

**ആട് വിതരണം**

പ്രളയകാലത്ത് കുടുംബങ്ങൾക്ക് കൈതാങ്ങായി മാറിയ ആട് വളർത്തൽ പദ്ധതിയിലൂടെ നൽകിയ ആടിന്റെ ആദ്യകുഞ്ഞിനെ മറ്റൊരു കുടുംബത്തിന് നൽകുന്നതിന്റെ ഭാഗമായി പ്രശാന്തിഗിരി, കോട്ടത്തറ യൂണിറ്റുകളിൽ 02 കുടുംബങ്ങൾക്ക് ആട് വിതരണം നടത്തി.

**ഡ്രസ്സ് ബാങ്ക്**

കാരിത്താസ് ഇന്ത്യയുടെ ആശാകിരണം പദ്ധതിയുടെ ഭാഗമായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ പ്രവർത്തിക്കുന്ന ഡ്രസ്സ് ബാങ്കിലേക്ക് വിവിധ യൂണിറ്റുകളിൽ നിന്നും തുണിത്തരങ്ങൾ എത്തിക്കുന്നു. ഇതിലെ തുണിത്തരങ്ങൾക്ക് ദിനം പ്രതി ആവശ്യക്കാർ ഏറുന്നു എന്നത് ഇതിനെ ശ്രദ്ധേയമാക്കുന്നു.

**കിറ്റ് വിതരണം**

കാരിത്താസ് ഇന്ത്യയുടെ സഹായത്തോടെ ശാരീരിക വൈകല്യം ഉള്ളവർക്കായി കിറ്റ് വിതരണം ചെയ്തു. പദ്ധതിയുടെ രൂപതാതല ഉദ്ഘാടനം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല നിർവ്വഹിച്ചു. അസ്സോസിയേറ്റ് ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ അദ്ധ്യക്ഷത വഹിച്ചു. പ്രോഗ്രാം ഓഫീസർ പി. എ ജോസ്, സി. അനിലിറ്റ് എഫ്.സി.സി എന്നിവർ പ്രസംഗിച്ചു.

**സോപ്പുൽപ്പന്ന നിർമ്മാണ പരിശീലനം**

മാനന്തവാടി ജില്ലാ ജയിലിലെ അന്തേവാസികൾക്കായി സോപ്പുൽപ്പന്ന നിർമ്മാണ പരിശീലനം നൽകി വരുന്നു. മാനന്തവാടി റീജിയണൽ കോ-ഓർഡിനേറ്റർ ഷീന ആന്റണി ക്ലാസുകൾക്ക് നേതൃത്വം നൽകി.

**ജീവസ് ഇൻഷൂറൻസ്**

മാനന്തവാടി രൂപതയുടെ സാമൂഹിക പ്രവർത്തനങ്ങളുടെ ഭാഗമായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി വഴി നടത്തപ്പെടുന്ന ഒരു കുടുംബാരോഗ്യ പദ്ധതിയാണ് ജീവസ് ഇൻഷൂറൻസ്. ഈ സാമ്പത്തികവർഷം 1250 കുടുംബങ്ങൾ അംഗത്വമെടുത്തു. കഴിഞ്ഞ മാസത്തിൽ 2,62,075 രൂപ ഇൻഷൂറൻസ് ആനുകൂല്യമായി ലഭിച്ചു.

**ഫാ. പോൾ കൂട്ടാല**

ഡയറക്ടർ, WSSS

# സെന്റ് ജോസഫ് മിഷൻ ഹോസ്പിറ്റൽ

**CPR പരിശീലന ക്ലാസ് സംഘടിപ്പിച്ചു**

വുമൺസ് ഡേ യുടെ ഭാഗമായി ദ്വാരക മേഖല കെ.സി.വൈ.എം ന്റെ സഹകരണത്തോടെ വനിതാ അംഗങ്ങൾക്കായി സി.പി.ആർ പരിശീലന ക്ലാസ് സംഘടിപ്പിച്ചു. ഹോസ്പിറ്റൽ ഡയറക്ടർ ഫാ. മനോജ് കവലക്കാടൻ നേതൃത്വം നൽകി. ഹോസ്പിറ്റൽ സ്റ്റാഫ് അംഗങ്ങളായ സി. ലിനെറ്റ് CMC, സി. ലിയ CMC, മിസ്സിസ് ലീമ, മിസ്സിസ് ജിൽനാ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**ഹോസ്പിറ്റൽ ഡേ ആഘോഷിച്ചു**

1971 ൽ സ്ഥാപിതമായ ഹോസ്പിറ്റലിന്റെ സുവർണ്ണജൂബിലി സമാപനവും ഹോസ്പിറ്റൽ ഡേയും സംയുക്തമായി മാർച്ച് 19 ന് അഭി. മാർ ജോസ് പൊരുന്നേടം പിതാവിന്റെ സാന്നിധ്യത്തിൽ വിവിധ കലാ പരിപാടികളോടെ ആഘോഷിച്ചു.

**ഡോക്ടർമാർ ചാർജെടുത്തു**

ജനറൽ ഫിസിഷ്യനായി ഡോ. അൻവിൻ സെബാസ്റ്റ്യനും ഓർത്തോപീഡിക് ഫിസിഷ്യനായി ഡോ. സുരേഷ് ബാബുവും ഒഫ്താൽമോളജിസ്റ്റ് ആയി ഡോ. ജയറാമും ചാർജെടുത്തു.

**കരുതൽ ഡോസ് വാക്സിനേഷൻ ക്യാമ്പ് നടത്തി.**

പനമരം നവജ്യോതി വൃദ്ധ സദനത്തിലെ അന്തേവാസികൾക്കായി സൗജന്യ കരുതൽ ഡോസ് വാക്സിനേഷൻ ക്യാമ്പ് നടത്തി.

**കോവിഷീൽഡ് ബൂസ്റ്റർ ഡോസുകളുടെ വിതരണം ആരംഭിച്ചു.**

ഹോസ്പ്പിറ്റലിൽ തിങ്കൾ മുതൽ ശനി വരെ രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 2 മണിവരെ കോവിഷീൽഡ് കരുതൽ ഡോസുകൾ ലഭ്യമാണ്. രണ്ടാം ഡോസ് സ്വീകരിച്ച് 9 മാസം കഴിഞ്ഞവർക്കെല്ലാം , കരുതൽ ഡോസുകൾ സ്വീകരിക്കാവുന്നതാണ്.

**ഒഫ്താൽമോളജി ഡിപ്പാർട്ട്മെൻറ് ആരംഭിച്ചു**

ഒഫ്താൽമോളജിയുടെ O.P ഡിപർട്ടുമെന്റ് ആരംഭിച്ചു. രാവിലെ 8 മണി മുതൽ 1 മണി വരെയും, ഉച്ചകഴിഞ്ഞ് 4 മണി മുതൽ 6 മണി വരെയും ആയിരിക്കും പരിശോധന സമയം. കണ്ണു സംബന്ധമായ എല്ലാ ചികിത്സകൾക്കും ഇനി ഹോസ്പിറ്റലിൽ സൗകര്യമുണ്ടായിരിക്കും.

**ഫാ. മനോജ് കവളക്കാടൻ**

ഡയറക്ടർ

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

മണ്ണ്, ജലം, വായു സംരക്ഷണത്തിലൂന്നി രാസപദാർത്ഥങ്ങളെ അകറ്റി നിർത്തിയുള്ള കാർഷിക വൃത്തിയിലൂടെ മികച്ച വിളവും മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങളും നേടിയെടുക്കാൻ കർഷകനെ പരിശീലിപ്പിക്കുന്ന ജൈവ കൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി മികവുറ്റ രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. പദ്ധതിയിൽ നിലവിൽ 18451 കർഷകരാണ് 1101 ഗ്രൂപ്പുകളിലായി (48 ICS- Internal control system) അംഗങ്ങളായുള്ളത്. ഒരു ഗ്രൂപ്പിൽ 5 മുതൽ 25 വരെ കർഷകരും, ഒരു ICS ൽ 25 മുതൽ 500 വരെ കർഷകരുമാണ് ഉണ്ടാവുക.

**റയിൻഫോറെസ്റ് അലയൻസ് സെമിനാറുകൾ**

റയിൻഫോറെസ്റ് അലയൻസ് മാനദണ്ഡങ്ങളിൽ വന്ന മാറ്റങ്ങൾ കർഷകരെ അറിയിക്കുന്നതിനും കൃഷിയിടത്തിൽ ചെയ്യേണ്ടുന്ന സാമൂഹിക കാർഷിക കാര്യങ്ങളെക്കുറിച്ച് ബോധ്യപ്പെടുത്തുന്നതിനുമായി ബത്തേരി, മാനന്തവാടി എന്നിവിടങ്ങളിൽ വച്ച് സർട്ടിഫിക്കേഷനിൽ ഉൾപ്പെട്ടിട്ടുള്ള കർഷകർക്കായി സെമിനാർ സംഘടിപ്പിച്ചു. മാനദണ്ഡങ്ങൾ, ലിംഗ സമത്വം, പ്രാഥമിക ശുശ്രൂഷ, വളപ്രയോഗം, പ്രകൃതി സംരക്ഷണം തുടങ്ങിയ വിഷയങ്ങളിൽ ശ്രീ. വിനീഷ് മാത്യു ക്ലാസ്സുകൾ നയിച്ചു. ശ്രീ. ഷാജി ജോസ്, ശ്രീ. ജോസ് പോൾ, അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർമാർ ശ്രീമതി. സോണിയ, ശ്രീ. അഖിൽ ജോസഫ് എന്നിവർ പങ്കെടുത്തു.

**കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ**

ജൈവ ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കൃഷിയിലെ നൂതന മാറ്റങ്ങളും കീടരോഗ നിയന്ത്രണ രീതികളും, ഫെയർ ട്രേഡ് സംവിധാനം എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ പൊഴുതന, എട്ടാം മൈൽ, ഏഴാംച്ചിറ, മുക്കംകുന്ന്, ചെല്ലംകോട്, പാടിവയൽ, റിപ്പൺ, വട്ടച്ചോല, വെള്ളമുണ്ട തുടങ്ങിയ സ്ഥലങ്ങളിലായി പതിനൊന്ന് കർഷക ഗ്രൂപ്പുകളിലായി നടക്കുകയും അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർമാർ പങ്കെ

ടുക്കുകയും കർഷരുടെ പ്രശ്നങ്ങൾ ചോദിച്ചറിയുകയും പരിഹാര ങ്ങൾ നിർദ്ദേശിക്കുകയും, കർഷകരിൽ നിന്നും ആവശ്യമായ വിവ രങ്ങൾ ശേഖരിക്കുകയും ചെയ്തു.

**റയിൻഫോറെസ്റ് അലയൻസ് 2020 സ്റ്റാൻഡേർഡ് ഓഡിറ്റ്**

റയിൻഫോറെസ്റ് അലയൻസ് സർട്ടിഫിക്കേഷന്റെ ഓഡിറ്റ് ഓഫീസിലും കൃഷിയിടങ്ങളിലുമായി പൂർത്തീകരിച്ചു. ഇൻഡോ സേർട്ട് സർട്ടിഫിക്കേഷൻ ഏജൻസിയിൽ നിന്നും ശ്രീ. ലിയോ ഹാരിസ് ഓഡിറ്റ് നയിക്കുകയും, ശ്രീ. ഷാജി ജോസ്, ശ്രീ. വിനീഷ് മാത്യു, ശ്രീ. ജോസ് പോൾ, അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീ സർമാർ എന്നിവർ ആവശ്യമായ ക്രമീകരണങ്ങൾ നടത്തുകയും ചെയ്തു. അഞ്ച് പഞ്ചായത്തുകളിലായി 15 കൃഷിയിടങ്ങൾ സന്ദർ ശിച്ചു.

**ന്യൂനപക്ഷ ക്ഷേമ പരിപാടി**

ഫെയർട്രേഡ് സ്റ്റാൻഡേർഡിനെ അടിസ്ഥാനപ്പെടുത്തി നടപ്പി ലാക്കിവരുന്ന ന്യൂനപക്ഷ ക്ഷേമ പ്രോഗ്രാം, കഫേ, വോഫാ സംഘ ടനകളിൽ ഉൾപ്പെടുന്ന ന്യൂനപക്ഷ വിഭാഗക്കാരായ (പട്ടിക വർഗ്ഗ ത്തിൽ ഉൾപ്പെടുന്ന) അംഗങ്ങളെ ഉൾപ്പെടുത്തി മാർച്ച് മാസം 30, 31 തീയ്യതികളിലായി തൊണ്ടർനാട് പഞ്ചായത്തിലെ ചുരുളി, കോട്ടത്തറ എന്നിവിടങ്ങളിൽ വച്ച് സെമിനാറുകൾ സംഘടിപ്പിച്ചു. പട്ടിക വർഗ്ഗ വിഭാഗക്കാരുടെ പ്രത്യേക അവകാശങ്ങളെക്കുറിച്ച് അഡ്വ. എൽബി മാത്യു ക്ലാസ്സുകൾ നയിച്ചു. പിന്നോക്ക വിഭാഗ ങ്ങളിൽ ഉൾപ്പെടുന്നവരെ സമൂഹത്തിന്റെ മുഖ്യ ധാരയിൽ എത്തി ക്കുന്നതിനായി നിർമ്മിക്കപ്പെട്ടിട്ടുള്ള നിയമ സംവിധാനങ്ങളെപ്പറ്റി അംഗങ്ങളെ ബോധവാന്മാരാക്കുകയും പങ്കെടുത്ത മുഴുവൻ അംഗ ങ്ങൾക്കും 500 രൂപ വിലവരുന്ന ഭക്ഷ്യ കിറ്റുകൾ നൽകുകയും ചെ യ്തു. വോഫാ കോർഡിനേറ്റർ ശ്രീ. വിനീഷ് മാത്യു, കഫേ കോർ ഡിനേറ്റർ ശ്രീ. ബിബിൻ ജോയ്, FCH ശ്രീ. അഖിൽ ജോസ്, ശ്രീ മതി. ജിൻസി എന്നിവർ പങ്കെടുത്തു.

**VFC ഗ്രാന്റ് വിതരണം പൂർത്തീകരിച്ചു**

ഗ്രൂപ്പ് പ്രവർത്തനങ്ങൾ ശാക്തീകരിക്കുക എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടെ കഫെ നടപ്പിലാക്കി വരുന്ന VFC ഗ്രാന്റ് വിത രണ പദ്ധതി മാർച്ച് മാസത്തോടെ പൂർത്തീകരിച്ചു. ലഭ്യമായ 110 അപേക്ഷകൾ പരിശോധിച്ച് 5000 രൂപ തോതിൽ മുഴുവൻ അപേക്ഷ കർക്കും നൽകുകയുണ്ടായി. പ്രസ്തുത പദ്ധതിക്കായി കഫെ 550000 രൂപ ചെലവഴിച്ചു.

**NAAP ട്രെയിനിങ് പ്രോഗ്രാം**

നെറ്റ് വർക്ക് ഓഫ് ഏഷ്യ പസഫിക് പ്രൊഡ്യൂസേഴ്സിന്റെ ആഭിമുഖ്യത്തിൽ കാപ്പി കർഷകർക്കായി വിള ഉത്പാദനം പരിപാലനം എന്ന വിഷയത്തിൽ ചിക്ക് മംഗളൂർ കാപ്പി ഗവേഷണ കേന്ദ്രത്തിൽ വച്ച് മാർച്ച് 28, 29 തീയതികളിൽ സംഘടിപ്പിച്ച സെമിനാറിൽ കഫെയെ പ്രതിനിധീകരിച്ച് വൈസ് ചെയർമാൻ ശ്രീ. ചാക്കോ ചെറുപ്ലാവിൽ, ജോ. സെക്രട്ടറി ശ്രീ. ജോൺസൺ അഴീക്കൽ എന്നിവരും, വൊഫയെ പ്രതിനിധീകരിച്ച് സെക്രട്ടറി ശ്രീ. ജോയ് പരിയാരത്തും പങ്കെടുത്തു.

**മാർക്കറ്റിംങ്**

മാർച്ച് മാസം കാപ്പിപ്പരിപ്പ്, കുരുമുളക്, മഞ്ഞൾ, ചുക്ക്, ഏലക്ക, തുടങ്ങിയ ഉത്പ്പന്നങ്ങൾക്ക് അമേരിക്ക, കാനഡ, ബെൽജിയം, ഇറ്റലി, ജർമ്മനി, ഫ്രാൻസ്, ആസ്ട്രേലിയ, ഡെന്മാർക്ക് തുടങ്ങിയ രാജ്യങ്ങളിൽ നിന്നും പുതുതായി ഓർഡറുകൾ സ്വീകരിക്കുവാൻ സാധിച്ചു.

**സംഭരണം**

പദ്ധതിയിൽ അംഗങ്ങളായ കർഷകരിൽ നിന്നും മാർച്ച് മാസം 1860162 കിലോ കാപ്പി 97 രൂപ നിരക്കിലും, 187098 കിലോ പച്ച ഇഞ്ചി 33.33 രൂപ നിരക്കിലും, 22503 കിലോ ഞാലിപ്പൂവൻ വാഴക്കുല 30 രൂപ നിരക്കിലും, 8355 കിലോ പച്ച മഞ്ഞൾ 23 രൂപ നിരക്കിലും സംഭരിച്ചു.

**ബയോലാൻറ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്ല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാൻറ് അഗ്രോ പ്രോസസ്സിംഗ് സെന്റർ മാർച്ച് മാസത്തിലും മഞ്ഞൾ, ഇഞ്ചി, വാഴപ്പഴം, കാപ്പി തുടങ്ങിയവ സംസ്കരിക്കുകയും, മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

### ഹരിത മുദ്ര പുരസ്കാരം

കാർഷികമേഖലയുടെയും കർഷകരുടേയും വികസനത്തിനു വേണ്ടി അവതരിപ്പിക്കുന്ന ഏറ്റവും മികച്ച കാർഷിക പ്രോഗ്രാമുകൾക്ക് സംസ്ഥാന കൃഷി വകുപ്പ് നല്കുന്ന ഹരിതമുദ്ര പുരസ്കാരം ശ്രവ്യ മാധ്യമ വിഭാഗത്തിൽ റേഡിയോ മാറ്റൊലി പ്രക്ഷേപണം ചെയ്യുന്ന ഞാറ്റുവേല പരിപാടിക്ക് ലഭിച്ചു. കൃഷിയുമായി ബന്ധപ്പെട്ട ആനുകാലിക വിഷയങ്ങൾ, കമ്പോള വില നിലവാരം, സമകാലികസംഭവങ്ങൾ ചിത്രീകരണരൂപത്തിലവതരിപ്പിക്കുന്ന ചായക്കട, കാലാവസ്ഥ എന്നിവയടങ്ങിയ പരിപാടിയാണ് ഞാറ്റുവേല. സ്മിത ജോൺസനാണ് ഞാറ്റുവേല പരിപാടി തയ്യാറാക്കുന്നത്. 2022 ൽ രണ്ടാമത്തെ പുരസ്കാരമാണ് റേഡിയോ മാറ്റൊലിയെ തേടിയെ ത്തുന്നത്. 2019 ൽ ഹരിതമുദ്ര പുരസ്കാരം മാറ്റൊലിക്ക് ലഭിച്ചിരുന്നു.

### യാത്രാമംഗളങ്ങൾ

ദീർഘകാലം സ്തുത്യർഹവും നിസ്തുലവുമായ സേവനത്തിനുശേഷം റേഡിയോ മാറ്റൊലി കുടുബത്തിൽ നിന്നും കാഞ്ഞിരപ്പള്ളി അമൽജ്യോതി എൻജിനീയറിംഗ് കോളേജിലെ കമ്മ്യൂണിറ്റി റേഡിയോ സ്റേറഷന്റെ പ്രോഗ്രാം ഡയറക്ടറായി സേവനമനുഷ്ഠിക്കുവാൻ പോകുന്ന ഫാ.ജസ്റ്റിൻ മുത്താനിക്കാട്ടിലിന് യാത്രാമംഗളങ്ങൾ നേരുന്നു.

### ക്ഷയരോഗദിനാചരണം

മാർച്ച് 24 ക്ഷയരോഗദിനാചരണത്തിന്റെ ഭാഗമായി ജില്ലാ ടി.ബി ഓഫീസർ ഡോ. ഷിജിൻ ജോൺ ആളൂർ, ഡി. എം. ഓ ഡോ. കെ സക്കീന, ഡോ. പ്രിയ സേനൻ എന്നിവരുടെ അഭിമുഖം പ്രക്ഷേപണം ചെയ്തു.

### പങ്കാളിത്തം

എറണാകുളം സെന്റ് തെരേസാസ് വുമൺസ് കോളേജിൽ വെച്ച് നടന്ന കേരളത്തിലെ കമ്മ്യൂണിറ്റി റേഡിയോകളുടെ മീറ്റിംഗിൽ ഫാ. ബിജോ കറുകപ്പിള്ളിൽ, ഫാ. ജിതിൻ ജോൺ എന്നിവർ പങ്കെടുത്തു.

**വിത്തുത്സവം 2022**

പുത്തൂർവയൽ എം.എസ്. എസ്. ആർ. എഫിൽ വെച്ച് മാർച്ച് 19ന് നടന്ന വിത്തുത്സവം 2022 പരിപാടിയുടെ ഉദ്ഘാടന സമ്മേള നത്തിൽ ഫാ. ബിജോ കറുകപ്പിള്ളിൽ പങ്കെടുത്തു ആശംസകളർ പ്പിച്ചു.

**ഇന്റേൺഷിപ്പ്**

അരീക്കോട് സുല്ലമുസ്സലാം സയൻസ് കോളേജിലെ ബ്രോഡ് കാസ്റ്റിംഗ് ആന്റ് ജേർണലിസം അവസാന വർഷ ബിരുദ വിദ്യാർ ത്ഥികളായ ബാഹ്ജ എൻ. കെ, സുനൈന കെ. കെ, ഫാത്തിമ ഹിബ എൻ എന്നിവർ ഒരുമാസത്തെ ഇന്റേൺഷിപ്പ് പൂർത്തിയാക്കി. കർണാടക സെൻട്രൽ യൂണിവേഴ്സിറ്റിയിലെ എം. എ ജേർണലിസം ആന്റ് മാസ്സ് കമ്മ്യൂണിക്കേഷൻ ഫൈനൽ ഇയർ സ്റ്റുഡന്റ്സ് ആയ അപർണ ചന്ദ്രൻ, അനുശ്രീ എന്നിവർ ഒരു മാസത്തെ ഇന്റേൺ ഷിപ്പിനായി മാർച്ച് 21 ന് ജോയിൻ ചെയ്തു.

**സന്ദർശനം**

സീറോ മലബാർ സഭാ മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ ഏപ്രിൽ 6 ന് മാറ്റൊലി സന്ദർശിച്ചു. കേരള വനിതാ വികസന കോർപ്പറേഷൻ ചെയർപേഴ്സൺ കെ. സി. റോസക്കുട്ടി ടീച്ചർ ഏപ്രിൽ 7 ന് മാറ്റൊലി സന്ദർശിച്ചു. പുൽപ്പള്ളി പഴശ്ശിരാജാ കോളേജിലെ ബി. സി.ജെ വിദ്യാർത്ഥിയായ ഹരിശങ്കർ പ്രൊജക്ട് വർക്കിന്റെ ഭാഗ മായി മാർച്ച് 21 ന് മാറ്റൊലി സന്ദർശിച്ചു. റേഡിയോ മാറ്റൊലിയുടെ പ്രവർത്തനങ്ങളേക്കുറിച്ച് പഠിക്കുന്നതിനും മനസ്സിലാക്കുന്നതിനു മായി ജർമ്മനി സ്വദേശി മാർക്സ് മില്യൺ മാർച്ച് 26 ന് മാറ്റൊലി സന്ദർശിച്ചു.

**പഠന സന്ദർശനം**

മമ്പാട് എം.ഇ. എസ് കോളേജിലെ ബി.എ ഇംഗ്ലീഷ് ലിറ്ററേച്ചർ വിദ്യാർത്ഥികൾ മാർച്ച് 28 ന് മാറ്റൊലി സന്ദർശിച്ചു. മുക്കം മണാ ശ്ശേരി മുഹമ്മദ് അബ്ദു റഹ്മാൻ മെമ്മോറിയൽ ഓർഫനേജ് കോളേ ജിലെ ബി. എ അഡ്വർടൈസിംഗ് ആന്റ് സെയിൽസ് മനേജ്മെന്റ് സ്റ്റുഡന്റ്സ് പഠനത്തിന്റെ ഭാഗമായി മാറ്റൊലി സന്ദർശിച്ചു.

**ഓഫീസ് പെയിന്റിംഗ്**

മാറ്റൊലി ഓഫീസ് പെയിന്റിംഗ് നടത്തി.

**ഫാ. ജോസ് കാവുങ്കൽ**
അസ്സി. ഡയറക്ടർ

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

ക്രിസ്തുവിന്റെ കാരുണ്യത്തിന്റെ മുഖം സഹജീവികൾക്ക് പകർന്നുകൊടുക്കുവാൻ ഉതകുന്ന തരത്തിൽ സാമൂഹി കക്ഷേമപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാനും അതുവഴി അനേകം ആളുകളുടെ ജീവിതത്തിന് പ്രത്യാശപകരുവാനും നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് അതിന്റെ വ്യത്യസ്തയും തനിമയുമുള്ള പ്രവർത്തനങ്ങളിലൂടെ സാധിക്കുന്നു.

**മേഖലാ ഇവാലുവേഷൻ മീറ്റിംഗ്**

നീലഗിരി ഡെവലപ്മെൻറ് സൊസൈറ്റിയുടെ ഫെബ്രുവരി മാർച്ച് മാസത്തെ ഇവാലുവേഷൻ മീറ്റിംഗ് 2022 ഏപ്രിൽ മാസം ഒമ്പതാം തീയതി രണ്ടാം ശനിയാഴ്ച 10.30 നു NDS, ഓഫീസിൽ വെച്ച് നടത്തപ്പെട്ടു. NDS ഡയറക്ടർ ഫാ. ബിനോയ് കാശാംകുറ്റി, ഉത്ഘാടനം ചെയ്യുകയും ചർച്ചകൾക്ക് നേതൃത്വം നൽകുകയും ചെയ്തു. യൂണിറ്റ് ഇവാലുവേഷൻ മീറ്റിങ് എല്ലാ മാസവും കൃത്യമായി നടത്തണമെന്നും യൂണിറ്റിലെ എല്ലാ ഗ്രൂപ്പുകളിലും നിന്ന് ചുരുങ്ങിയത് 2 പേരെങ്കിലും പങ്കെടുക്കുന്നുവെന്ന് യൂണിറ്റ് ഭാരവാഹികൾ ഉറപ്പ് വരുത്തുകയും ചെയ്യണമെന്ന് നിർദ്ദേശിച്ചു. NDS, ഉം നബാർഡും ഒരുമിച്ച് നടപ്പിലാക്കുന്ന അവക്കാഡോ ഫാർമേഴ്സിനു വേണ്ടിയുള്ള ട്രെയിനിങ് പ്രോഗ്രാം (CAT) കപ്പാസിറ്റി ബിൽഡിംഗ് ഫോർ അഡോപ്ഷൻ ഓഫ് ടെക്നോളജി, കൃഷിയിലെ നൂതന ശാസ്ത്രീയ മാർഗങ്ങൾ പരിശീലിപ്പിക്കുക. അവക്കാഡോ കൃഷിയിൽ അതിന്റെ ട്രെയിനിങ് പ്രോഗ്രാമിലേക്ക് എല്ലാ ഇടവകകളിൽ നിന്നും 2 ആളുകൾ വീതം സെലക്ട് ചെയ്യുന്നതിന് നിർദ്ദേശിച്ചു. യൂണിറ്റുകളുടെ പ്രവർത്തന റിപ്പോർട്ടും കണക്കും അതാത് യൂണിറ്റ് ഭാരവാഹികൾ അവതരിപ്പിക്കുകയും മീറ്റിംഗിൽ അതിനെ വിലയിരുത്തി സംസാരിക്കുകയും, യൂണിറ്റുകൾ ചെയ്ത മികച്ച പ്രവർത്തനങ്ങൾക്ക് അഭിനന്ദനങ്ങൾ അറിയിക്കുകയും ചെയ്തു.

**ജൽ ജീവൻ മിഷൻ ശില്പശാല:**

ജലജീവൻ മിഷൻ എടവണ്ണ, ഊർങ്ങാട്ടിരി എന്നീ പഞ്ചായത്തുകളിൽ ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾ സാമൂഹ്യ-രാഷ്ട്രീയ

പ്രതിനിധികൾക്കുള്ള ശില്പശാല നടത്തപ്പെട്ടു. ജനപ്രതിനിധികൾ സാമൂഹ്യ രാഷ്ട്രീയ മേഖലയിൽ നിന്നുള്ള ആളുകളിൽ നിന്നും അറുപതോളം പേർ ശിൽപ്പശാലയിൽ പങ്കെടുത്തു. സഹായ സംഘടനയായ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ അസിസ്റ്റൻറ് ഡയറക്ടർ ഫാദർ ജിനോജ് പാലാതടത്തിൽ ക്ലാസുകൾ നയിച്ചു സംസാരിക്കവേ ജൽജീവൻ മിഷൻ പ്രവർത്തനങ്ങൾ എല്ലാവരിലേക്കും എത്തുന്ന വിധത്തിൽ എല്ലാവരും പ്രവർത്തിക്കണമെന്ന് അഭിപ്രായപ്പെട്ടു. പദ്ധതിയുടെ ഭാഗമായി ചെയ്യുന്ന 62 ഓളം ആക്ടിവിറ്റികളെപറ്റി വിശദീകരിച്ചു. പങ്കെടുത്തവരുടെ സംശയങ്ങൾക്ക് മറുപടി നൽകി. ഒരു മണിയോടുകൂടി യോഗം അവസാനിച്ചു.

**പങ്കാളിത്താധിഷ്ഠിത ഗ്രാമവിശകലനം(PRA), സോഴ്സ് മാപ്പിംഗ്**

ജൽ ജീവൻ മിഷന്റെ ഭാഗമായി ഊർങ്ങാട്ടിരി പഞ്ചായത്തിലെ ഒന്നാം വാർഡായ ചുണ്ടത്തുംപൊയിൽ വാർഡ് സന്ദർശിച്ചു. വാർഡ് മെമ്പറുടെ നിർദ്ദേശപ്രകാരം ശ്രീ. ഗോപാലൻ എന്ന ആളെ സഹായത്തിന് ലഭിച്ചു. ജൽജീവൻ മിഷൻ ടീം ആയ ശ്രീമതി. ഫൗസിയ, ശ്രീ. സുബിൻജോസ് എന്നിവർ ശ്രീ. ഗോപാലൻ എന്നിവരോടൊപ്പം ഒന്നാം വാർഡിലെ ആദിവാസി വിഭാഗമായ മുതുവാൻ വിഭാഗത്തിൽപെടുന്ന ആളുകൾ അധിവസിക്കുന്ന നെല്ലായി, വെണ്ടേക്കുംപൊയിൽ, കരിമ്പ്, ചീങ്കണ്ണിപാലി എന്നീ സ്ഥലങ്ങളിലെ പൊതു ജലസ്രോതസുകൾ, നീരുറവകൾ, പൊതു കിണറുകൾ, പൊതുകുളങ്ങൾ എന്നിവ വാട്ടർ മാപ്പിങ്ങിന്റെ ഭാഗമായി നേരിട്ട് സന്ദർശിച്ചു നിലവിലെ സാഹചര്യം വിലയിരുത്തി. ഓരോ കോളനിയിലും ഏകദേശം 25 മുതൽ 30 ഓളം കുടുംബങ്ങൾ അധിവസിച്ചു കാണപ്പെടുന്നു. ഇവരുടെ പ്രധാന ജീവിതമാർഗ്ഗം കൃഷിയാണ് സർക്കാർ പതിച്ചു നൽകിയ റവന്യൂ ഭൂമിയിൽ ആണ് ഇവരുടെ താമസവും, കൃഷിയും. കശുവണ്ടി, ജാതിക്കാ, കാപ്പി, കൊക്കോ, അടയ്ക്ക, തെങ്ങ് തുടങ്ങിയ കൃഷികൾ ഇവിടെ കാണാനിടയായി. മഴക്കാലങ്ങളിൽ ജലസ്രോതസ്സുകൾ നിറഞ്ഞ് കവിഞ്ഞ് ഒഴുകുന്നു എന്നാൽ വെയിൽ കാലങ്ങളിൽ എല്ലാം വറ്റിവരണ്ടു കാണപ്പെടുന്നു. പഞ്ചായത്ത് പരിധിയിൽ കൂടി ഈ സ്ഥലങ്ങളിലേയ്ക്ക് എത്തിച്ചേരുവാൻ സാധിക്കുകയില്ല. ആയതിനാൽ കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞി, കൊടിയത്തൂർ, കക്കാടം പൊയിൽ എന്നീ പഞ്ചായത്തുകളിലെ റോഡ് മാർഗം ഉപയോഗിച്ച് വേണം കോളനികളുടെ ജലസ്രോതസ്സുകളിലേക്ക് എത്തിച്ചേരുവാൻ. മെച്ചപ്പെട്ട റോഡുകൾ ഒന്നും തന്നെ ഇതു വഴി കാണാൻ സാധിച്ചില്ല. പഞ്ചായത്തിന്റെതായി കിണർ, പമ്പ്

ഹൗസ്, ടാങ്കുകൾ, എന്നിവ കാണപ്പെട്ടു പൈപ്പ് ലൈൻ ഒന്നും തന്നെ ഈ മേഖലയിൽ കാണാനായില്ല. പൊതു നിർമ്മിതികളിൽ അംഗനവാടി, കമ്മ്യൂണിറ്റി ഹാളുകൾ, ഏകഅധ്യാപക സ്കൂൾ എന്നിവ കാണപ്പെട്ടു. പരിസ്ഥിതി ലോല മേഖല ആയതിനാൽ തന്നെ വർഷകാലങ്ങളിൽ ഉരുൾപൊട്ടലും, മണ്ണൊലിപ്പും ഉണ്ടാകുന്നതിനാൽ കമ്മ്യൂണിറ്റി ഹാൾ പോലുള്ള ക്യാമ്പുകളിൽ ആണ് ഇവരെ അധിവസിപ്പിക്കുന്നത്. മേല്പറഞ്ഞ നീരുറവകളിൽ നിന്നും ചെറിയ ഹോസുകൾ ഇട്ടാണ് നിലവിൽ ഇവർക്ക് കുടിവെള്ളം ലഭ്യമാകുന്നത്. പക്ഷെ കടുത്ത വേനലും, വരൾച്ചയും നീരൊഴുക്കിനെ ബാധിച്ചിട്ടുണ്ട്. ജൽ ജീവൻ മിഷൻ കുടിവെള്ളപദ്ധതിയിലൂടെയെങ്കിലും ഇവരുടെ കുടിവെള്ള ക്ഷാമത്തിന് പരിഹാരം ഉണ്ടാകുമെന്നു ഇവർ കരുതുന്നു.

ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഉള്ള ജലസ്രോതസുകൾ ആയ കളപ്പാറ തടത്തിൽ, കളപ്പാറകുളം, കളപ്പാറ ഫോറസ്റ്റ്, വള്ളിപ്പാല, എസ് സി കോളനി, പുല്പറമ്പ്, പുളിങ്കുന്ന് തുടങ്ങിയ സ്ഥലങ്ങളിലെ ജലസ്രോതസ്സുകൾ സന്ദർശിച്ചു ഇവിടങ്ങളിലും പൂർണ്ണമായ തോതിൽ പദ്ധതികൾ നടത്തപ്പെട്ടിട്ടില്ല എന്ന് മനസ്സിലായി ഭൂരിഭാഗം സ്ഥലങ്ങളിലും പൈപ്പ് ലൈൻ തന്നെ കൃത്യമായി എത്തിയിട്ടില്ല എന്ന് മനസ്സിലാക്കി.

എടവണ്ണ ഗ്രാമപഞ്ചായത്തിലെ 1 2 3 4 8 6 22 എന്നീ വാർഡുകളിൽ പെട്ട പൊതുകിണറുകളും കുളങ്ങളും ശുദ്ധജല പദ്ധതികൾ എന്നിവ സന്ദർശിച്ചു. തുമ്പിയാടാംകുന്നു നീർത്തട പദ്ധതി കാരപറമ്പ് പദ്ധതി, പാലക്കുന്ന് കുടിവെള്ളപദ്ധതി, പൊതുകിണർ പടിഞ്ഞാറെ ചാത്തല്ലൂർ, വട്ടകുണ്ടുതോട്, കാരപ്പറമ്പ് കുടിവെള്ള പദ്ധതി ചാത്തല്ലൂർ തോട്, മണക്കാട് പറമ്പ് ശുദ്ധജലപദ്ധതി, കോലംതോട് കുടിവെള്ള പദ്ധതി, കോട്ടായി പടിഞ്ഞാറെ ചാത്തല്ലൂർ കുടിവെള്ളപദ്ധതി, വീമ്പുകുഴികുളം, അടിവാരം കിണർ തെക്കുംതല കുടിവെള്ള പദ്ധതി, പടിഞ്ഞാറെതല പൊതു കിണർ എന്നിവ സന്ദർശിച്ചു മേൽപ്പറഞ്ഞ പദ്ധതികൾ മൂലം 50 മുതൽ നൂറോളം കുടുംബങ്ങൾ പദ്ധതികളെ ആശ്രയിച്ചിരിക്കുന്നു ഇവിടങ്ങളിൽ വെയിൽ കാലങ്ങളിൽ പൊതുവെ ജലസ്രോതസുകൾ വറ്റുകയും കുടിവെള്ളത്തിന് വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുകയും ചെയ്യുന്ന സ്ഥലങ്ങളാണ്.

**NABARD- NDS, CAT PROGRAMME:-**

NDS യും നബാർഡ് തമിഴ്നാടിന്റെയും ആഭിമുഖ്യത്തിൽ നീലഗിരിയിലെ അവക്കാഡോ ഫാർമേഴ്സ് വേണ്ടി CAT (Capacity Building

For Adoption Of Technology) പ്രോഗ്രാം നടത്തുന്നതിന്റെ ഭാഗമായി നീലഗിരി ജില്ലയിലെ 25ഓളം വരുന്ന അവക്കാഡോ ഫാർമേഴ്സിന് കൃഷിയിൽ നൂതന കൃഷിരീതികൾ പഠിപ്പിക്കാനുള്ള ട്രെയിനിങ് ആണിത് CAT പ്രോഗ്രാം അമ്പലവയൽ കാർഷിക വിജ്ഞാന കേന്ദ്രത്തിൽ വച്ച് 25 പേർക്ക് 4 ദിവസത്തെ പരിശീലനം കൊടുക്കുന്നതിനും അവക്കാഡോ കൃഷിയുമായി ബന്ധപ്പെട്ട തുടർ പരിശീലനങ്ങൾ നൽകുവാനും NDS ഉം നബാർഡ് തമിഴ്നാടും തമ്മിൽ ധാരണയായി.

**FRLHT- NDS PROGRAMME:-**

കേന്ദ്ര സർക്കാരിന്റെ കീഴിൽ പാരമ്പര്യ ഔഷധസസ്യങ്ങളെ സംരക്ഷിക്കുന്നതിന് ഭാഗമായിട്ടുള്ള പ്രോജക്റ്റുകൾ നീലഗിരിയിൽ NDS ആഭിമുഖ്യത്തിൽ നടപ്പാക്കുന്നതിനെപറ്റിയുള്ള ചർച്ച 18.03.2022 ന് NDS ഓഫീസിൽ വെച്ച് നടക്കുകയുണ്ടായി FRLHT ബാംഗ്ലൂർ ഡയറക്ടർ ഡോ: എം എസ് കരീം, വിശ്വനാഥൻ എന്നിവർ ചർച്ചയിൽ പങ്കെടുത്തു ഈ മേഖലയിലെ പാരമ്പര്യ വൈദ്യന്മാർ പാരമ്പര്യ വൈദ്യ മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകൾ, വീട്ടമ്മമാർ എന്നിവരെ ഉൾപ്പെടുത്തി കൊണ്ടുള്ള നൂതനമായ പദ്ധതികൾ നടപ്പാക്കുന്നതിനെപ്പറ്റി ചർച്ചയിൽ സംസാരിക്കുകയും അനുബന്ധ ക്രമീകരണങ്ങൾ നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു.

ഇനിയും മുന്നോട്ടുള്ള പ്രയാണത്തിൽ ക്രിസ്തുവിന്റെ കാരുണ്യത്തിന്റെ മുഖമായി മാറുവാൻ നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് സാധിക്കട്ടെയെന്ന് ആശംസിച്ചുകൊണ്ട് ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

**ഫാ. ബിനോയ് കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS

**March 2022 – April 2022**

* Merit cum retirement function was held on 9th March 2022. His Excellency Rt Rev Dr Jose Porunnedom the Patron of our college was the chief guest, Rev Fr George Myladoor, Manager of the college, presided over the function and Dr Maria Martin Joseph, Principal, welcomed the gathering. Ms Amrutha E P was adjudged the best outgoing student 2020-21. Dr. Joseph K. J., Associate Professor in Malayalam (27 Years of Service), Dr. Rakesh Kalia, Associate Professor in Hindi (26 Years of Service), Dr. Pamy Sebastian, Associate Professor in Mathematics (22 Years of Service) and Fr. George P. V.,College Librarian (25 years of service) shall be retiring from Mary Matha Arts and Science college, Mananthavady, this academic year (2021-22). Dr. Rakesh Kalia retired officially on 31st March 2022. Dr. Joseph K. J., Dr. Pamy Sebastian and Fr. George P. V will be retiring on 31st May 2022. The retiring staff members were felicitated and given a befitting farewell.

**Mary Matha Arts and Science College, Mananthavady appointed a Permanent Assistant Professor :**

| Name | Department | Date of Appointment |
|---|---|---|
| Dr. Sanu V. F. | Zoology | 24/02/2022 |

**Mary Matha Arts and Science College, Mananthavady appointed 3 Permanent Office Attendant:**

| Sl.No. | Name | Date of Appointment |
|---|---|---|
| 1 | Anil Emmanuel | 17/03/2022 |
| 2 | Lisbha Rose | 18/03/2022 |
| 3 | Aneesh E. M. | 21/03/2022 |

Participated in Kannur University Arts Festival held at Govt. College, Kasargode from 22nd to 27th March 2022. The combined effort of our teachers and students, their dedication and determination

helped us in winning the following events.

1. Thiruvathira : Second Price
2. Oppana : Second Price
3. Cinema Niroopanam Malayalam :Yamuna K. V. –

Second Price A Grade

4. Charcoal painting : Eline Martin – Second Price with A grade
5. Hindi Recitation : Neha Suresh – A grade

This feat would have been impossible without the coordination and sincere teamwork by both the teachers and students. College community congratulates the whole team.

* **Entrepreneurship Development Club:** in association with IQAC organized an invited talk on Career Prospects in Entrepreneurship on 22nd March 2022. Mr. Ajay Thomas, Chief Executive Officer, Vatassa Energy Pvt. Ltd, was the resource person.

* **Film Club:** Conducted a short film story writing competition. Ann Mary Thomas of first year B.Com was declared the winner.

* **NSS:** 50 volunteers participated in “National Young Leaders Programme” on 21st March 2022 at Mananthavady organized by Nehru YuvakendraWayanad.

Celebrated international Women’s day on 8th March 2022 and conducted quiz, debate and pencil drawing competitions.Celebrated Shaheed Diwas on 23rd March 2022 and conducted a quiz competition.

* **Department of Commerce:** In Association with Security Exchange Board of India conducted a Financial Essential Workshop for Students.

* **Dr. Sanu V. F.:** Published a paper titled “Taxonomic Revision of Epiphytic CopepodaMetisJousseaumei Richard, 1892 ( CopepodaHarpacticoida, Metidae) from Kavaratti Island Southeastern Arabian Sea” in Thalassas : An International Journal of Marine Sciences (Springer nature Publication)

*** Dr. Akhila B. Edathazhe:** Co-ordinated an invited talk on "Exploring opportunities/ Campus Placements and Scope for Higher Education" on 3rd March, 2022 conducted by Department of Physics in association with IQAC and Career Guidance and Placement cell.

Monitor of a debate competition conducted by Women's Cell and NSS as part of International Women's Day on 8th March, 2022.

*** Mr. Binoy Joseph:** Participated and presented a paper in International Conference on Mathematical Techniques and Applications 2022 (e-ICMTA 2022).

Participated in 'Kannur University Research Conclave 2022' on 11thApril 2022 at Kannur University.

*** Sr. Elizabeth M J, Dr. Akhila B. Edathazhe and Ms Tancy V S:** Completed 4 week induction / orientation programme for "Faculty in Universities /Colleges / Institutes of Higher Education" conducted by Teaching Learning Centre, Ramanujan College , University of Delhi under the aegis of Ministry of Education PMMNMTT from 15th February to 16th March 2022.

**Dr Maria Martin Joseph**

Principal

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

2021-22 അധ്യയനവർഷം മാനന്തവാടി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങൾ ജില്ലാസംസ്ഥാനതലങ്ങളിൽ കരസ്ഥമാക്കിയത് അഭിമാനകരമായ നിരവധി നേട്ടങ്ങളാണ്. അക്കാദമികപരമായ മുന്നേറ്റങ്ങൾക്കൊപ്പം പാഠ്യേതരരംഗങ്ങളിലും വിദ്യാർത്ഥികൾ മാറ്റുരച്ചുകൊണ്ട് നിരവധി അംഗീകാരങ്ങൾ നേടിയെടുത്തുവെന്നുള്ളത് അഭിനന്ദനാർഹമാണ്. വിദ്യാലയങ്ങളുടെ വാർഷികാഘോഷങ്ങളും ദീർഘകാലത്തെ അധ്യാപനസപര്യയ്ക്കുശേഷം ഔദ്യോഗികജീവിതത്തിന് വിരാമം കുറിക്കുന്ന പ്രിയ അധ്യാപകർക്കുള്ള യാത്രയയപ്പ് ചടങ്ങുകളും ഓരോ വിദ്യാലയവും സമുചിതമായ രീതിയിൽ ആഘോഷിച്ചു.

**വിദ്യാലയവാർത്തകൾ**

**1. എ. യു. പി സ്കൂൾ ദ്വാരക**

ഒരുപിടി അഭിമാനകരമായ നേട്ടങ്ങളാണ് കഴിഞ്ഞ ഒരു മാസക്കാലത്തിനുള്ളിൽ വിദ്യാലയത്തെ തേടിയെത്തിയത്. മലയാള മനോരമയുടെ നല്ലപാഠം പ്രവർത്തനങ്ങൾക്ക് പുത്തൻമാതൃകകൾ രചിച്ച വിദ്യാലയം സ്വന്തമാക്കിയത് സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനമെന്ന അഭിമാനകരമായ നേട്ടം ഒപ്പം ഈ നേട്ടത്തിന് പിന്നിൽ പ്രവർത്തിച്ച സിസ്റ്റർ ഡോൺസി കെ തോമസ് , നദീർ ടി എന്നിവർ മികച്ച അധ്യാപക കോർഡിനേറ്റർമാരായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. എൽ എസ് എസ് പരീക്ഷയെഴുതിയ 17 വിദ്യാർത്ഥികൾ സ്കോളർഷിപ്പിന് അർഹരായിക്കൊണ്ട് വയനാട് ജില്ലയിൽ ഒന്നാം സ്ഥാനം നേടിയെടുത്തു. യു എസ് എസ് സ്കോളർഷിപ്പ് പരീക്ഷയിൽ 8 വിദ്യാർത്ഥികൾ ജേതാക്കളായതോടോപ്പം കെ സി ബി സി യുടെ സന്മാർഗശാസ്ത്ര പരീക്ഷയിൽ സംസ്ഥാനതലത്തിൽ രണ്ടാം സ്ഥാനമെന്ന അഭിമാന നേട്ടവും വിദ്യാലയം കരസ്ഥമാക്കി.

അൽ മോഹിർ അബിക് ടാലന്റ് ടെസ്റ്റിൽ ഉപജില്ലാതലത്തിൽ മൂന്ന് വിദ്യാർത്ഥികളും സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷയിൽ നാല് വിദ്യാർത്ഥികളും വിജയം കരസ്ഥമാക്കി. വിദ്യാരംഗം സംസ്ഥാനതല ശില്പശാലയിലേക്ക് രണ്ടു വിദ്യാർ

ത്ഥികൾ തിരഞ്ഞെടുക്കപ്പെട്ടു. ഭാരത് സ്കൗട്ട് ആൻഡ് ഗൈഡ് ദേശീയ തലത്തിൽ നൽകിവരുന്ന കബ്ബ്സ് ഗോൾപൻ ആരോ അവാർഡിന് ആറ് വിദ്യാർത്ഥികൾ അർഹരായി. വയനാട് ജില്ല യിൽ ഏറ്റവും കൂടുതൽ കുട്ടികൾ കബ്ബ്സ് ഗോൾപൻ ആരോ അവാർഡ് നേടിയത് ഈ വിദ്യാലയത്തിൽ നിന്നാണെന്നത് ശ്രദ്ധേ യമാണ്.

**2. സെന്റ് പോൾസ് എൽ. പി സ്കൂൾ പുതിയിടംകുന്ന്**

2021-2022 അധ്യയനവർഷത്തെ വത്സ ജെ കല്ലോലിൽ സ്മാ രക മെറിറ്റ്കംമീൻസ് സ്കോളർഷിപ്പ് വിതരണം നടത്തി. അതോ ടോപ്പം വിദ്യാലയത്തിലെ വായനചങ്ങാത്തം പരിപാടിയുടെ ഔദ്യോഗിക ഉദ്ഘാടനവും നടത്തപ്പെട്ടു.

**3. സെന്റ് തോമസ് ഹൈസ്കൂൾ നടവയൽ**

2021-2022 അധ്യയനവർഷത്തിൽ എസ് എസ് എൽ സി പരീ ക്ഷയെഴുതുന്ന വിദ്യാർത്ഥികൾക്കായി പരീക്ഷ ഒരുക്ക പ്രോഗ്രാം സംഘടിപ്പിച്ചു. സന്മാർഗശാസ്ത്രം സംസ്ഥാനതല പരീക്ഷയിൽ മൂന്ന് വിദ്യാർത്ഥികൾ ഉന്നതവിജയം കരസ്ഥമാക്കി. വി എം കേശ വൻ നമ്പ്യാർ ആൻഡ് പാർവതി നേത്യാർ സ്മാരക എൻഡോവ് മെന്റ്, വിദ്യാരംഗം കലാസാഹിത്യവേദി ഹൈസ്കൂൾ വിഭാഗം കഥാരചനയിൽ ജില്ലയിൽ ഒന്നാം സ്ഥാനം, സുഗമ ഹിന്ദി പരീ ക്ഷയെഴുതിയ ഇരുപത് വിദ്യാർത്ഥികൾക്ക് A ഗ്രേഡ്, സംസ്കൃത സ്കോളർഷിപ്പിൽ ഉന്നത വിജയം എന്നിവയിലൂടെയും വയനാട് ജില്ലയിൽ ഏറ്റവും കൂടുതൽ യു എസ് എസ് സ്കോളർഷിപ്പ് എന്ന നേട്ടവും കരസ്ഥമാക്കി വിദ്യാർത്ഥികൾ ഈ വിദ്യാലയത്തിന്റെ യശസ്സുയർത്തി. ഈ വർഷത്തെ വനിതാദിനം വ്യത്യസ്തമാർന്ന പരിപാടികളാൽ ആകർഷകമാക്കി. വിവിധയിനങ്ങളിൽ വിജയം കരഥസ്ഥമാക്കിയ വിദ്യാർത്ഥികളെ ആദരിക്കുന്നതിനായി പ്രതിഭാ സംഗമം സംഘടിപ്പിച്ചു. ദീർഘകാലത്തെ സേവനത്തിനുശേഷം വിദ്യാലയത്തിൽനിന്നും വിരമിക്കുന്ന കുര്യാക്കോസ് സാറിനുള്ള യാത്രയയപ്പ് നടത്തി.

**4. അമ്പായത്തോട് യു. പി സ്കൂൾ**

പ്രതിഭോത്സവം 2022 എന്ന പേരിൽ സ്കൂൾവാർഷികം സംഘടിപ്പിച്ചു. യു എസ് എസ്, സംസ്കൃതം സ്കോളർഷിപ്പു കൾ നേടിയ വിദ്യാർത്ഥികളെ ആദരിച്ചു. ഏഴാംക്ലാസ് വിദ്യാർത്ഥി കൾക്കായിയാത്രയയപ്പ് നടത്തി .

**5. ദേവമാതാ എൽ. പി സ്കൂൾ ആടിക്കൊല്ലി**

എൽ എസ് എസ് സ്കോളർഷിപ്പ് പരീക്ഷയിൽ ഒൻപത് വിദ്യാർത്ഥികൾ വിജയം കരസ്ഥമാക്കി.

മൂന്നാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്കായി ആസ്പിരേഷൻ പ്രോഗ്രാം നടത്തി.

മലയാളമനോരമയുടെ നല്ലപാഠം പദ്ധതിയുടെ സാമൂഹ്യപ്രതിബദ്ധതയുള്ള പ്രവർത്തനങ്ങൾക്ക് A+ നേട്ടം ലഭിച്ചു. നല്ലപാഠം, സീപ് എന്നിവയുടെ നേതൃത്വത്തിൽ സഹപാഠികൾക്ക് കൈത്താങ്ങായി നന്മമരം പദ്ധതി ഉദ്ഘാടനം ചെയ്തു. എൽ എസ് എസ് സ്കോളർഷിപ്പ് നേടിയവരെയും ദേശീയതലത്തിൽ ഗോൾപൻ ആരോ പുരസ്കാരം കരസ്ഥമാക്കിയ പൂർവ്വവിദ്യാർഥികളെയും ആദരിച്ചു.

**6. എ. എൽ. പി സ്കൂൾ കണിയാരം**

വിദ്യാർത്ഥികളുടെ അവധിക്കാലം ഉല്ലാസഭരിതമാക്കുന്നതിനായി രക്ഷിതാക്കൾക്ക് ഉല്ലാസഗണിതം, ഗണിതവിജയം എന്നീ പരിശീലനപരിപാടികൾ സംഘടിപ്പിച്ചു. വിദ്യാലയത്തിലെ എൽ എസ് എസ് വിജയികളെ ആദരിച്ചു.

**7. സെന്റ് ജോസഫ്സ് യു. പി സ്കൂൾ കല്ലോടി**

സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷയെഴുതിയ മുഴുവൻ വിദ്യാർത്ഥികളും ഉന്നതവിജയം കരസ്ഥമാക്കി. മലയാള മനോരമ നല്ലപാഠം പദ്ധതിയിലൂടെ നടത്തിയ പ്രവർത്തനങ്ങൾക്ക് സംസ്ഥാനതലത്തിൽ A - ഗ്രേഡ് ലഭിച്ചു. 2021-22 അധ്യയനവർഷം പഠന പാഠ്യേതര രംഗങ്ങളിൽ ഉന്നതവിജയം നേടിയ വിദ്യോർത്ഥികളെ അനുമോദിക്കുന്നതിനോയി പ്രതിഭോത്സവം സംഘടിപ്പിച്ചു. ഏഴാം ക്ലാസ്സിൽനിന്നും പഠനം പൂർത്തിയാക്കി പോകുന്ന വിദ്യാർത്ഥികൾക്ക് യാത്രയയപ്പ് നൽകി.

ഓരോ വിദ്യാലയത്തിന്റെയും യശസ്സുയർത്തുന്ന വിജയങ്ങൾ നേടിയെടുത്ത വിദ്യാർത്ഥികൾക്കും അതിനായി അവർക്ക് പിന്തുണയേകിയ പ്രധാനാധ്യാപകർക്കും അധ്യാപകർക്കും അഭിനന്ദനങ്ങൾ നേരുന്നു. വരും വർഷങ്ങളിൽ ഇനിയുമനേകം അംഗീകാരങ്ങൾ നിങ്ങളെ തേടിയെത്തട്ടെ. പതിറ്റാണ്ടുകൾ നീണ്ട അധ്യാപനജീവിതത്തിൽ നിന്നും വിരമിക്കുന്ന അധ്യാപകർക്കും അനധ്യാപകർക്കും മുന്നോട്ടുള്ള ജീവിതപന്ഥാവിൽ നന്മകൾ ഉണ്ടാകട്ടെ. സഹായസഹകരണങ്ങൾക്ക് അർപ്പണമനോഭാവത്തിന് ഹൃദയപൂർവം നന്ദി.

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ

# Bishop's Programme



***May 2022***

*01 Sunday..........................Eparchial Jubilee Inauguration*
*02 Monday........................Engaged*
*03 Tuesday........................Kunjome: Blessing of FEDAR Facility for language studies*
*04 Wednesday..................Morning: SH Final Profession*
*Afternoon: Bible Convention: Lourdes Matha Church, Pallikunnu*
*05 Thursday.....................Moring: WSSS Meeting of the beneficiaries of Housing Project*
*06 Friday..........................Out of Station*
*08 Sunday..........................Padichira: Parish Jubilee*
*09 Monday........................Out of station*
*10 Tuesday........................MMC Major Seminarians' Vestition*
*11 Wednesday...................Engaged*
*12 Thursday.....................WSSS Annual General Body Meeting*
*13 Friday..........................Out of Station*
*14 Saturday......................Vincentgiri: Silver Jubilee of Sisters*
*15 Sunday..........................Moolepadam Parish Jubilee*
*16 Monday........................Minor Seminary Interview/Local Mangers' Meet Dwaraka*
*17 Tuesday........................Karimbil First Communion*
*18 Wednesday...................Kuzhinilam: Diaconate of Norbertines*
*19 Thursday.....................Engaged*
*20 Friday..........................Out of station*
*21 Saturday......................Dwaraka CEADOM HM Conference*
*22 Sunday..........................S. Bathery: Reception to Bava of the Orthodox Church*

*23 Monday........................Valavayal Holy Mass at Shanthidhara*
*24 Tuesday........................Visitors' Day*
*25 Wednesday................. Engaged*
*26 Thursday......................Camillus Seminary Diaconate*
*27 Friday..........................Engaged*
*28 Saturday......................Marutha Blessing of Cemetery*
*29 Sunday.........................Visitors' day*
*30 Monday........................Engaged*
*31 Tuesday........................Engaged*

************